032
UNIVERSITY LIBRARY 25 OCT 1934 MADRAS

# THE GURUNATHAN.

# ഗുരുനാഥൻ

L. No. 85/15—7—26

1935

| പുസ്തകം 14 | 1110 ചിങ്ങം | ലക്കം 1 |
|---|---|---|

വിഷയവിവരം.


1. സ്വന്തം പ്രസ്താവന ... 1
2. സസ്യജീവിതം ... 2
3. മൃഗാവലോകനം ... 9
4. മനുഷ്യനും ആരോഗ്യവും ... 13
5. ന്യായപ്രകാശിക ... 19
6. ആത്മീയായോധനം ... 26
7. പുതുവത്സരം ... 27
8. ഭാരതം ഇന്നും സചേതനമായിരിക്കുന്നതു് എന്തുകൊണ്ടു്? ... 28
9. അദ്ധ്യാപകന്മാരും രക്ഷാകർത്താക്കന്മാരും ... 35
10. നവവത്സരചിന്തകൾ ... 38
11. ആകെ ഒരു ഒററപ്പാറ ... 41

# V. S. Raman Vaidyar & Bros.,

**SWARAJYA PHARMACY (REGD.)**

**ALWAYE, (Travancore) S. India.**

*Branches:— Chalakudy & Karupadanna (Cochin State)*

## ക്ഷയരോഗികൾക്കു് ഒരു അനുഗ്രഹം.

നിങ്ങളുടെ രോഗത്തിന്ന് ഇതിലും ഫലപ്രദമായ മറെറാരൗഷധം ആയുർവേദത്തിൽ ഇല്ലെന്നു ഞങ്ങൾ ഉറപ്പുപറയുന്നു. ഒരിക്കൽ ഉപയോഗിച്ചു ഫലം അറിയുവിൻ!!

## അജമാംസരസം.

ഇതു് കാശിരാജൻെറ അഭിപ്രായം അനുസരിച്ചുള്ള അജമാംസത്തിൽ, മററനേകം ഔഷധങ്ങൾ ചേത്തു നവീനരീതിയിൽ തയാറാക്കിയിട്ടുള്ള ഒരു വിശിഷ്ടൗഷധമാകുന്നു.

പക്ഷാഘാതം, അപതാനകം, ഗൃദ്ധ്റസി, ബാഹ്വായാമം, അർദ്ദിതം, വാതകണ്ടകം തുടങ്ങിയുള്ള എല്ലാത്തരം വാതരോഗങ്ങളേയും ശമിപ്പിക്കുന്നതുകൂടാതെ പാശ്വശൂലം, ശ്വാസം, കാസം, ഉരക്ഷതം, ഹൃൽശൂലം, ബലക്ഷയം, ധാതുക്ഷയം, അഗ്നിമാന്ദ്യം, അസൃദരം, സ്രാവം, പ്രമേഹം, നാഡീവൈകല്യം നിമിത്തമുണ്ടാകുന്ന ഉന്മാദം, അപസ്മാരം മുതലായ സകലരോഗങ്ങളേയും നശിപ്പിച്ചു ശരീരത്തിന്ന് ഒരു പുതിയ തേജസ്സും, ഓജസ്സും ഉണ്ടാക്കിത്തീക്കുമെന്നുള്ളതിന്നു സംശയമില്ല. ക്ഷയം, ചുമ, എങ്ങൽ തുടങ്ങിയുള്ള ദീഘരോഗങ്ങൾ പിടിപെട്ടു കേവലം അസ്ഥിശേഷന്മാരായി ജീവിതം മുഴുവൻ രോഗശയ്യയിൽ കിടന്നു മരണവേദന അനുഭവിക്കുന്ന മഹാരോഗികൾക്ക ഞങ്ങളുടെ ഈ—

### "അജമാംസരസം"

ഒരു കുപ്പി സേവിച്ചാൽ പൂവ്വാധികം ശരീരശക്തിയും ധാതുവൃദ്ധിയും കാന്തിയും ഉണ്ടാകുന്നതു കൂടാതെ കുതിരക്കുട്ടിയെപ്പോലെ കുതിച്ചുചാടി പ്രവൃത്തി ചെയ്യത്തക്ക ത്രാണിയും ഉണ്ടാകുന്നതാണ്.

പ്രായാനുസരണം അര ഔൺസുമുതൽ ഒരു ഔൺസുവരെ കാലത്തും വൈകുന്നേരവും സേവിക്കുക.

24 ഔൺസുകുപ്പി 1-ക്കു് 2—8—0.

മാനേജർ,

സ്വരാജ്യഫാർമസി (റജിസ്റ്റേഡ്)

ആലുവാ.

UNIVERSITY OF MADRAS 26 OCT 1935
82933
Tm2032:N22
G.5

# ഗുരുനാഥൻ

## പുസ്തകം 14

വിഷയം — 1110-ലെ വിഷയസൂചി — പുറം


അദ്ധ്യാപകന്മാരും രക്ഷാകർത്താക്കന്മാരും ... ... 35
അഗ്നിപർവ്വതങ്ങൾ ... ... 77
അതീതകാലാകാശം അഥവാ അനുഗ്രഹഭിക്ഷ ... ... 113
അജ്ഞാതമായ ഒരംശം ... ... 176
അജ്ഞാനം വിജ്ഞാനമാക്കൽ ... ... 223
അദ്ധ്യാപകന്മാരും ഗ്രാമീണപുനരുദ്ധാരണശ്രമങ്ങളും ... ... 465
ആകെ ഒററപ്പാറ ... ... 41
ആത്മീയായോധനം ... ... 26
ആർ. ഈശ്വരപിള്ളസ്സാർ അവർകൾ ബി. എ. ... ... 65
ഇന്നത്തെ ജർമ്മൻവിദ്യാഭ്യാസം ... ... 229
ഇൻഡ്യയിൽ സാക്ഷരത്വം എങ്ങനെ എത്രകാലംകൊണ്ടു സാർവ്വത്രികമാക്കാം ... ... 551
ഉദയനൻ ... ... 158
ഉദ്ധാരണങ്ങൾ ... ... 286
ഏഴാംക്ലാസ്സിലെ മലയാള ഭാഷാപാഠപുസ്തകങ്ങൾ ... ... 429
ഒരു ശരത്കാലരാത്രി ... ... 227
ഔന്നത്യപാഠവിമർശനം ... ... 106
കുറിപ്പ് ... ... 143
കുറിപ്പുകൾ ... ... 185,237
കൃഷ്ണഗാഥാകർത്താവ് ആര്? ... ... 292
ഗ്രന്ഥശാലകൾ ... ... 253
ചില വിദ്യാഭ്യാസതത്വങ്ങൾ ... ... 280
ചിന്താവിഷ്ടയായ സീത ... ... 111
ജപ്പാനിലെ വിദ്യാഭ്യാസം ... ... 406,445
ജപ്പാൻകാരുടെ ദേശഭക്തി ... ... 500
ജീവിതസഹായവും, വിദ്യാഭ്യാസവും . ... ...167,260,384
ടർക്കിയിലെ വിദ്യാഭ്യാസപരിഷ്കാരം ... ... 373
തിരുവിതാംകൂറിലെ വിദ്യാഭ്യാസമേലദ്ധ്യക്ഷൻ ... ... 577
തൊഴിലില്ലായ്മ പ്രശ്നം ... ... 505.543
ത്രൈമാസികം ... ... 354
ധീരവ്രതം ... ... 474
നവവത്സരചിന്തകൾ ... ... 38
നമ്മുടെ മാതൃഭാഷ ... ... 540
നമ്മുടെ ബാലപാഠക്ലാസ്സ് ... ... 434
നമ്മുടെ ബാലികമാർ അനുകരിക്കേണ്ട ആദർശങ്ങൾ ... ... 95
നമ്മുടെ സംരക്ഷണനയം ... ... 318
നേപ്പാളയുദ്ധം ... ... 452
ന്യായപ്രകാശിക 19, 83, 135, 177, 197, 290, 246, 297,
പരിണാമവാദം ... ... 329
പത്രാധിപപ്രഭാവം അഥവാ കൈരളിയുടെ കാലദോഷം ... ... 128
പണ്ടത്തെ സർവ്വകലാശാലകൾ ... ...458,482,560
പാഠശാലകളിലെ അദ്ധ്യയനസമയം ... ... 87
പുതുവത്സരം ... .. 27

പുസ്തകാഭിപ്രായം ... 91, 189, 233, 316, 572
പുംസ്ത്രീസഹവിദ്യാഭ്യാസം ... ... 192
പൈതലിനോട് ... ... 126
പ്രകൃതിപാഠം; അതിന്റെ ഉദ്ദേശവും പ്രയോജനവും ... ... 114
ഫ്രഫസർ മാക്സ്മുള്ളർ ... ... 181
പ്രയോഗദീപിക ... ... 205
പ്രകൃതിസഖ്യം ... ... 276, 289
പ്രണയവാസന ... ... 245
പ്രായോഗികവിദ്യാഭ്യാസത്തിന്റെ പുതിയ ഗതികൾ ... ... 479
പ്രൈവററ്സ്കൂൾ അദ്ധ്യാപകന്മാരോട് ... ... 363
പ്രൈവററ്സ്കൂൾ അദ്ധ്യാപകന്മാർ ... ... 398
ഭാരതം ഇന്നും സചേതനമായിരിക്കുന്നത് എന്തുകൊണ്ട്? ... ... 28
ഭാഷാപദങ്ങളുടെ സാധുതാസാധുതാവിചാരം ... ... 271
ഭാരതം ... ... 308
ഭാരതീയസ്ത്രീകൾക്ക് അവശ്യം വേണ്ട വിദ്യാഭ്യാസം ... ... 335
ഭൂകമ്പം ... ... 376
മനുഷ്യനും ആരോഗ്യവും ... ... 13
മനുഷ്യസ്വഭാവത്തിന്റെ മാററം ... ... 49
മനുഷ്യന്റെ അണിമയും മഹിമയും ... ... 97,148
മരണവ്യാപാരിയായ ഒരു മഹാമനുഷ്യൻ ... ... 311
മലപോലെ വളത്തായ്‌വിൻ മനീഷിതങ്ങൾ ... ... 403
മഹദ്വാക്യങ്ങൾ ... ... 528
മാതൃഭാഷയുടെ തൃപ്പാദങ്ങളിൽ ... ... 411
മൃഗാവലോകനം ... ... 9, 80, 103
മോഗാവിദ്യാലയം ... ... 418
യഥാർത്ഥമായ സമ്പത്തും സൗഖ്യവും ... ... 493
യന്ത്രവും മനുഷ്യനും ... ... 557
രാധയുടെ രാഗം ... ... 201
ലോകം; ഉല്പത്തിയും പരിണാമവും ... ...262,302,346
വർത്തമാനപത്രങ്ങൾ ... ... 144,240
വിദ്യാർത്ഥികളും നോട്ടുബുക്കുകളും ... ... 314
വിദ്യാലയവും, ലോകവും ... ... 336
വില്യംഷേക്സ്പിയർ ... ... 391, 468
വിദ്യാഭ്യാസത്തിലെ ചില ആദർശമാററങ്ങൾ ... ... 424
വിദ്യാലയങ്ങൾവഴിക്കുള്ള ഗ്രാമോദ്ധാരണം ... ... 519
വിരഹഭീതി ... ... 538
വൈരൂപ്യത്തിൽ വിജ്ഞാനസൗന്ദര്യം ... ... 379, 439
ശ്രീരാമായണവും ഏഴാംക്ലാസ്സ് വിദ്യാർത്ഥികളും ... ... 69
ശ്രീമാൻ ആർ. ഈശ്വരപിള്ള അവർകൾ ... ... 170, 514
സസ്യജീവിതം ... .. 2
സമുദായാഭിവൃദ്ധിയിൽ അദ്ധ്യാപകന്മാരുടെ സ്ഥാനം ... ... 56
സരളയുടെ സമ്മതം ... ... 121
സർക്കാർ വിദ്യാഭ്യാസനയം; തിരുവിതാംകൂർ ... ... 342
സഹവിദ്യാഭ്യാസം ... ... 431
സാഹിത്യത്തിന്റെ ഔന്നത്യം ... ... 426
സുവിശേഷം ... ... 489, 534
സോവിയററ്റഷ്യ ... ... 530
സ്കൂൾലൈബ്രറി ... ... 139
സ്വന്തം പ്രസ്താവന ... ... 1
ഹൃദയഗീത ... ... 174

25 OCT 1934
MADRAS

# ചില നല്ല പുസ്തകങ്ങൾ.

| | | | |
|---|---|---|---|
| കേസരി (വേങ്ങയിൽ നായനാർ) 1934-ലെ | | ക. | ണ. |
| ബി. ഏ. പരീക്ഷയ്ക്കുള്ള പാഠപുസ്തകം | ... | 1 | 0 |
| ഇന്ദുലേഖ (ഒ. ചന്തുമേനോൻ) | ... | 1 | 8 |
| ജ്ഞാനവാസിഷ്ഠം (ചിറമ്മൽ വരവൂർ ശാമുമേനോൻ) | ... | 2 | 0 |
| ദുരന്തദുശ്ശങ്ക (കൈനിക്കര കുമാരപിള്ള ബി. ഏ., എൽ. ടി.) | ... | 1 | 4 |
| പ്രയോഗസമുച്ചയം [വിഷവൈദ്യം] (കൊച്ചുണ്ണിത്തമ്പുരാൻ) | ... | 1 | 4 |
| ശാർങ്ഗധരസംഹിതാ (വൈദ്യപ്രിയാവ്യാഖ്യാനസഹിതം) | ... | 2 | 0 |
| ദാമ്പത്യരത്നം | ... | 2 | 0 |
| വള്ളത്തോൾ ഗ്രന്ഥവിഹാരനിരൂപണം | ... | 0 | 3 |
| ശുക്രനീതി (പരിഭാഷ) | ... | 1 | 0 |
| ഒറവങ്കരകൃതികൾ 1-ാംഭാഗം | ... | 1 | 4 |
| കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാന്റെ കൃതികൾ | | | |
| 1-ാംഭാഗം | ... | 1 | 0 |
| 2-ാംഭാഗം | ... | 1 | 4 |
| 3-ാംഭാഗം | ... | 1 | 0 |
| 4-ാംഭാഗം | ... | 0 | 12 |
| വീരമാർത്താണ്ഡൻ നോവൽ | ... | 1 | 8 |
| കമ്പോളബാലിക | ... | 1 | 4 |
| എഫ്. എം. എസ്സ്. യാത്ര | ... | 0 | 8 |
| പഞ്ചകല്യാണി | ... | 0 | 8 |
| വേലുത്തമ്പിദളവ (കൈനിക്കര പത്മനാഭപിള്ള) | ... | 0 | 12 |
| മനസ്സിന്റെ മക്കടത്വം | ... | 0 | 12 |
| സർവ്വരോഗചികിത്സാരത്നം | ... | 1 | 8 |
| ശ്രീചക്രപൂജാകല്പം (ചട്ടമ്പിസ്വാമികൾ) | ... | 0 | 8 |
| ശ്രീനീലകണ്ഠതീർത്ഥപാദസ്വാമിചരിത്രസമുച്ചയം | ... | 2 | 8 |
| ഹരിശ്ചന്ദ്രൻ | ... | 0 | 12 |
| ആശാഫലം | ... | 1 | 0 |
| കവിതാരാമം | ... | 0 | 7 |
| ശ്രീമൽഭഗവൽഗീത (കെ. എം.) | ... | 5 | 0 |
| കള്ളന്റെ കള്ളൻ (കു: ജനാർദ്ദനമേനോൻ) | ... | 1 | 0 |
| ശ്രീരാമൻ ” | ... | 1 | 0 |
| ദുർഗ്ഗേശനന്ദിനി | ... | 1 | 0 |
| ഭക്തിയോഗം (വിവേകാനന്ദസ്വാമികൾ) | ... | 0 | 12 |
| കർമ്മയോഗം | ... | 0 | 12 |

ഈശ്വരവിലാസം പുസ്തകശാല, പറവൂർ.

# രാജാകേശവദാസ്.

വീരാരാധന ഗ്രന്ഥാവലി നമ്പർ 2.

ഗ്രന്ഥകൎത്താ:— ആർ. ഈശ്വരപിള്ള ബി. ഏ.

ദാരിദ്ര്യത്തിൽ ജനിച്ചും, സ്വല്പമായ വിദ്യാഭ്യാസം മാത്രം ലഭിച്ചും, പലവിധ കഷ്ടതകൾ സഹിച്ചും, സ്വപ്രയത്നം, സ്വകൃത്യബോധം, നീതിനിഷ്ഠ, കുശാഗ്രബുദ്ധി, സ്വാമിഭക്തി ഇവകൾകൊണ്ടു മാത്രം ലോകത്തിൽ ഉയൎന്ന പ്രജകളിൽ ഒരാൾക്കു ലഭിക്കാൻ സാധിക്കുന്ന ഏറ്റവും ഉന്നതപദം പ്രാപിച്ച സമൃദ്ധിയിങ്കലും അനുദ്ധതനായ ഈ സൽപുരുഷന്റെ ചരിത്രം ആൎക്കും ഒരു വിശിഷ്ടമായ സാധനപാഠമായിത്തന്നെ ഇരിക്കും.

വില 8 അണ.

# ശ്രീരാമൻ.

ഗ്രന്ഥകൎത്താ:— ആർ. ഈശ്വരപിള്ള. ബി. ഏ.

പുത്രനായൊ, ഭ്രാതാവായൊ, യോദ്ധാവായൊ, തപസ്വിയായൊ, ഭൎത്താവായൊ, രാജാവായൊ, മിത്രമായൊ, ശത്രുവായൊ ഉള്ള ഏതൊരു നിലയാകട്ടെ, ബ്രഹ്മചൎയ്യം മുതലായ മൂന്നാശ്രമാവസ്ഥകളിൽ ഏതെങ്കിലുമാകട്ടെ, ധൎമ്മവീൎയ്യനായ ശ്രീരാമനോടു തുല്യനായിട്ട് ഒരുപദേഷ്ടാവും, രാമായണം പോലെ അത്ര രസാലങ്കാരസാരോപദേശഭൂയിഷ്ഠമായ ഒരു കാവ്യവും, വാല്മീകിയെപ്പോലെ ഒരു കവിയും ഇല്ലെന്നു സൎവ്വസമ്മതമാണ്.

വില 8 അണ.

# പാഠപുസ്തകം.

ചിന്താസന്താനം അഞ്ചാംഭാഗം. 1935-ലെ സ്കൂൾഫൈനൽ പരീക്ഷയ്ക്കു തിരഞ്ഞെടുക്കപ്പെട്ട ഉപന്യാസങ്ങൾ മാത്രം അടങ്ങിയതു്.

**വില ൰ ചക്രമായി കുറച്ചിരിക്കുന്നു.**

ഈശ്വരവിലാസം പുസ്തകശാല, പറവൂർ.

UNIVERSITY LIBRARY
25 OCT. 1934
MADRAS

“ഗുരുനാഥൻ അനുബന്ധം”.



ആധുനികഗദ്യകവികളിൽ ഗണനീയനായ

രാമവൎമ്മ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടു്.

UNIVERSITY LIBRARY
25 OCT 1934
MADRAS

# ഗുരുനാഥൻ

| പുസ്തകം 14 | 1110 ചിങ്ങം | ലക്കം 1 |
|---|---|---|

## സ്വന്തം പ്രസ്താവന

"ഗുരുനാഥൻ" പതിന്നാലാമത്തെ വയസ്സിലേക്കു കാൽവയ്ക്കുന്ന ഘട്ടമാണ് ഈ അവസരം. ഇതിന്റെ വളർച്ചയെ സോൽക്കണ്ഠം പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന ഒരാൾക്ക് അതിപ്പോൾ ചതുർദ്ദശവയസ്സിലേക്കു പ്രവേശിച്ചിരിക്കുന്നു എന്നറിയുന്നതു ചാരിതാർത്ഥ്യജനകമായിരിക്കുമെന്നുള്ളതിനു സംശയമില്ല. ഒരു പുരുഷായുസ്സിനെ അപേക്ഷിച്ചുനോക്കുമ്പോൾ 14 കൊല്ലം അത്ര ഗണനീയമല്ലെങ്കിലും മൂലധനമൊന്നുമില്ലാതെയും, മുതലാളിമാരുടെ പിൻബലമില്ലാതെയും തുടങ്ങിയ ഈ മാസിക കേവലം സാധുക്കളെ മാത്രം അവലംബിച്ച് ഈ 14 കൊല്ലം ജീവിച്ചു. എന്നുള്ളതുകൊണ്ടു പ്രവർത്തകന്മാർക്കും അല്പം കൃതാർത്ഥതയ്ക്കു വക നൽകുന്നുണ്ട്. എന്നുതന്നെയല്ല, മാസികാപത്രങ്ങളിൽ പലതും അകാലമരണം പ്രാപിക്കുന്നതു സാധാരണമാണല്ലോ. എന്നാൽ ഈ മാസികയുടെ ഇതേവരെയുള്ള വളർച്ചയ്ക്കു നിദാനം "ഈശ്വര"സാന്നിദ്ധ്യം ഒന്നുമാത്രമാണ്. ഞങ്ങളുടെ ലേഖകന്മാരുടെ നിസ്വാർത്ഥമായ സഹായവും അനിർവചനീയമാകുന്നു. അവരോടു ഞങ്ങൾ കടപ്പെട്ടിരിക്കുന്നു. പത്രബന്ധുക്കളായ അദ്ധ്യാപകന്മാരോടും, മററു മാന്യന്മാരോടും അവരുടെ സന്മനോഭാവത്തിനും ഔദാര്യത്തിനും ഞങ്ങൾ നന്ദിപ്രകാശിപ്പിക്കുന്നതിനായി ഈ അവസരത്തെ ഉപയോഗിച്ചുകൊള്ളട്ടെ.

ഒന്നുരണ്ടു ദൂനതകൾകൂടി ഇവിടെ പ്രസ്താവിക്കേണ്ടതുണ്ട്. ഒന്നാമതു വിദ്യാഭ്യാസവകുപ്പിലെ ഒരു തടിച്ച കൃഷ്ണസർപ്പത്തിന്റെ മൂർഖത—അനീതിയായും, തത്വവിരുദ്ധമായും പെരുമാറി പ്രസിദ്ധി സമ്പാദിച്ചിട്ടുള്ള അദ്ദേഹത്തിന്റെ അപദാനങ്ങൾ മൂലം ഗുരുനാഥനും ചില കഷ്ടനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. വിദ്യാഭ്യാസഡിപ്പാർട്ടുമെന്റു മററെല്ലാ ഡിപ്പാർട്ടുമെൻ

റിന്റേയും പരിശുദ്ധമായ ഒരു ഉറവ് ആയിരിക്കേണ്ടതാണ്. അവിടെ ഈ വക മാലിന്യങ്ങൾ വന്നുകൂടാതെ പരിപാലിക്കേണ്ടതു രാജ്യക്ഷേമകാംക്ഷയുള്ള എല്ലാവരുടേയും കർത്തവ്യമാകുന്നു. ഈവിഷയത്തിൽ വർഗ്ഗീയബുദ്ധിക്കു സ്ഥാനവുമില്ല.

രണ്ടാമത്തെ സംഗതി മാസികവരുത്തി സഹായിക്കാമെന്നു വാഗ്ദാനം ചെയ്കയും, വരിസംഖ്യ ആവശ്യപ്പെട്ടാൽ അയച്ചുതരാതിരിക്കയും, വി. പി. അയയ്ക്കുമ്പോൾ നിഷേധിക്കയും ചെയ്യുന്ന ഞങ്ങളുടെ പത്രബന്ധുക്കളിൽ ചിലർ ചെയ്യുന്ന നഷ്ടമാണ്. അവരുടെ ആ പ്രവൃത്തി മൂലം ഞങ്ങൾക്കു വന്നുകൂടുന്ന നഷ്ടത്തെക്കുറിച്ചു ദയാപൂർവ്വം അവർ ആലോചിക്കണമെന്നു പ്രാർത്ഥിക്കുന്നു. അതിനും പുറമെ ഒരു വിദ്യാലയത്തിൽ ഒരു മാസികയെങ്കിലും വരുത്തി സഹായിക്കണമെന്ന് അദ്ധ്യാപകന്മാരോടു വിനയപൂർവ്വം പ്രാർത്ഥിക്കുകയും അവർക്കു ഭാസുരമായ ഭാവിയെ പ്രതീക്ഷിക്കയും ചെയ്യുന്നു.

പതിവുപോലെ ഏതാനും മാസികകൾ വാങ്ങി വി. എം. സ്കൂളുകളിൽ വിതരണം ചെയ്തു സഹായിക്കുന്ന വിദ്യാലയാധികൃതന്മാരോടു ഞങ്ങൾക്കു ഹൃദയപൂർവ്വമായ നന്ദിയുണ്ട്. അവരുടെ ദയാബുദ്ധി പ്രൈമറി സ്കൂളിൽകൂടി പതിയണമെന്ന് അപേക്ഷിക്കുന്നു.

“ഈശ്വര”ന്റെ അനുഗ്രഹവും, സത്തുക്കളുടെ സഹകരണവും സമ്പാദിച്ച് ഉത്തരോത്തരം അഭിവൃദ്ധ്യുന്മുഖമായി വളരട്ടെ എന്നുള്ള പ്രാർത്ഥനയോടുകൂടി ഗുരുനാഥന്റെ 14-ാം വയസ്സിലെ ഈ പ്രാരംഭപ്രസ്താവനയെ ഇവിടെ ഉപസംഹരിച്ചുകൊള്ളുന്നു.

---

# സസ്യജീവിതം.

(വി. കെ. രാമൻമേനോൻ ബി. ഏ., എൽ. ടി.)

മനുഷ്യരും താണതരം ജന്തുക്കളും സസ്യങ്ങളെക്കൊണ്ടാണ് ഉപജീവിക്കുന്നതു്. സസ്യങ്ങൾ സൂര്യരശ്മിയെ ഗ്രഹിച്ചു ഭക്ഷണപദാർത്ഥങ്ങൾ സംഭരിക്കുന്നു. സൂര്യരശ്മിയെ ഉപയോഗപ്പെടുത്തുവാനുള്ള ശക്തി സസ്യങ്ങളുടെ പച്ചനിറത്തിലുള്ള അംഗത്തിനു പ്രകൃത്യാ ഉണ്ട്. ഭക്ഷണപദാ

ത്ഥം കൂടാതെ ഒരു പ്രാണിക്കും ലോകത്തിൽ ജീവിക്കാൻ സാധിക്കില്ലെന്നു പറയേണ്ടതില്ലല്ലൊ. ആ ഭക്ഷണപദാർത്ഥം സസ്യങ്ങളാണു സൂൎയ്യരശ്മിയുടെ സഹായത്താൽ സംഭരിക്കുന്നതും. അതിനാൽ ഭൂമിയിൽ ആദ്യമായി ഉണ്ടായതു സസ്യങ്ങളാണെന്നുള്ളതിന്നു സംശയമില്ല.

ജലത്തിൽനിന്നും അംഗാരാമ്ലവായുവിൽനിന്നും സൂൎയ്യപ്രകാശത്തിന്റെ സഹായത്താൽ ജീവസാമഗ്രിയെ സൃഷ്ടിക്കാനുള്ള ശക്തി സസ്യങ്ങൾക്കുമാത്രമെ ഉള്ളു. അതിനാൽ ജീവന്റെ മൂലകാരണം സസ്യങ്ങൾ തന്നെയാണ്. അവയെ കൂടാതെ പ്രപഞ്ചത്തിൽ ഒരു പ്രാണിയും ഉണ്ടായിരിക്കാൻ തരമില്ല. സൂൎയ്യരശ്മിയെ സംഗ്രഹിപ്പാനും ഉപയോഗപ്പെടുത്താനും സസ്യങ്ങൾക്കു മാത്രമെ അറിഞ്ഞുകൂട. മററു ജീവികൾ സസ്യനിൎമ്മിതമായ ജീവോപകരണത്തെ ഉൾക്കൊണ്ട്, ജലം, അംഗരാമ്ലം എന്നീ മൂതദ്രവ്യങ്ങളായി വായുവിലേക്കു ബഹിഷ്കരിക്കുകയാണു ചെയ്യുന്നതു്. മേൽപറഞ്ഞ കാരണങ്ങളാൽ സസ്യങ്ങളുണ്ടായതിന്റെ ശേഷമാണു മനുഷ്യരും ഇതരജന്തുക്കളും ഭൂമിയിൽ അധിവസിക്കാൻ തുടങ്ങിയതെന്നുള്ളതു സ്പഷ്ടമാണല്ലൊ.

എന്നാൽ സസ്യങ്ങൾ എങ്ങനെ ഉണ്ടായി? ഇതിനുത്തരം പറയുന്നതു് അത്ര എളുപ്പമല്ല. ഭൂമി ശൈശവാവസ്ഥയിലായിരുന്നപ്പോൾ അതിലെ പദാർത്ഥങ്ങൾ ഇപ്പോഴത്തേക്കാൾ ശുദ്ധവും സ്നിഗ്ദ്ധവുമായിരിക്കണമെന്നു് ഊഹിക്കാൻ വഴിയുണ്ട്. അക്കാലത്തു സൂൎയ്യരശ്മിയുടെ പ്രഭാവത്താൽ അണുക്കൾ തമ്മിൽ ചില സങ്കലനങ്ങൾ ഉണ്ടാവുകയും അതിന്റെ ഫലമായി ജീവനുള്ള പദാൎത്ഥങ്ങൾ ഉത്ഭവിക്കാനിടയാവുകയും ചെയ്തിരിക്കണമെന്നാണു ചില ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. ഇതിൽനിന്നു ജീവൻ സ്വയോല്പാദകമെന്നു വരുന്നു. സ്വയോല്പാദനം ഒരിക്കലും സംഭാവ്യമല്ലെന്നു മററു ചില വിദ്വാന്മാർ വാദിക്കുന്നുണ്ട്. എന്നാൽ ഈ വിഷയത്തെപ്പററി ദീർഘമായി ചിന്തിച്ചിട്ടുള്ള വേറേ ചിലർ സ്വയോല്പാദനം ആദ്യകാലത്തു ചില പ്രത്യേകപരിതസ്ഥിതികളിൽ ഉണ്ടായിട്ടുണ്ടെന്നു പറയുന്നതിൽ അബദ്ധമൊന്നുമില്ലെന്നു് അഭിപ്രായപ്പെടുന്നു. വാസ്തവം ഏതു തരത്തിലായിരുന്നാലും ഇക്കാലത്തു് ഏതു ജീവിയും മറെറാരു ജീവിയിൽനിന്നൊ വേറെ രണ്ടു ജീവികളുടെ സംയോഗത്തിൽനിന്നൊ മാത്രമെ ഉത്ഭവിക്കയുള്ളു എന്നു വിചാരിപ്പാൻ കാരണമുണ്ട്.

സസ്യം സൂൎയ്യരശ്മിയുടെ സഹായത്താൽ ജലത്തിൽനിന്നും അംഗാരാമ്ലത്തിൽനിന്നും ജീവനുള്ള പദാർത്ഥത്തെ നിൎമ്മിക്കാനുള്ള ഒരു യന്ത്രമാകുന്നു. സൂൎയ്യരശ്മി ഏതുവിധേനയെങ്കിലും ചെടികളിൽ പതിക്കുന്ന കാല

ത്തോളം അവ ഇലകൾമൂലം വായുവിൽ നിന്ന് അംഗാരാമ്ലവും വേരുകൾവഴി മണ്ണിൽനിന്ന ജലവും ഉൾക്കൊള്ളുകയും പുതിയ ജീവപദാൎത്ഥങ്ങളെ സൃഷ്ടിക്കയും ചെയ്തുകൊണ്ടിരിക്കും. ഇങ്ങനെ ചെടികൾ എപ്പോഴും വളൎന്നുകൊണ്ടിരിക്കുന്നു. ഒരു ചെടി ഇങ്ങനെ വളൎന്നുവരികയാണെങ്കിൽ കാലക്രമത്തിൽ അതിന്റെ വേരിന് അതിനെ താങ്ങുവാൻ ശക്തിയില്ലാതെ വരികയും അപ്പോൾ അതു രണ്ടായി പിളരുകയും ഓരോന്നും ഓരോ പ്രത്യേക ചെടികളായി തീരുകയും ചെയ്യുന്നു. ഇതാണ് ഉൽപാദനം എന്നു പറയുന്നതിന്റെ വാസ്തവമായ ഉല്പത്തി. ആദ്യകാലത്ത് ഉല്പാദനാവയവങ്ങളൊന്നും അവയ്ക്കുണ്ടായിരിക്കയില്ല. ഇങ്ങനെ സസ്യങ്ങൾ വൎദ്ധിച്ചുവരുമ്പോൾ വെളിച്ചവും വായുവും ലഭിക്കുന്നതിന്ന് അവ തമ്മിൽ മത്സരമുണ്ടാകുന്നു. ചില സസ്യങ്ങൾക്കു വെളിച്ചവും വായുവും ലഭിക്കുന്നതിന്ന പ്രത്യേക സൗകൎയ്യങ്ങൾ യദൃച്ഛയാ ലഭിക്കയും അവയ്ക്കു മററുള്ളവയേക്കാൾ അധികം സന്താനങ്ങളുണ്ടാവുകയും ചെയ്യുന്നുണ്ട്. ഇതിന്നും പുറമെ പരിതസ്ഥിതികളുടെ പ്രാബല്യത്താലും മററു ചില സംഗതികളാലും സസ്യങ്ങൾ തമ്മിൽ ആകൃതിയിലും, വൎണ്ണത്തിലും, വളൎച്ചയിലും വ്യത്യാസങ്ങളുണ്ടാവുകയും ആ വ്യത്യാസങ്ങളനുസരിച്ചു. ചിലതുകൾക്ക് അംഗാരാമ്ലവും വെളിച്ചവും ലഭിക്കുന്നതിന്ന കൂടുതൽ പ്രയാസമൊ എളുപ്പമൊ ഉണ്ടാവുകയും ചെയ്യുന്നു. വെളിച്ചവും വായുവും ലഭിക്കാൻ സൗകൎയ്യമുള്ള സസ്യങ്ങൾ ജീവിക്കയും സന്താനങ്ങളെ ഉല്പാദിപ്പിക്കുകയും മററുള്ളവ കാലക്രമത്തിൽ നശിക്കയുമാണു ചെയ്യുന്നത്. ജീവിതമത്സരത്തിൽ ശക്തിയുള്ളവ മാത്രം അവശേഷിക്കുമെന്നുള്ളതു പ്രകൃതിനിയമമാണ്. അതിനാൽ ഭൂമിക്കിടമുള്ളതിലധികം സസ്യങ്ങൾ വളരുന്നുണ്ടെങ്കിലും പരിതസ്ഥിതികൾക്ക് അനുസരണമായി വളരുവാൻ സാധിക്കുന്നവയ്ക്കുമാത്രമെ ജീവിതരണത്തിൽ വിജയം സിദ്ധിക്കുയും സന്താനങ്ങളെ ഉല്പാദിപ്പിക്കാൻ സാധിക്കയും ചെയ്യുന്നുള്ളു എന്നു സ്പഷ്ടമാകുന്നുണ്ടല്ലോ. ജീവിതമത്സരത്തിൽ നിന്നു മനുഷ്യരെപ്പോലെതന്നെ സസ്യങ്ങളും പല പാഠങ്ങളും ഗ്രഹിക്കുന്നതായി കാണാം. ആഹാരസമ്പാദനത്തിന്നും സന്തത്യുല്പാദനത്തിന്നും ആത്മരക്ഷയ്ക്കും പല ഉപായങ്ങൾ അവ കൈക്കൊള്ളുന്നുണ്ട്. ഇതാലോചിക്കുമ്പോൾ സസ്യങ്ങളുടേയും മനുഷ്യരുൾപ്പടെ ഇതരജീവികളുടേയും പ്രകൃതിക്കും ജീവിതരീതിക്കും തമ്മിൽ വലിയ സാമ്യമുണ്ടെന്നു കാണാം.

ചെടികൾക്കു ചലനങ്ങളും വികാരങ്ങളും ഇല്ലെന്നു വളരെ കാലത്തോളം ആളുകൾ വിശ്വസിച്ചിരുന്നു. എന്നാൽ അവയ്ക്ക് അതു രണ്ടുമുണ്ടെന്നു പ്രസിദ്ധശാസ്ത്രജ്ഞനായ ബോസ് തെളിയിച്ചിട്ടുണ്ട്. പക്ഷെ അവയുടെ അംശങ്ങളെ ഒരു നിശ്ചേതനപദാൎത്ഥം കൊണ്ട് ആവരണം ചെ

യിട്ടുള്ളതിനാൽ അതുകൾ അത്ര ദൃശ്യമാകുന്നില്ലെന്നേയുള്ളൂ. ക്രണം മുതലായ ചെടികൾക്ക് ആദ്യകാലത്ത് ഈ ആവരണമില്ലാത്തതുകൊണ്ടു മററു പ്രാണികളെപ്പോലെ തന്നെ അക്കാലത്തു ചലിക്കാൻ കഴിയുന്നതാകുന്നു. ജീവിതത്തിന്ന് അത്യാവശ്യമായ വെളിച്ചം ലഭിക്കുന്നതിന്നും ആഹാരസമ്പാദനത്തിന്നും സന്തത്യുല്പാദനത്തിന്നും ആത്മരക്ഷയ്ക്കും വേണ്ടിയാണ് അവ ചലിക്കുന്നതു്. ഈ സംഗതി ദൃഷ്ടാന്തങ്ങളെക്കൊണ്ടു വ്യക്തമാക്കാം.

## വെളിച്ചത്തിന്നുവേണ്ടി.

ഒരു ചെറിയ ചെടിയെ ചട്ടികൊണ്ട് അടച്ചാൽ വെളിച്ചവും കാററും കിട്ടാതെ അതു് ഉണങ്ങി പോകുന്നതാണ്. എന്നാൽചട്ടിക്കു എവിടെയെങ്കിലും ഒരു ദ്വാരമുണ്ടെങ്കിൽ ആ ദ്വാരത്തിൽക്കൂടി അതിൻെറ അററം പുറത്തു കടക്കുന്നതുമാകുന്നു. പുഷ്പങ്ങൾ സാധാരണയായി സൂര്യന്ന് അഭിമുഖമായി വിടൎന്നു നിൽക്കുന്നതാകുന്നു. സൂര്യോദയത്തിൽ അവ കിഴക്കോട്ടും അസ്തമനസമയത്ത് പടിഞ്ഞാട്ടും ചായുന്നു. ചില പ്രത്യേക കാരണങ്ങളാൽ ഇതിന്ന വിപരീതമായി പ്രവൎത്തിക്കുന്ന ചെടികളും ഇല്ലെന്നില്ല. ആവശ്യമുള്ള വെളിച്ചം ലഭിക്കുന്നതിനുള്ള ചലനങ്ങളാണ് ഇവ. ചില പുഷ്പങ്ങളിൽ സൂര്യരശ്മി പതിക്കുന്നതു ദോഷകരമാകയാൽ അവ പകൽ സമയത്തു കൂമ്പുകയും രാത്രി വിടരുകയും ചെയ്യുന്നുണ്ട്.

## സന്തത്യുല്പാദനം.

ബത്ത്‌വർട് എന്ന ചെടിയുടെ പുഷ്പം ഒരു കുഴൽപോലെയിരിക്കും. അതു സാധാരണയായി നിവൎന്നു മേൽപ്പോട്ട് അഭിമുഖമായി നിൽക്കുന്നതാണ്. പ്രാണികൾ അതിന്നുള്ളിൽ പ്രവേശിച്ചു മധു പാനംചെയ്യുമ്പോൾ അതിലെ പരാഗം അവയുടെ അംഗങ്ങളിൽ പററുകയും ആ പരാഗം ഗൎഭകേസരത്തിൽ പതിക്കുമ്പോൾ ബീജോല്പാദനമുണ്ടാവുകയും ചെയ്യുന്നു. പിന്നീട് അതു താണു തൂങ്ങിനിൽക്കുകയും നാവുപോലെ നീണ്ടു നിൽക്കുന്ന അതിൻെറ ഒരംശം യാതൊരു പ്രാണിയും അകത്തു പ്രവേശിച്ചു ബീജനാശം വരുത്താതിരിക്കത്തക്കവണ്ണം അതിൻെറ മുഖദ്വാരത്തെ അടയ്ക്കുകയും ചെയ്യുന്നു. മററു പല സസ്യങ്ങളും ബീജോല്പാദനാൎത്ഥം പ്രാണികളെ ആകൎഷിക്കുന്നതിന്ന പല ഉപായങ്ങളും കൈക്കൊള്ളുന്നതായി ഡാർവിൻ എന്ന ശാസ്ത്രജ്ഞൻ കാണിച്ചിട്ടുണ്ട്.

## ആഹാരസമ്പാദനം.

സസ്യങ്ങൾക്ക് ആഹാരം ശേഖരിക്കുന്നതിന്ന ജലം അത്യാവശ്യമാണല്ലോ. ഒരു സസ്യത്തിന്നു വേണ്ടുന്ന ഭക്ഷണസാധനം അതിൻെറ എല്ലാ

അംശങ്ങൾക്കും എത്തിച്ചു കൊടുക്കുന്ന കൃത്യം നിൎവ്വഹിക്കുന്നതു് അതിൻെറ വേരുകളാകുന്നു. വെള്ളം എളുപ്പത്തിൽ ലഭിക്കാൻ പ്രയാസമായിട്ടുള്ള കാലത്തു് അതിൻെറ വേരുകൾ വെള്ളമുള്ള സ്ഥലത്തെത്തുന്നതുവരേ കീഴ്പോട്ടു ഓടുന്നതാണു്. ചന്ദനമരം വളരുമ്പോൾ ആവശ്യമുള്ള ഭക്ഷണസാധനം അതിൻെറ വേരുകൾക്കു ശേഖരിക്കാൻ സാധിക്കാത്തതുകൊണ്ടു സമീപത്തുള്ള വൃക്ഷങ്ങളുടെ വേരുകളിൽ നിന്നു വേണ്ട ഭക്ഷണസാധനം വലിച്ചെടുക്കുന്നു. ആ വൃക്ഷങ്ങൾ മുറിച്ചു കളഞ്ഞാൽ മരം ഉണങ്ങിപ്പോകുന്നതുമാണു്. എന്നാൽ വെള്ളവും വായുവും മാത്രമല്ല സസ്യത്തിൻെറ ഭക്ഷണസാധനങ്ങൾ. പ്രാണിഭുക്കുകളായ ചെടികളുണ്ടു്. അവ പ്രാണികളെ പിടിക്കാൻ പ്രയോഗിക്കുന്ന മാൎഗ്ഗങ്ങൾ അത്ഭുതകരങ്ങളാകുന്നു. പരന്ത്രീസ് രാജ്യത്തെ ചളിപ്രദേശങ്ങളിൽ ഡ്രോസരസ് എന്ന ഒരു തരം ചെടിയുണ്ടു്. ചക്രാകൃതിയിലുള്ള അതിൻെറ ഇലകളുടെ വക്കത്തും ഉപരിഭാഗത്തും നീണ്ടതും ഗോളാകൃതിയിലവസാനിക്കുന്നതുമായ ചില അംഗങ്ങളുണ്ടു്. അവയെ സ്പൎശിനികൾ എന്നു പറയും. ഏതെങ്കിലും ഒരു പ്രാണി ഇലയുടെ വക്കത്തു വന്നിരുന്നാൽ ഗോളാകൃതിയിലുള്ള അംശത്തിൽ നിന്നു ഊറി വരുന്ന ഒരു ദ്രാവകം അതിനെ ഇലയോടു് ഒട്ടിപ്പിക്കുകയും തത്സമയത്തു വക്കത്തുള്ള എല്ലാ സ്പൎശിനികളും സാവധാനത്തിൽ ചാഞ്ഞുവന്നു പ്രാണിയെ ബന്ധനസ്ഥനാക്കുകയും ചെയ്യുന്നു. ആ പ്രാണിയുടെ കഴമ്പെല്ലാം സസ്യം ഭക്ഷിച്ചു കഴിഞ്ഞതിൻെറ ശേഷം സ്പൎശിനികൾ പൂൎവ്വസ്ഥിതിയെ പ്രാപിക്കുന്നു. അമേരിക്കയിൽ "ഈച്ചക്കണി" എന്നു പേരായ ഒരു ചെടിയുണ്ടു്. അതിൻെറ ഇലയുടെ വക്കത്തു പല്ലുകൾപോലെയുള്ള അംഗങ്ങളുണ്ടു്. ഇലയുടെ ഓരോ വശത്തും മുമ്മൂന്നു സ്പൎശനശക്തിയുള്ള രോമങ്ങളുണ്ടു്. വല്ല പ്രാണിയും ഏതെങ്കിലും ഒരു രോമത്തെ സ്പൎശിച്ചാൽ തൽക്ഷണം ഇലയുടെ രണ്ടു വശങ്ങളും ഒന്നിച്ചു കൂടുകയും പല്ലുകൾകൊണ്ടു് അതിനെ ഇറുക്കുകയും ചെയ്യുന്നു. പ്രാണിയുടെ സാരാംശം മുഴുവൻ ഭക്ഷിച്ചല്ലാതെ ഇല വിടരുന്നതല്ല. ഇംഗ്ലണ്ടിലെ ചില തടാകങ്ങളിലും കുളങ്ങളിലുമുള്ള ജലസസ്യങ്ങൾ കണിവെച്ചു ചെറിയ മത്സങ്ങളെ പിടിക്കുന്നുണ്ടെന്നു കേട്ടാൽ പലരും അത്ഭുതപ്പെട്ടമായിരിക്കാം. ഇവയുടെ ഇലകൾ ഒരുതരം എലിക്കണികൾ പോലെയിരിക്കും. ദൂരെനിന്നു നോക്കിയാൽ അവ വല്ല ജലപ്രാണികളാണെന്നേ തോന്നുകയുള്ളു. ചെറുമത്സ്യങ്ങൾ ഇരയാണെന്നു കരുതി അടുത്തുവന്നാൽ ഉടനെ അവയെ കണിയിൽ പെടുത്തുകയും പിന്നീടു് അവിടുന്നു രക്ഷപ്പെടുവാൻ വയ്യാത്തവിധം കണിയുടെ ദ്വാരം അടയുകയും ചെയ്യുന്നു. ഏകദേശം ഒരംഗുലം നീളമുള്ള അനവധി ചെറിയ മത്സ്യങ്ങളുടെ വാലുകൾ ഈ കണികളിൽ പെട്ടു കുടുങ്ങിക്കിടക്കുന്നതായി ഗ്രീൻ എന്ന സസ്യശാസ്ത്രജ്ഞൻ കണ്ടു എന്നു് അദ്ദേഹത്തിൻെറ ഒരു പുസ്തകത്തിൽ എഴു

തീട്ടുണ്ട്. പ്രാണിഭുക്കുകളായ ചെടികൾ ഇന്ത്യയിലും അപൂർവമല്ല. മദ്ധ്യ ആഫ്രിക്കയിൽ മനുഷ്യരെത്തന്നെ ഭക്ഷിക്കുന്ന വൃക്ഷങ്ങളുണ്ടെന്നു ചില സഞ്ചാരികളുടെ വിവരണങ്ങളിൽ കാണുന്നുണ്ട്. അത് എത്രത്തോളം വിശ്വസനീയമാണെന്ന് അറിഞ്ഞുകൂടാ.

ആത്മരക്ഷ.

മുൻപറഞ്ഞ ചില ചെടികൾ ആഹാരത്തിനായി മാത്രമാണു പ്രാണികളെ കൊല്ലുന്നത്. എന്നാൽ ചില ചെടികളുടെ പുഷ്പങ്ങളിൽ മധുപാനത്തിന്നായി പ്രാണികൾ വന്നിരിക്കുമ്പോൾ പെട്ടെന്ന് അവയുടെ ഇതളുകൾ വന്നുകൂടി അവയെ നശിപ്പിക്കുന്നു. പ്രാണി ചാവുന്നു എന്നല്ലാതെ അതിൻെറ ഒരംശവും ആ ചെടി ഉൾക്കൊള്ളുന്നില്ലെന്നു സ്പഷ്ടമായി അറിയാവുന്നതാണ്. ഇതിൽനിന്നു മനുഷ്യരേപ്പോലെ ദ്രോഹബുദ്ധി സസ്യങ്ങൾക്കും ഉണ്ടായിരിക്കുമൊ എന്നു സംശയിച്ചേക്കാം. പക്ഷെ ആത്മരക്ഷയ്ക്കു മാത്രമായിട്ടാണ് അവ അപ്രകാരം ചെയ്യുന്നത്. അഥവാ മധുപാനം നമ്മെ നാശത്തിലേക്കു നയിക്കുമെന്നു പ്രകൃതി കാണിച്ചുതരികയായിരിക്കാം! തൊട്ടാവാടി മുതലായ ചെടികളുടെ ഇലകൾ തൊടുന്ന മാത്രയിൽ കൂടുന്നതു നാം കണ്ടിട്ടുണ്ടല്ലൊ. അച്ച്, ഞാഞ്ഞൂല് മുതലായ പ്രാണികളെ എന്തെങ്കിലും സ്പർശിച്ചാൽ പെട്ടെന്നു തല പിൻവലിക്കുന്നത് ആപത്തിനെ ശങ്കിച്ചിട്ടാണെന്നുള്ളതിന്നു സംശയമില്ല. അതുപോലെ മുൻപറഞ്ഞ ചെടികൾക്കും അങ്ങനെ ഒരു ബോധം ഉണ്ടെന്നു വിശ്വസിക്കുന്നതിൽ തെറവുണ്ടെന്നു തോന്നുന്നില്ല. 'മയിൽശിഖ' എന്ന ചെടിയുടെ ഫലം മൂക്കുമ്പോൾ പെട്ടെന്നു രണ്ടായി പിളന്ന് ഒന്നു പുളയുകയും വിത്തുകളെ ദൂരെ തെറിപ്പിക്കയും ചെയ്യുന്നു. സന്താനങ്ങളുടെ രക്ഷയ്ക്കായിട്ടാണ് അവ അപ്രകാരം ചെയ്യുന്നത്.

സസ്യങ്ങൾക്കു വികാരങ്ങളുണ്ടെന്നും അവ നമ്മെപ്പോലെ സുഖദുഃഖങ്ങളനുഭവിക്കുന്നുണ്ടെന്നും ആദ്യമായി കാണിച്ചതു ജഗദീശചന്ദ്രബോസ്സാണ്. അഹിംസാവ്രതം കൃത്യമായി അനുഷ്ഠിക്കുന്നവർക്കുകൂടി മരംവെട്ടുകയൊ ചെടികൾ പറിക്കുകയൊ ചെയ്യുന്നതിൽ സങ്കോചമുണ്ടാകാറില്ല. ആ സമയത്ത് അവ അസാമാന്യമായ വേദന അനുഭവിക്കുന്നുണ്ടെന്ന് അറിഞ്ഞാൽ അവർ എന്തുചെയ്യുമൊ എന്നറിഞ്ഞുകൂടാ. അജ്ഞത ചിലപ്പോൾ ഒരനുഗ്രഹമാണെന്നു പറയുന്നതിൽ വാസ്തവമില്ലായ്കയില്ല. ഒരു ചെടി പറിച്ചുനടുമ്പോൾ അതു പ്രാണവേദന അനുഭവിക്കുന്നുണ്ട്. തല്ക്കാലമുണ്ടാകുന്ന സംഭ്രമത്താൽ പലപ്പോഴും മരണമടയുന്നതായും കാണാം. എന്നാൽ അതിനെ മോഹാലസ്യപ്പെടുത്തി അപ്രകാരം ചെയ്യുന്ന പക്ഷം അതു മുമ്പിലത്തെപ്പോലെത്തന്നെ വളരുന്നതാണെന്നു ബോസ് കാണിച്ചിട്ടു

ണ്ടു്. ചില ചെടികൾ മരണവേദനകൊണ്ടു പിടയുന്നതു് അദ്ദേഹം അനുഭവഗോചരമാക്കിത്തീർത്തിട്ടുണ്ടു്. മദ്യത്തിൻെറ ലഹരികൊണ്ടു ചില സസ്യങ്ങൾ കാണിക്കുന്ന വികൃതചേഷ്ടകൾ അത്ഭുതാവഹമായി തോന്നും. ഭയം ക്രോധം എന്നീ വികാരങ്ങൾ അവ പലപ്പോഴും പ്രത്യക്ഷപ്പെടുത്തുന്നുണ്ടു്. ചില ചെടികളുടെ സ്വസ്ഥജീവിതത്തെ വല്ല പ്രാണികളും ശല്യപ്പെടുത്തിയാൽ കോപിച്ചു് അവയെ ഹിംസിക്കുന്നതു കാണാം. തൊട്ടാവാടി മുതലായ ചെടികൾ വലിയ ഭീരുക്കളാണു്. തൊട്ടാവാടിച്ചെടിക്കു് ഇരുട്ടിനെ കൂടി വലിയ ഭയമാകുന്നു. രാത്രി അതിൻെറ സ്ഥിതി ദയനീയമാണെന്നു തോന്നും. പകൽസമയത്തുതന്നെ ഒരു വലിയ കുട്ടകൊണ്ടു് അതിനെ മൂടിയാൽ ഇലകളെല്ലാംകൂട്ടി തന്നെത്താൻ കുനിയുന്നതു കാണാം. കുട്ടയെടുത്താൽ അതു പൂർവ്വസ്ഥിതിയെ പ്രാപിക്കയും ചെയ്യും. സന്താനങ്ങളെ രക്ഷിക്കുന്നതിൽ അവ കാണിക്കുന്ന ശ്രദ്ധ കണ്ടാൽ സ്നേഹം എന്നൊരവസ്ഥകൂടി അവയ്ക്കുണ്ടെന്നു തോന്നും. സ്മരണ അവയ്ക്കുണ്ടെന്നു ബോസ് തെളിയിച്ചിട്ടുണ്ടു്. ബങ്കാളത്തു് ഒരു ദിക്കിൽ കൃത്യസമയങ്ങളിൽ സാഷ്ടാംഗം നമസ്കരിക്കുന്ന ഒരു പനമരമുണ്ടത്രെ. ഇതിനെ ആ ദിക്കുകാർ 'ഭക്തനായ പന' എന്നു വിളിക്കാറുണ്ടു്. ഇതുപോലെ പ്രവർത്തിക്കുന്ന ഒരു ജാതിവൃക്ഷം ഇംഗ്ലണ്ടിലും ഉണ്ടെന്നു കേട്ടിട്ടുണ്ടു്. ഈ വൃക്ഷങ്ങൾ ഇപ്രകാരം പ്രവർത്തിക്കുന്നതിൻെറ രഹസ്യമെന്താണെന്നു ബോസ് അദ്ദേഹത്തിൻെറ ഒരു ഉപന്യാസത്തിൽ വ്യക്തമാക്കീട്ടുണ്ടു്. ആ ഉപന്യാസം വായിച്ചിട്ടില്ലാത്ത ഈ ലേഖകനു തത്സംബന്ധമായി ഒന്നും പറവാൻ തരമില്ല. ഏതുവിധമായാലും ജീവികളെ ബോധമുള്ളവ എന്നും അല്ലാത്തവ എന്നും തരം തിരിക്കുന്നതു നിരർത്ഥകമാകുന്നു. എല്ലാ ജീവികൾക്കും ബോധേന്ദ്രിയങ്ങളുണ്ടു്. പരിതസ്ഥിതികളിലുണ്ടാവുന്ന സൂക്ഷ്മമായ മാററങ്ങളെക്കുറിച്ചുകൂടി സസ്യങ്ങൾക്കു ബോധമുണ്ടെന്നു തെളിഞ്ഞിട്ടുണ്ടു്. ആത്മാവു് എന്നൊന്നു മനുഷ്യർക്കുണ്ടെങ്കിൽ സസ്യങ്ങൾക്കുമുണ്ടെന്നാണു ബോസ് പറയുന്നതു്. മനുഷ്യർക്കും ഇതരജീവികൾക്കും തമ്മിൽ പ്രധാനമായി ഒരു വ്യത്യാസം മാത്രമാണുള്ളതു്. മനുഷ്യർ തന്നെത്താൻ ആയുധങ്ങളുണ്ടാക്കി ഉപയോഗിക്കുന്നു. മററു ജീവികൾക്കു പ്രകൃതിതന്നെ ആവശ്യമുള്ള ആയുധങ്ങൾ നൽകീട്ടുണ്ടു്. എല്ലാമാലോചിച്ചാൽ സകല ജീവികളുടെ പ്രവർത്തികളേയും ബുദ്ധിപൂർവ്വം നിയന്ത്രിക്കുന്ന ഒരു ശക്തി ഉണ്ടെന്നുതന്നെ വിശ്വസിക്കേണ്ടിയിരിക്കുന്നു.

# മൃഗാവലോകനം.

(കെ. സുകുമാരൻ ബി. ഏ.)

## 43. പനിമാൻ. (Rein deer)

പനിമാൻ ഒരുതരം കൊമ്പിന്മേൽകൊമ്പൻ മാനാണ്. ഇവൻ നിവസിക്കുന്നതു് ഉറച്ച വെള്ളവും മഞ്ഞും കൊണ്ടു മൂടിയ ഉത്തരശൈത്യ മേഖലയിലാണ്. മേലെയുള്ള തടിച്ച ചുരുണ്ട രോമംകൂടാതെ ഇതിന്റെ ചോടെ ഇടതൂൎന്നു നില്ക്കുന്ന ചെറിയ കമ്പിരോമങ്ങളും ഉണ്ടു്. അതുകൊണ്ടു ശൈത്യം തന്നെ അത്രവളരെ ബാധിക്കുകയില്ല. കാലിന്മേൽ വളരെ പരന്ന കുളമ്പുകൾ ഉള്ളതുകൊണ്ടു കാലുകൾ ചളിമഞ്ഞിൽ ആണ്ടു പോകാതെ ഇവന്നു വേഗത്തിൽ ഓടുവാനും സാധിക്കും.

ഉത്തരശൈത്യമേഖലയിൽ വല്ലതിന്നും വളരെ പഞ്ചമുണ്ടെങ്കിൽ അതു് ആഹാരസാധനങ്ങൾക്കാണ്. അതുകൊണ്ടു് ആഹാരാൎത്ഥം പനിമാൻ വളരെ നാഴിക വഴി സഞ്ചരിക്കേണ്ടി വരുന്നു. അവിടത്തെ ഗ്രീഷ്മകാലത്തിന്നു രണ്ടുമൂന്നു് ആഴ്ച ദീൎഘമേ ഉണ്ടാകയുള്ളു. ആ കാലത്തു് അയിസ്സും മഞ്ഞും ഉരുകിയൊലിച്ചുപോയിട്ടു മൈതാനങ്ങളിലും താഴ്വരകളിലും കണ്ടുകിട്ടാനിടയുള്ള ചില്ലറ പുല്ലുകൾ ഇവൻ കടിച്ചുതിന്നും. നിലം പിന്നെയും അയിസ്സും മഞ്ഞും വീണു ഉറച്ചുപോകുമ്പോൾ ഇവൻ കടല്ക്കരയിൽ ചെന്നു അവിടെ കണ്ടുകിട്ടാറുള്ള കടൽവള്ളികൾ തിന്നും. ഹേമന്തകാലത്തു് ഇവൻ വലിയ കുന്നുകളിന്മേൽ കേറി തിന്നാൻ വല്ലതും കണ്ടുപിടിക്കാൻ വേണ്ടി വളരെ നാഴിക ദൂരം തെണ്ടി നടക്കുന്നു. ചിലപ്പോൾ മഞ്ഞിന്റെ ചോടെ "പനിമാൻപൂപ്പു്" എന്നു പറയുന്ന ഒരു തരം പൂപ്പുണ്ടു്. അതു് ഉണങ്ങിയ മട്ടിൽ നിലത്തു പരന്നു പററി കൂടുന്ന ഒരു മാതിരി സസ്യമാണ്. ഈ പൂപ്പു് കണ്ടുപിടിക്കാനായി ഇവൻ കൂടക്കൂടെ കുളമ്പുകൊണ്ടു മഞ്ഞു മാന്തി നോക്കുന്നുണ്ടാകും. ഈ ഒന്നിനും കൊള്ളാത്ത പൂപ്പു് തിന്നിട്ടു്, പനിമാൻ സുഖമായി കാലം കഴിക്കുന്നുണ്ടെന്നു മാത്രമല്ല നല്ല വണ്ണം തടിക്കുകയും കൂടി ചെയ്യുന്ന ഈ ഭാഗ്യം അധികകാലം നിലനിന്നു എന്നും വരില്ല. ചിലപ്പോൾ മഞ്ഞു വളരെ കട്ടപ്പത്തിൽ ഉറച്ചുപോകുന്നതുകൊണ്ടു്, അതു കുളമ്പുകൊണ്ടു മാന്തിപ്പൊട്ടിക്കുവാൻ ഇവന്നു സാധിക്കുകയില്ല. അങ്ങനെയുള്ള ഘട്ടങ്ങളിൽ ഇവന്നു പട്ടിണിയേ ഗതിയുള്ളു.

പ്രസവിച്ചു വീഴുന്ന മാൻകുട്ടി ഒന്നാമതായി തന്റെ ശാന്തമായ കണ്ണു തുറക്കുമ്പോൾ കാണായ്വരുന്നതു്, വെള്ളനിറത്തിലുള്ള ഒരു ശീതരാ

ജ്ജ്യമാണ്. എന്നാൽ തള്ള അതിനെ തീററിക്കുകയും ശീതബാധ ഏല്ക്കാ ത്തവിധത്തിൽ കൊണ്ടുനടക്കുകയും ചെയ്യും. ഇതു കൂടാതെ ആ പ്രദേശ ങ്ങളിൽ വിശപ്പുകൊണ്ട് അങ്ങുമിങ്ങും തെണ്ടിനടക്കുന്ന ചോലനായകളും ഉണ്ടാകും. കൊമ്പുകൾ ആൺമാനിൻെറ അത്ര വലുതല്ലെങ്കിലും പെണ്ണി നും കൊമ്പുകളുള്ളതുകൊണ്ടു രണ്ടുകൂട്ടരുംകൂടി തന്നെ തട്ടിക്കൊല്ലും എന്ന റിഞ്ഞിട്ടു ചോലനായ് ധൈര്യപ്പെട്ടു മാൻകുട്ടിയെ പിടിക്കാൻ അടുത്തു വരില്ല.

ലാപ്പ്ലാണ്ട്, നോർവൈ മുതലായ ഉത്തരഭാഗത്തിലെ ശീതരാജ്യ ങ്ങളിലെ നിവാസികൾ നാം കന്നുകാലികളെ പോററുംപോലെ ഓരോ വലിയ കൂട്ടമായി പനിമാനുകളെ പോററുന്നു. പനിമാനുകൾ ക്ഷണം മെ രുങ്ങും. പോരാഞ്ഞിട്ടു സാധാരണമാനുകളേക്കാൾ ഉപകാരികളുമാണ്. പശുക്കളെപ്പോലെ അവററയിൽനിന്നും പാൽ കറന്നെടുക്കാം. ഉത്തര ദേശക്കാർ സഞ്ചരിക്കുന്നതു് ഇതിൻെറ രോമംകൊണ്ടുള്ള കുപ്പായമിട്ടിട്ടാ ണ്. അവർ യാത്രചെയ്യുമ്പോൾ ഉപയോഗിക്കുന്ന ഉരുളില്ലാത്ത വാഹ നം (Sledge) വലിച്ചു പായുന്നതും പനിമാനാണ്. ക്രിസ്തുമസ് കാലത്തു് ആ വാഹനങ്ങളുടെ മണികളുടെ ശബ്ദം കേൾക്കുമ്പോൾ കുട്ടികൾ "അ ച്ഛൻ ക്രിസ്തുമസ് (Father X mass) ഇതാ വരുന്നു"എന്നു പറയും. പനി മാൻ ഹിമത്തിൽ കൂടെ അദ്ദേഹത്തെ വലിച്ചുവരുന്നുണ്ടാകും.

## 44. ചെമ്മാൻ (Red deer)

ഇതു് ഒരു ജാതി കൊമ്പിന്മേൽ കൊമ്പൻ മാനാണ്. പണ്ടൊ ക്കെ ഇംഗ്ലണ്ടിലും കൂടി ഈ ജാതി മാനിനെ കണ്ടിരുന്നു. ഇപ്പോഴും സ്കോട്ട ലണ്ടിലെ മലംപ്രദേശങ്ങളിൽ ഇവററയെ കാണും. ഇംഗ്ലണ്ടിലെ കാട്ടുക ളിൽ കൂട്ടമായി കാണുന്നവററയൊക്കെ അവിടെ കൊണ്ടയിട്ടു വളൎത്തുന്ന താകുന്നു.

ചെമ്മാൻ കാഴ്ചയ്ക്കു വളരെ തലയെടുപ്പുള്ള വിദ്വാനാണ്. നട ത്ത ഭംഗിയിലാണ്. തലയിലെ കൊമ്പിന്മേൽകൊമ്പുകളുടെ പിടിത്തം കണ്ടാൽ ഇവൻ ഒരു പത്രാസ്കാരനാണെന്നു വിളിച്ചുപറയും. ഇവൻെറ നടപടി നോക്കിനില്ക്കുന്നതു വളരെ കൗതുകകരമായ കാഴ്ചയാണ്. സ്വാ ഭാവികമായി ശങ്കയുള്ളവനും എളുപ്പത്തിൽ പേടിച്ചുപോകുന്നവനുമാണെ ങ്കിലും, അവനെ കൂടക്കൂടെ വേട്ടയാടുകയൊ ഭയപ്പെടുത്തുകയൊ ചെയ്യാ ഞ്ഞാൽ ക്ഷണം മെരുങ്ങും. ഇവൻ വളരെ വേഗത്തിൽ ഓടും. ഇവ ൻെറ നേരിയ കാലുകളിന്മേൽ തടിച്ചു കുളമ്പുകൾ ഉള്ളതുകൊണ്ടു, കൽപ്ര

ദേശങ്ങളിൽ കൂടി സഞ്ചരിക്കാൻ ഇവന്നു യാതൊരു പ്രയാസവും കാണുന്നില്ല.

ആൺമാനിന്റെ തലയിൽ എല്ലായ്പ്പോഴും ഈ കൊമ്പുകൾ കാണുകയില്ല. വസന്തകാലത്ത് ഇതു വീണുപോകുന്നു. ആ സമയത്ത് ഇവന്ന് ഒരുവക ആധിയും ഉന്മേഷക്കുറവും പിടിപെടുന്നു. ഈ നിലയിൽ തന്നെ വല്ലവരും കാണുമെന്നു നാണിച്ചിട്ട്, ഇവൻ ആ സമയത്ത് ഏകനായി ഓടിപ്പോയി, ഒളിച്ചു ദുശ്ശീലക്കാരനായി മറെറാരു കൂട്ടം കൊമ്പുകൾ മുളച്ചുവരുന്ന വരെ കാലം കഴിക്കുന്നു.

കൊമ്പു മുളയ്ക്കുന്ന രീതിയും വിസ്മയകരമാണ്. ഇവന്റെ നെററിമേൽ രണ്ടു മുഴപോലെ എല്ലു പൊന്തിവരുന്നു. ഇതു വളരെ വേഗം വളരുന്നു. ഇങ്ങനെ പരിപൂൎണ്ണവളർച്ച എത്തിയാൽ പെയ്പ്പോയതിനേക്കാൾ ഭംഗിയുള്ള കൊമ്പുകൾകൊണ്ട് അലംകൃതനായ മാൻ പിന്നേയും പൊങ്ങച്ചത്തോടെ പുറത്തിറങ്ങി നടക്കുന്നു.

ഒന്നാമത് ഈ കൊമ്പുകൾ ഒരു മൃദുവായി വില്ലൂസുപോലെയുള്ള തോൽകൊണ്ടു മൂടപ്പെട്ടിരിക്കും. അതു തൊടുമ്പോൾ വേദനിക്കുന്നതുകൊണ്ട്, അതിനൊന്നും തട്ടാതിരിക്കാൻ വേണ്ടി ചെമ്മാൻ വളരെ കരുതിയിരിക്കേണ്ടി വരും. ക്രമേണ ഈ തോൽ ഉണങ്ങി ചുരുങ്ങിപ്പോകും. എന്നിട്ട് അവിടവിടെ പൊളിഞ്ഞും തൂങ്ങിയും നില്ക്കുന്നുണ്ടാകും. ആ സമയത്തു മാനിന്റെ കൊമ്പു കാഴ്ചയ്ക്ക് ഒരു കോലമില്ലാത്ത മട്ടിലായിരിക്കും. ഈ ദുരിതം നീക്കിക്കളവാൻ വേണ്ടി, അവൻ കൊമ്പുകൾ മരത്തടിയോടും നിലത്തും ഉരച്ച്, ഓരോ പൊളിയും നീക്കിക്കളയുന്നു.

ചെമ്മാൻ സാധാരണ നിവസിക്കുന്നതു യൂറോപ്പിലെ കാടുകളിലാണ്.

## 45. കൊക്കക്കൊമ്പൻ മാൻ. (Chamois)

ഹിമംകൊണ്ടു മൂടപ്പെട്ട ആല്പ്സ് പൎവ്വതങ്ങളുടെ ഏററവും ഉയൎച്ചയുള്ള ഭാഗങ്ങളിൽ ശിന്നൻമാരായ കൊക്കക്കൊമ്പൻ മാനുകൾ നിവസിക്കുന്നു. കിഴക്കാംതൂക്കമായ സ്ഥലങ്ങളിൽ വീതിയില്ലാത്ത വരമ്പിന്മേൽ കൂടെ നടക്കുന്നതും, ഓരോ പാറയിൽനിന്നു മറെറാരു പാറയിലേക്കു നിൎഭയം ചാടിവീഴുന്നതും കണ്ടാൽ ആരും ആശ്ചൎയ്യപ്പെട്ടുപോകും. ഭൂമിയിലെ മററു യാതൊരു ജന്തുക്കളും ഈ മാതിരി കസൎത്തിന്ന് ഒരുമ്പെടുമെന്നു തോന്നുന്നില്ല.

കൊക്കക്കൊമ്പൻമാൻ ഒരു കസൎത്തുകാരനാണെന്ന് എണ്ണപ്പെട്ടേണ്ടവനാണ്. ഒരു ചെറിയ സൂചിപോലെ കൂൎത്ത ഒരു പാറയുടെ ഏററ

വും അഗ്രത്തിൽ, ഭൂമിയിൽവച്ചു വളരെ ഉയരമുള്ള ഒരു ദിക്കിൽ ഇവൻ വളരെനേരംവരെ സ്ഥിരപ്രജ്ഞനായി നില്ക്കുമ്പോൾ ഇവൻെറ നാലുകാലും ഒരുമുക്കാൽവട്ടത്തിലുള്ള സ്ഥലത്തിലാണ് ഊന്നിപ്പിടിക്കുന്നതു്. പിന്നീട്ടു വീണുപോകുമെന്നു യാതൊരു ഭയവും കൂടാതെ ഓരോരൊ ശിലാഗ്രത്തിൽനിന്നു മറേറാരൊ ശിലാഗ്രത്തിലേക്കു ചാടിക്കളിക്കുന്നു. വഴുതുന്ന ഉറച്ചവെള്ളംകൊണ്ടു മൂടപ്പെട്ട മാർദ്ദവവും ഉയരവുമുള്ള ശിലാഗ്രങ്ങളിൽനിന്നു് ഇവൻ വെറുംനേരംപോക്കിനു വേണ്ടിയൊ എന്നു തോന്നുമാറു് ഊരിക്കുത്തി വഴുതി ഇറങ്ങുന്നു.

കൊക്കക്കൊമ്പൻമാൻ ശൈത്യത്തെ കേവലം വകവയ്ക്കാറില്ല. അവന്നു ശൈത്യത്തോട് ഒരു പ്രതിപത്തികൂടി ഉണ്ടെന്നു തോന്നിപ്പോകും. പുറമേ കാണുന്ന ജഡരോമങ്ങളുടെ ഉള്ളിൽ നിബിഡമായി പട്ടുപോലെ പടന്നുപിടിച്ച ചെറുരോമങ്ങളും അവന്നുണ്ടു്. ഈ രണ്ടു കുപ്പായങ്ങളും അവന്നു ശീതബാധയില്ലാതെ കഴിച്ചുകൂട്ടുവാൻ സഹായിക്കുന്നു. അവൻെറ കാലിൻെറ കുളമ്പുകളുടെ ഓരങ്ങൾ ഉയർന്നിട്ടാകകൊണ്ടു് ഉള്ളു ഓരോ ചെറിയ കുഴിപോലെ നില്ക്കുന്നുണ്ടാകും. ഇതുകൊണ്ടാണു കൊക്ക്ക്കൊമ്പൻമാനിന്നു് അടി വഴുതിപ്പോകാതെ ഒരേടത്തു് ഉറച്ചുനില്ക്കുവാൻ സാധിക്കുന്നതു്. വഴുതിപ്പോകുംവണ്ണം മൃദുവായ ഉറച്ച വെള്ളവും ഹിമവും കൊണ്ടു മൂടപ്പെട്ട സ്ഥലത്തുംകൂടി കൊക്കക്കൊമ്പൻമാനിന്നു് ഉറച്ചുനില്ക്കാം.

കൊക്കക്കൊമ്പൻമാൻ പർവ്വതശിഖരങ്ങളിൽ മാത്രം നിവസിച്ചിട്ടു ജീവകാലം മുഴുവൻ നയിക്കുന്നവനല്ല. ഗ്രീഷ്മകാലത്തു മാത്രമെ അവററ ആ മാതിരി സ്ഥലങ്ങളിൽ കടന്നുചെല്ലാറുള്ളു. ബാക്കി കാലങ്ങളിൽ ഈ ചെറിയ മൃഗങ്ങൾ പർവ്വതങ്ങളുടെ ചോടെയുള്ള കാട്ടുകളിൽ ഇറങ്ങിവന്നു മേയുന്നു.

മരച്ചുവട്ടിലൊ, പാറകളുടെ ചുവട്ടിലൊ, കിടന്നുറങ്ങി ഇവററ രാത്രി കഴിച്ചുകൂട്ടുന്നു. എന്നാൽ ഏററവും പുലച്ചെ് വെള്ളിതീരും മുമ്പെ അവററ ഉണർന്നു് ഉണക്കപ്പുല്ലുകൾ കടിച്ചും പൂപ്പുകൾ കാർന്നും തിന്നുന്നു. ആ മാതിരി സ്ഥലങ്ങളിൽ ഈ മാതിരി ആഹാരമെ അവററയ്ക്കു സിദ്ധിക്കുകയുള്ളു.

സൂൎയ്യൻ ഉച്ചസ്ഥനാകുമ്പോൾ, ഉഷ്ണത്തോടു വിരോധമുള്ളവനാകകൊണ്ടു കൊക്കക്കൊമ്പൻ മാൻ തണലിൽചെന്നു വിശ്രമിക്കുന്നു. വൈകുന്നേരം ഉഷ്ണം ശമിച്ചുവരുമ്പോൾ അവററ രണ്ടാമതും മേയുവാൻവരുന്നു. എന്നിട്ടു് ഉറങ്ങാൻകാലമാകുംവരെ പർവ്വതങ്ങളുടെ പള്ളകളിൽ കൂടെ തെണ്ടി നടന്നു അവിടങ്ങളിൽ കണ്ടുകിട്ടാവുന്ന ചുരുക്കം സസ്യങ്ങൾ തിന്നുന്നു.

# മനുഷ്യനും ആരോഗ്യവും.

(ആർ. ഈശ്വരപിള്ള ബി. എ.)

"സുഖത്തിൻെറ സജീവമായ ബീജം ആരോഗ്യമാണ്."

സുഖത്തിനുള്ള നിദാനങ്ങളിൽവച്ച് അതിപ്രധാനമായിട്ടുള്ളത് ആരോഗ്യമാണെന്നു പറയപ്പെട്ടിരിക്കുന്നു. ഈ സ്ഥിതിക്ക് ആരോഗ്യസംരക്ഷണം സദാ സുഖാന്വേഷികളായ നമ്മുടെ ഒരു പ്രധാന്യകൃത്യമായി ഗണിക്കപ്പെടേണ്ടതാണ്. എന്നാൽ നാം ആരെങ്കിലും ഈ തത്വം ഗ്രഹിച്ചു തദനുസരണം പ്രവർത്തിക്കുന്നുണ്ടോ എന്നു സംശയമാണ്. എന്നുതന്നെയുമല്ല, നമ്മുടെ സുഖസമ്പാദനോദ്യമത്തിൽ പലപ്പോഴും നാം ആരോഗ്യത്തിനു ഹാനികരമായി പ്രവർത്തിക്കുകയും ചെയ്യുന്നു. ഇങ്ങനെ നമ്മുടെ ബോധവും പ്രവൃത്തിയും തമ്മിൽ ഒരു പ്രത്യക്ഷവൈപരീത്യം പലപ്പോഴും കാണപ്പെടുന്നു. എന്നാൽ ഈ വിലയേറിയ അനുഗ്രഹം അതിൻെറ പൂർണ്ണതയിലും, വിശുദ്ധിയിലും അനുഭവിക്കുന്നവർ ലോകത്തിൽ വല്ലവരും ഉണ്ടോ എന്ന് അറിഞ്ഞുകൂടാ. മനുഷ്യനാണെങ്കിൽ നിശ്ചയമായും രോഗവുമുണ്ട്. നാം അരോഗദൃഢഗാത്രന്മാരെന്നു പറയുന്നവർക്കും സൂക്ഷ്മാന്വേഷണത്തിൽ ഏതെങ്കിലും രോഗമുള്ളതായി കാണാം. ഇതിനുള്ള കാരണം ചിന്തനീയമാണ്. ലോകം ഒരാതുരശാലയാണെന്നു പറയുന്നതു പക്ഷെ അതിശയോക്തി ആയിരിക്കാം. വാസ്തവത്തെ സ്ഥൂലീകരിച്ചു വിവക്ഷിക്കുന്നതാണല്ലോ അതിശയോക്തി. ഇതിരിക്കട്ടെ. ഇന്നു നാം മൂലയിലും, മുക്കിലും, വീടുതോറും ആസ്പത്രിയൊ വൈദ്യശാലയൊ വേണമെന്നു ഗവർമ്മേൻറിനോടാവശ്യപ്പെടുന്നതിൻെറ രഹസ്യം എന്താണ്? നാം അനാതുരന്മാരാണെന്നാണൊ? രോഗം പ്രകൃതിസഹജമായ ഒരവസ്ഥയല്ല. നാം അവയെ ക്ഷണിച്ചുവരുത്തിയിട്ട് അനാതിഥ്യം ആചരിക്കുകയാണു ചെയ്യുന്നത്. പ്രകൃതിയുടെ ഇതരസന്താനങ്ങൾ പ്രായേണ രോഗവിമുക്തന്മാരാണ്. അവർ പ്രകൃതിനിയമത്തെ അനുസരിച്ചു ജീവിക്കുന്നവരുമാണ്. എന്നാൽ പ്രകൃതിയുടെ ഉൽകൃഷ്ടസന്താനം എന്നു പറയപ്പെടുന്ന മനുഷ്യർ കാലത്തിലും അകാലത്തിലും പ്രകൃതിനിയമത്തെ ലംഘിക്കുന്നതിൽ ഉത്സുകന്മാരൊ അഥവാ ബദ്ധശ്രദ്ധന്മാരൊ ആയിട്ടാണു കാണപ്പെടുന്നത്. നിയമലംഘനം ശിക്ഷാർഹമാണല്ലൊ. പ്രകൃതിനിയമത്തിൻെറ ലംഘനത്തിനുള്ള ശിക്ഷയാണു രോഗം.

ലോകത്തിൻെറ ആരംഭകാലത്തു മനുഷ്യൻ ഏറെക്കുറെ പ്രകൃതിനിയമം അനുസരിച്ചു ജീവിച്ചിരുന്നതിനാൽ ഏറെക്കുറെ രോഗവിമുക്തനായി

ത്തന്നെ ഇരുന്നു. എന്നാൽ മനുഷ്യന് ഇതരജീവികളെപ്പോലെ സ്വൈരജീവിതം സാദ്ധ്യമല്ലായിരുന്നു. മനുഷ്യന്റെ അനിതരജന്തുസാധാരണമായ ബുദ്ധിയും, ലോകാവലോകനശക്തിയും, ചുമതലകളും, തജ്ജന്യങ്ങളായ കൃത്യങ്ങളും, വ്യാപാരങ്ങളും ഉണ്ടായിരുന്നതുകൊണ്ടു മൃഗസഹജങ്ങളായ വ്യാപാരപരിധിയെ അതിക്രമിച്ചു വർത്തിക്കുകയും, പ്രവർത്തിക്കുകയും ചെയ്യേണ്ടതായിവന്നു. തന്റെ കായികവും മാനസികവും ആയ ശക്തികൾ അവയ്ക്കു സഹജമായ ആകർഷകസ്വഭാവം നിമിത്തം ചിലപ്പോൾ പ്രയോഗവിഷയത്തിൽ സീമയെ അതിക്രമിച്ചുപോകുന്നതും അസാധാരണമല്ല. പ്രവൃത്തിയെ ഉദ്ദിഷ്ടഫലപ്രാപ്തിവരെ നീട്ടിക്കൊണ്ടു പോകുന്നതിനും മനുഷ്യർ ഉത്സുകരാണല്ലോ. ഇപ്രകാരമുള്ള സീമാലംഘനം രോഗഹേതുകമായി ഭവിക്കാൻ ഇടയായി. മനുഷ്യന് ഉൽക്കർഷേച്ഛയും ധനാർജ്ജനതല്പരതയും ഉണ്ടായതോടുകൂടി ഈ വഴിക്കു തന്റെ ശക്തികളെ അസാമാന്യമായി ക്ലേശിപ്പിക്കുകയും ക്ഷയിപ്പിക്കയും ചെയ്തുതുടങ്ങി. ഇതിനും പുറമെ മനുഷ്യൻ ജീവിതാവശ്യങ്ങളെ പലതിനേയും ആഭോഗങ്ങളാക്കി അവയിൽ അത്യാസക്തിയെ വർദ്ധിപ്പിച്ചു. ഇതുനിമിത്തം രസനേന്ദ്രിയത്തേയും, കർമ്മേന്ദ്രിയങ്ങളിൽ പലതിനേയും ദുരുപയോഗപ്പെടുത്തുകയും ദുഷിപ്പിക്കുകയും ചെയ്തു. വ്യവസ്ഥയില്ലാത്ത ഭക്ഷണവും, അമിതമായ ഭോഗസുഖങ്ങളും രോഗത്തിനു പ്രവേശനദ്വാരം നൽകി. ഇന്നപ്പോൾ ഭക്ഷിക്ക, ഇന്നതു ഭക്ഷിക്ക എന്നുള്ള വ്യവസ്ഥകളെ എല്ലാം ദൂരത്തെറിഞ്ഞു. വിഷയസുഖത്തിലും ഇതുപോലെതന്നെ ജീവിതത്തിന്റെ ഉദ്ദേശ്യത്തെ ചുവടെ തെററിഗ്രഹിച്ചു പ്രവർത്തിച്ചുതുടങ്ങി. ഈ വിധം രോഗങ്ങളെ സ്വയമേവ വരിക്കുന്നവർ ധാരാളം ഉണ്ടു്. ഇതുകൂടാതേയും നാം രോഗങ്ങളെ പലവിധത്തിലും ആകർഷിക്കുന്നുണ്ടു്. മലിനജലം, ദുഷിച്ച് വായു, ശുചിയില്ലാത്ത ഭക്ഷണം ഇവയുടെ ഉപയോഗം കൊണ്ടും രോഗങ്ങൾ വന്നുകൂടുന്നു. ഇതുകൂടാതെ വൃത്തികെട്ട ഗൃഹങ്ങളിലും പരിസരങ്ങളിലും വസിക്കുക, ദേഹശുദ്ധി, വസ്ത്രശുദ്ധി ഇവ ഇല്ലാതിരിക്കുക, അഭക്ഷ്യഭക്ഷണം കഴിക്കുക മുതലായവയും രോഗത്തെ ഉല്പാദിപ്പിക്കുന്നതിൽ പ്രവണങ്ങളാണ്. ഇന്ന് എവിടെ നോക്കിയാലും കാപ്പിക്കടകൾ മുഴത്തിനു മൂന്നു വീതം കാണാം. ഇതുപോലെതന്നെ ഒരുതരം വൈദ്യശാലകളും ഉണ്ടു്. ഇവ തമ്മിലുള്ള മത്സരത്തിൽ കാപ്പിക്കടകൾതന്നെ വിജയം പ്രാപിക്കുന്നു. ഇവ ഇന്ന് ഒരുതരം "രോഗബീജപ്രരോഹജനനി"കളായി തീർന്നിട്ടുണ്ടു്. ഇതുകൂടാതെ പല തൊഴിലുകളും രോഗോല്പാദനവിഷയത്തിൽ സഹായിക്കുന്നുണ്ടു്. ഇതിനുംപുറമെ പാരമ്പര്യസിദ്ധങ്ങളായ രോഗങ്ങളും ഒട്ടും കുറവല്ല. രോഗികളുടെ സന്താനങ്ങൾ അരോഗികളായിരിക്കാൻ പ്രയാസമാണല്ലോ. ഇന്നു ശിശുക്കളും, ബാലന്മാരും, യുവാക്കന്മാരും, മദ്ധ്യവയസ്കന്മാരും അ

ധികവും രോഗികളാണ്. ഇതുകൊണ്ടാണ് "ലോകം ഒരാതുരശാല" യാണെന്നു മുമ്പു പ്രസ്താവിച്ചത്. ഇന്നു ഗവർമ്മേൻറു സ്ഥാപനങ്ങളിലും, തൊഴിൽശാലകളിലും വേണ്ടതിലധികം ജോലിക്കാരെ നിയമിക്കേണ്ടിവന്നതു് ഇതുനിമിത്തമാണ്. പത്തു് അരോഗികൾക്കു ചെയ്യാവുന്ന വേലയ്ക്കു് ഇന്ന് ഇരുപതു രോഗികളെയാണ് നാം നിയമിക്കുന്നതു്. നമ്മുടെ ഇന്നത്തെ അവ്യവസ്ഥിതമായ ജീവിതം നിമിത്തം എത്രയോ മനുഷ്യശക്തിയാണു നഷ്ടപ്പെട്ടുപോകുന്നതു്. ഒരു മനുഷ്യനിൽനിന്നു ലോകത്തിനു പകുതി ശക്തിയെ ലഭിക്കുന്നുള്ളു. മറേറപ്പകുതി രോഗം അപഹരിക്കുന്നു. മനുഷ്യർ അരോഗികളായിരുന്നു എങ്കിൽ ലോകം ഇന്ന് എത്രയോ മുന്നിലെത്തുമായിരുന്നു. മനുഷ്യചരിത്രം രോഗം നിമിത്തം ക്ഷയിച്ചുപോയതു കഴിച്ചു് അവശേഷിച്ചതിൻെറ ചരിത്രം മാത്രമാണ്. ലോകവ്യാപാരം വദ്ധിച്ചുവരുന്ന ഇക്കാലത്തു മനുഷ്യശക്തിയെ ഇപ്രകാരം ഉത്തരവാദിത്വമില്ലാതെ ക്ഷയിപ്പിക്കുന്നതു് ആക്ഷേപാർഹമാണെന്നു പറയേണ്ടതില്ലല്ലൊ. ഈ ന്യൂനതയെ പരിഹരിക്കുന്നതിനായിട്ടാണു നാം പലവിധ യാന്ത്രികശക്തികളെ അവലംബിക്കുന്നതു്. എന്നാൽ "യന്ത്രം മനുഷ്യനെ സംഹരിക്കുന്നു" എന്നുള്ള തത്വത്തെ വിസ്മരിച്ചുകൂടാത്തതാകുന്നു. രോഗത്തിൻെറ ദൂരാധിരൂഢമായ അനിഷ്ടഫലത്തെ കാണിക്കുവാൻ മാത്രം ഇത്രയും പറഞ്ഞു എന്നേയുള്ളു.

ഈ ദോഷം ഏറക്കുറെ പരിഹാര്യമല്ലയൊ എന്നാണ് ഇനി നോക്കേണ്ടതു്. മനുഷ്യനു രോഗത്തെ ക്ഷണിച്ചുവരുത്തുകയൊ അതിനെ ബലാദാകർഷിക്കയൊ ചെയ്യാതിരിക്കാൻ സാധിക്കയില്ലയൊ? ആരോഗ്യത്തിൻെറ മൗലികനിയമങ്ങളെ തുച്ഛീകരിക്കയൊ നിരാകരിക്കയൊ ചെയ്യാതിരിക്കുവാൻ നമുക്കു കഴിവില്ലയൊ? രോഗങ്ങളെ മനഃപൂർവ്വം ഉല്പാദിപ്പിച്ചിട്ടു് അവയെ പരിഹരിക്കാൻ ശ്രമിക്കാതെ രോഗഹേതുകങ്ങളായ ശീലങ്ങളെ ഒഴിച്ചുകൂടെയൊ? മിതഭോഗം, ലഘുഭാശനം, വ്യായാമം, ശുചിത്വം ഇവയെ നമുക്കു പരിശീലിക്കുവാൻ സാധിക്കയില്ലയൊ? അനാവശ്യമായ കായക്ലേശം, മനഃക്ലേശം ഇവയെ കഴിയുന്നതും കുറയ്ക്കാൻ ശ്രമിക്കരുതൊ? ജീവിതത്തെ കടിഞ്ഞാണില്ലാത്ത കുതിരയെപ്പോലെ ദുഃസ്വാതന്ത്ര്യത്തിൽ വിടാതെ നിയമവൽഗകൊണ്ടു നിയന്ത്രിക്കുന്നതിനു നോക്കരുതൊ? ആരോഗ്യപരമായ പ്രകൃതിനിയമത്തെ അനാവശ്യമായി അതിക്രമിക്കാതിരിക്കരുതൊ? പ്രകൃതിക്കനുസരണമായ ജീവിതം കൊണ്ടു പ്രകൃതിവിരുദ്ധമായ രോഗത്തെ അകററരുതൊ? ഉണ്ണാനിരിക്കാതെ ഇരിക്കാൻ ഉണ്ണുക എന്നുള്ള തത്വം സ്വീകരിക്കരുതൊ? ലഹരിപദാത്ഥങ്ങളെ കഴിയുന്നതും വജ്ജിക്കരുതൊ?

ഇന്നത്തെ സ്ഥിതിക്ക് ഈ ചോദ്യങ്ങൾക്കൊക്കെയും ഒരനുകൂലമായ ഉത്തരം പ്രതീക്ഷിക്കാൻ തരമില്ല. നാം അപഥത്തിൽ പിൻതിരിയാൻ പാടില്ലാത്ത വിധം മുന്നോട്ടു പോയിക്കഴിഞ്ഞു. മനുഷ്യൻ ഇന്ന് അനിയന്ത്രിതസ്വാതന്ത്ര്യത്തോടുകൂടിയ ജീവിയാണ്. തന്റെ ജീവിതത്തെ യഥേഷ്ടം നയിക്കുന്നതിനു തനിക്കു സ്വാതന്ത്ര്യം ഉണ്ട്. ആത്മഹത്യ ചെയ്താൽ ആർക്കാണു നഷ്ടം? ഇതാണു മനുഷ്യന്റെ ഇന്നത്തെ മനസ്ഥിതി.

എന്നാൽ ഒരു മനുഷ്യൻ ഒരു കുടുംബത്തിലേയും, സമുദായത്തിലേയും, രാഷ്ട്രത്തിലേയും അംഗമാണ്. ഇവയോടെല്ലാം അവന് ഒരു കർത്തവ്യകർമ്മം ഉണ്ട്. ഈ കർത്തവ്യകർമ്മത്തെ വിഗണിച്ചു പ്രവർത്തിക്കുന്നതു മനുഷ്യരുടെ ഇടയിലുള്ള സാമുദായികബന്ധത്തെ ശിഥിലമാക്കുകയാണ്. സമുദായക്ഷേമത്തിനൊ, ലോകക്ഷേമത്തിനൊ ഹാനികരമായി പ്രവർത്തിക്കുന്നതിന് ഒരു വ്യക്തിക്കു സാന്മാർഗ്ഗികനിയമപ്രകാരം സ്വാതന്ത്ര്യം ഇല്ല. രാഷ്ട്രീയനിയമവും, സാമുദായികനിയമവും, സാന്മാർഗ്ഗികനിയമവും ഓരോ വ്യക്തിയേയും ബന്ധിക്കുന്നു. അതുകൊണ്ടു തന്റെ ജീവിതത്തെ ഫലശൂന്യമാക്കുവാൻ സാന്മാർഗ്ഗികനിയമം അനുവദിക്കുന്നില്ല. നമ്മുടെ ജീവിതത്തെ സുരക്ഷിതമാക്കുന്നതിനു നാം കടപ്പെട്ടിരിക്കുന്നു. ഏതൊരു വ്യക്തിക്കും രോഗങ്ങൾ വരാതിരിക്കാൻ സൂക്ഷിക്കയും, വന്നാൽ അവയെ ശമിപ്പിക്കുവാൻ ശ്രമിക്കയും ചെയ്യേണ്ട ചുമതലയുണ്ട്. ഇതിൽ ഉത്തമമാർഗ്ഗം രോഗങ്ങൾക്കിടകൊടുക്കാതിരിക്കയാണല്ലൊ. ഇതു് അത്ര ദുസ്സാദ്ധ്യമായിട്ടുള്ള കാര്യമല്ല. അല്പം ചില കരുതലുകൾ ചെയ്താൽ മതിയാകും. ജീവസന്ധാരണത്തിന് ഇന്നു നേരിട്ടിരിക്കുന്ന വിഷമതകളും, ഞെരുക്കങ്ങളും വിസ്മരിക്കത്തക്കതല്ല. എങ്കിലും അവ കേവലം അപരിഹാര്യങ്ങളല്ല. "മിതഭോഗം" എല്ലാവർക്കും അനുഷ്ഠിക്കാവുന്ന ഒരു ഗുണമാണ്. ഭക്ഷണം, പാനം, വിഷയസുഖം ഇവയെ ക്രമപ്പെടുത്തുവാൻ മനസ്സുണ്ടെങ്കിൽ ആർക്കും സാധിക്കാവുന്നതാണ്. പക്ഷെ അവയുടെ അന്യാദൃശമായ വശീകരണശക്തിയെ നിയമനം ചെയ്യുന്നതിന് അസാമാന്യമായ സ്വേച്ഛാവർജ്ജനം അഥവാ ഇന്ദ്രിയനിഗ്രഹം അത്യാവശ്യമാണ്. ഇതു് ഏറക്കുറെ അഭ്യാസംകൊണ്ടു സമ്പാദിക്കാവുന്നതാണ്. നാം ലോകത്തിൽ ലാക്കില്ലാതെ ഒഴുകി നടക്കുന്ന ഒരു പ്ലവംപോലെയല്ല സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു്. ബുദ്ധിയാകുന്ന ചുക്കാൻകൊണ്ടു നയിക്കപ്പെടേണ്ട സജീവനൌകകളാണ്. അതുകൊണ്ടു നാം നമ്മുടെ വിവേചനശക്തിയെ ഉപയോഗിച്ചു വേണ്ടവഴിക്കു ജീവിതം നയിക്കണം. ജീവിതത്തെ വൃഥാ രോഗപങ്കിലമാക്കാതെ സൂക്ഷിക്കണം. "ശൗചം" "മിതഭോഗം" "വ്യായാമം" ഇവ മൂന്നും നിർബന്ധമായി

അനുഷ്ഠിച്ചാൽ മനുഷ്യന് ഏറെക്കുറെ രോഗവിമുക്തനായി ജീവിക്കാൻ സാധിക്കുന്നതാണ്. ഇതിനു വലിയ ശ്രമമൊന്നും ആവശ്യമില്ല. നാം അരോഗദൃഢഗാത്രന്മാരായിരിക്കേണ്ടതു നമ്മോടു മാത്രമല്ല അടുത്ത തലമുറയോടും നമുക്കുള്ള കർത്തവ്യകർമ്മമാണ്. നമ്മുടെ പിൻതുടർച്ചാവകാശം വഴിക്ക് അവക്ക് ഒന്നും തന്നെ നൽകാൻ സാധിച്ചില്ലെങ്കിലും രോഗവും ബലക്ഷയവും നൽകാതിരിക്കയാണു വേണ്ടത്. നമ്മുടെ ഇന്നത്തെ വഷളത്വത്തിൻെറ ഫലം എത്ര ദൂരത്തോളം ബാധിക്കുമെന്നു നാം വിചാരിക്കുന്നില്ല. അടുത്ത തലമുറയെ ദുഷിപ്പിക്കുന്നതിനു നമുക്കവകാശമില്ല.

അതുകൊണ്ട് ആസ്പത്രികളും വൈദ്യശാലകളും വർദ്ധിപ്പിക്കണമെന്നു മുറവിളികൂട്ടാതെ രോഗോല്പാദനത്തെ തടയുകയാണു വേണ്ടത്. ഔഷധം നമ്മുടെ കൈയിൽത്തന്നെ ഉള്ളപ്പോൾ അന്യനെ ആശ്രയിക്കുന്നതെന്തിനാണ്? പരാശ്രയത്തിലേക്കാണ് ഇന്നത്തെ പരിഷ്കൃതജീവിതം വഴി കാണിക്കുന്നത്. ആസ്പത്രികളുടേയും ജയിലുകളുടേയും പോലീസ്സ്റ്റേഷൻെറയും മജിസ്ട്രേററ്സിയുടേയും വർദ്ധനവാണൊ പരിഷ്കാരലക്ഷണം? എന്നാൽ ഈ വിധമുള്ള പരിഷ്കാരത്തോടു ക്ഷണം യാത്ര പറയുകയാണ് ഉത്തമം. ചിന്താഗതി അല്പം തിരിഞ്ഞുപോയി എന്നു ഭയപ്പെടുന്നതിനാൽ അവിടെ നിൽക്കട്ടെ. പ്രസ്തുത വിഷയത്തെത്തന്നെ തുടരാം.

ഇന്നത്തെ മനുഷ്യൻ കായികമായ അവസാദനത്തിന് അധീനനായിട്ടാണിരിക്കുന്നത്. അമിതഭോഗം, അത്യധ്വാനം, അവ്യവസ്ഥിതമായ ആഹാരവിഹാരം, അശുചിത്വം, ലഹരിസാധനങ്ങളുടെ ഉപയോഗം, ഉയർന്നതരത്തിൽ ഭോഗപരമായ ജീവിതം, വിശ്രമവും വിരാമവും കൂടാതെയുള്ള കാര്യപ്രസക്തി മുതലായവ ദേഹത്തിനേയും മനസ്സിനേയും അതിയായി ക്ലേശിപ്പിക്കയും അവയുടെ സാധാരണഗതിയേയും വളർച്ചയേയും ശക്തിയേയും ദോഷകരമായി ബാധിക്കയും ചെയ്യുന്നു. സൂക്ഷ്മജ്ഞന്മാരായ ചിന്താവത്തുക്കളും നിരീക്ഷകന്മാരും ഈ ദോഷങ്ങളെ കാണുകയും അവയുടെ പ്രതിവിധികളെ ഏറെക്കുറെ ആരംഭിക്കയും ചെയ്തു തുടങ്ങിയിട്ടുമുണ്ട്. ശിശുവിദ്യാലയങ്ങളിലും യുവവിദ്യാലയങ്ങളിലും ഇപ്പോൾ "ശാരീരികസംരക്ഷണ"ത്തിനു പ്രാധാന്യം കല്പിച്ചുവരുന്നുണ്ട്. ഭാവിതലമുറയുടെ ആരോഗ്യത്തെ പുരസ്കരിച്ചു വിവിധതരത്തിലുള്ള വ്യായാമങ്ങളും വിനോദങ്ങളും ഇന്ന് ഒരുവിധം നിർബന്ധമാക്കിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ ദേഹപരിശോധനയ്ക്കും ആരോഗ്യനിർണ്ണയത്തിനും വേണ്ട വ്യവസ്ഥ ചെയ്തിട്ടുണ്ട്. തൊഴിൽശാലകളിലും ജോലിചെയ്യുന്ന കൂലിവേലക്കാരുടെ ആരോഗ്യരക്ഷയ്ക്കായി കർശനമായ നിയമങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. നിരന്തരം ജോലിചെയ്യുന്ന ഉദ്യോഗസ്ഥന്മാർക്കും വിദ്യാർത്ഥികൾക്കും അദ്ധ്യാപകന്മാർക്കും വർഷ

ത്തിൽ ഏതാനംഭാഗം വിശ്രമത്തിനായി അനുവദിച്ചിട്ടുണ്ട്. ഇവയൊക്കെയും ആരോഗ്യസംരക്ഷണത്തിന് ഉപയുക്തങ്ങളാണെങ്കിലും നിയമത്തിനൊന്നിനും അധീനമല്ലാതിരിക്കുന്ന നമ്മുടെ ദിനചര്യകളും ജീവിതക്രമവും രോഗങ്ങളെ ആകർഷിക്കുന്നതിനു പ്രവണങ്ങളായിട്ടാണിരിക്കുന്നത്. നാം സ്വയമേവ നിയമം അനുഷ്ഠിക്കുന്നതിൽ വിമുഖന്മാരായിട്ടുതന്നെ ഇരിക്കുന്നു. ഇന്ദ്രിയനിഗ്രഹം, സ്വേച്ഛാവർജ്ജനം ഈ വിഷയത്തിൽ നാം ഇന്ന് അശക്തന്മാരായിട്ടാണിരിക്കുന്നത്. മനുഷ്യനുള്ള രോഗങ്ങളിൽ പാതിയും അതിഭക്ഷണംകൊണ്ടും, മററുപാതി അമിതഭോഗം, അശുചി, അത്യധ്വാനം ഇവകൊണ്ടും ആണ് ഉത്ഭവിക്കുന്നത് എന്നു വിചാരിക്കുന്നതിൽ അബദ്ധമുണ്ടെന്നു തോന്നുന്നില്ല. ഓരോ മനുഷ്യനും, തൻെറ ജീവിതരീതിയെ മിതഭോഗം, ശുചി, വ്യായാമം ഇവകൊണ്ടു ക്രമപ്പെടുത്തുന്നതായാൽ ഇന്നു ലോകത്തിൽ കാണുന്ന അഴുക്കുകളെ നിശ്ശേഷം നീക്കുവാൻ സാധിച്ചില്ലെങ്കിലും, ഒട്ടധികം അലക്ഷ്മിയെ ഉന്മാർജ്ജനം ചെയ്‌വാൻ കഴിയുന്നതാണ്. അതുകൊണ്ടു നമ്മുടെ യഥാർത്ഥക്ഷേമവും, ലോകത്തിൻെറ നന്മയും, ഭാവിസന്താനങ്ങളുടെ രക്ഷയും, മനുഷ്യവർഗ്ഗത്തിൻെറ ശക്തിയുക്തമായ അഭിവൃദ്ധിയേയും ഉദ്ദേശിച്ചു നാം ഓരോരുത്തനും നമ്മുടെ ദുശ്ശീലങ്ങളെ നിയന്ത്രിച്ചും ജീവിതരീതിയെ ക്രമീകരിച്ചും ലോകയാത്ര ചെയ്യുന്നതിനു ശ്രമിക്കുന്നത് ആവശ്യവും യുക്തവുമായിരിക്കുമെന്നു തോന്നുന്നു. ഇന്ന് അതിപ്രധാനങ്ങളായ വ്യവസായം, വാണിജ്യം, കൃഷി ഇവയ്ക്കു പുഷ്ടിയും പ്രസരിപ്പുമുള്ള കായികവും മാനസികവുമായ ശക്തി അത്യാവശ്യമാണ്. ഗണബലത്തേക്കാൾ ഗുണബലമാണു വേണ്ടത്. രാജ്യതന്ത്രജ്ഞന്മാർക്കും സേനാനികൾക്കും ഇതുപോലെ തന്നെയാണ്. സാഹിത്യകാരന്മാർക്കും വ്യത്യാസമില്ല.

ആരോഗ്യം പ്രകൃതിയുടെ സൗന്ദര്യവും, രോഗം അതിൻെറ വൈരൂപ്യവും ആകുന്നു. ആരോഗ്യം നൈസർഗ്ഗികവും, രോഗം കൃത്രിമവുമാണ്. ആരോഗ്യം പ്രകൃതിയുടെ ധനരാശിയും, രോഗം അതിൻെറ ഋണരാശിയുമാണ്. ആരോഗ്യം സത്വഗുണവും, രോഗം തമോഗുണവുമാണ്. ആരോഗ്യം പ്രകൃതിയുടെ സഹജസ്വഭാവവും, രോഗം അതിൻെറ വികൃതസ്വഭാവവുമാണ്. ആരോഗ്യം പ്രകാശവും, രോഗം ഇരുളുമാണ്. ആരോഗ്യം പ്രകൃതിയുടെ മന്ദഹാസവും, രോഗം അതിൻെറ അപഹാസവുമാണ്. ആരോഗ്യം പ്രകൃതിയുടെ സൗരഭ്യവും, രോഗം അതിൻെറ പൂതിഗന്ധവുമാണ്. ആരോഗ്യം പ്രകൃതി നൽകുന്ന അനുഗ്രഹവും, രോഗം അതു നൽകുന്ന ശാപവുമാണ്. ആരോഗ്യം ഉത്സാഹവും, അനാരോഗ്യം വിഷാദവുമാണ്. ഇ

തിൽ ഏതാണു മനുഷ്യൻ വരിക്കേണ്ടതെന്നും, ഏതാണു ത്യജിക്കേണ്ടതെന്നും ഏതാണു ശുഭമെന്നും, ഏതാണ് അശുഭമെന്നും മനുഷ്യൻതന്നെ തീച്ച്യയാക്കേണ്ടതാണ്. നമ്മുടെ പ്രധാനശാസ്ത്രമായ ആയുർവേദമെന്തു പറയുന്നു.:—

"നിത്യം ഹിതാഹാരവിഹാരസേവീ
സമീക്ഷ്യകാരീവിഷയേഷ്വസക്തഃ
ദാതാ സമഃ സത്യപരഃ ക്ഷമാവാൻ
ആപ്തോപസേവീ ച ഭവത്യരോഗഃ"

ഈ വിലയേറിയ തത്വമനുസരിച്ചു നാം പ്രവൎത്തിക്കുന്നതായാൽ നമുക്ക് അരോഗപരവും, സന്മാൎഗ്ഗപരവും, സുഖപരവും, പുരുഷാൎത്ഥപ്രാപ്തിക്കു പൎയ്യാപ്തവുമായ ജീവിതം നിഷ്പ്രയാസം സാധിപ്പാൻ കഴിയുന്നതാണ്. അതായതു മൃത്യു പ്രതിദിനം നമ്മിൽനിന്നും അപഹരിക്കുന്ന അമിതമായ ചുങ്കം കുറയ്ക്കുകയൊ, ഇല്ലാതാക്കുകയൊ ചെയ്‌വാൻ നമുക്ക് അല്പസ്വല്പം സാധിക്കും. ചുരുക്കിപ്പറയുന്നതായാൽ ലോകശക്തി അധികമായി ക്ഷയിച്ചുപോകാതെ സൂക്ഷിക്കാൻ കഴിയും. ഇതുതന്നെ ഒരു വലിയ കാൎയ്യമാണല്ലൊ.

# ന്യായപ്രകാശിക.

(വിദ്വാൻ, വൈ. നാരായണയ്യർ)

## 102. കപിമണിന്യായം.

കപിയും വൈരക്കല്ലും പോലെ കുരങ്ങിന്റെ കൈയിൽ ഒരു രത്നം കിട്ടി. പൂച്ചയ്ക്കറിയാമോ പൊന്നിന്റെ വില?

"മണപ്പിച്ചു ചുംബിച്ചു നക്കിക്കടിച്ചി-
ട്ടിണങ്ങാതെ ദൂരത്തെറിഞ്ഞാൻ കുരങ്ങൻ
മണിശ്രേഷ്ഠ! മാഴ്കൊല്ല; നിന്നുള്ള കാണ്മാൻ
പണിപ്പെട്ടടയ്ക്കാഞ്ഞതേ നിന്റെ ഭാഗ്യം".

എന്ന് അന്യാപദേശരൂപത്തിൽ ഒരു കവി പാടീട്ടുണ്ട്. ഒരു സാധനത്തിന്റെ മഹിമയറിഞ്ഞുകൂടാത്തവന്റെ കൈയിൽ അതു ചെന്നുചേൎന്നാൽ

അതിന് അവമതിപ്പാണു ഫലം എന്നുവരുന്ന ഘട്ടങ്ങളിൽ ഈ ന്യായം പ്രവേശിക്കും.

103. കപിമാല്യന്യായം.

കുരങ്ങിൻെറ കൈയിൽ പൂമാല കിട്ടുക എന്നാൎത്ഥം; രത്നം കിട്ടിയാലുള്ള ഫലം മുൻപു പറഞ്ഞുവല്ലോ! ഇതും അതുപോലെ തന്നെ. രത്നം കഠോരവും, പുഷ്പം മൃദുവും ആയതുകൊണ്ടു രണ്ടിനും കുരങ്ങിൽനിന്നും ലഭിക്കുന്ന ഉപദ്രവത്തിനു കുറെ വ്യത്യാസമുണ്ട്. രത്നത്തിൽ കടിയേല്ക്കുകയില്ല, വലിച്ചെറിയുമെന്നേയുള്ളൂ. പൂമാലയെ ക്ഷണം പൊട്ടിക്കാം, കടിച്ചുകീറാം, ചവുട്ടി മെട്ടിക്കാം, അരച്ചു ഇഷ്ടംപോലെ രൂപക്കേടു വരുത്താം. ദുർവൃത്തന്മാരായ മേലധികാരികളുടെ—നിഗ്രഹാനുഗ്രഹശക്തി പേനത്തുമ്പിൽ തുളുമ്പുന്ന ദുഷ്ടമത്തധൂർവഹന്മാരുടെ ഉഗ്രംബലമായ ഭരണസീമയിൽപ്പെട്ടുപോകുന്ന ഭാഗ്യംകെട്ട കീഴ്സിൽബന്തികളുടെ അവസ്ഥ, കപിമാല്യന്യായംപോലെയെന്നു പറയാം. ദുഷ്പ്രഭുത്വത്തിൻെറ പ്രചണ്ഡതാണ്ഡവം എവിടെയെല്ലാമുണ്ടോ അവിടെയൊക്കെ പ്രസ്തുതന്യായത്തിനു സ്വാഗതം പറയാം.

104. കപോതമിഥുനന്യായം.

പ്രാവിണപോലെ, അതായതു ദമ്പതിപ്രാവുകൾപോലെ. സ്ത്രീപുരുഷപ്രേമത്തിൻെറ ഉത്തമപാഠം പ്രാക്കളിൽനിന്നാണു പഠിക്കേണ്ടതു്. അവ ഒരിക്കലും ദമ്പതിമാർ തമ്മിൽ കലഹിക്കുന്നില്ല; വിഹാരശയ്യാസനഭോജനാദികൾ ഒരുമിച്ചാണ്; ഒരിക്കലും ഇണ പിരിയുന്നില്ല. വൈഷയികന്മാരായ ലൗകികന്മാർ കപോതമിഥുനത്തിൻെറ ജീവിതത്തെ സാഭിലാഷം വീക്ഷിക്കയും സകൗതുകം കാംക്ഷിക്കയും ചെയ്യുന്നു. "നിഷ്കളങ്കപ്രേമം" എന്നയർത്ഥത്തിൽ ലൗകികന്മാർ ഈ ന്യായത്തെ വ്യവഹരിക്കും.

കപോതമിഥുനം സസ്യഭുക്കാണെങ്കിലും അത്യന്തം വിഷയാസക്തിയോടെ നടക്കുന്നു; ഇന്ദ്രിയസംയമനം സാധിക്കുന്നില്ല. സസ്യമെന്നും മാംസമെന്നും ഉള്ള ആഹാരഭേദമല്ല മനസ്സംയമത്തിനു നിദാനം എന്നു മാംസഭുക്കുകളൊ മാംസത്തോടു വിപ്രതിപത്തി ഇല്ലാത്തവരൊ ആയവർ സസ്യപക്ഷപാതികളുടെ മക്കടമുഷ്ടിയെ ഈ ഉദാഹരണംകൊണ്ടു് എതിൎക്കുന്നു.

105. കപോതവൃത്തിന്യായം.

കപോതങ്ങൾ കിട്ടുമ്പോൾ ആഹാരം കൊത്തിത്തിന്നുന്നുവെന്നല്ലാതെ അടുത്ത നേരത്തെ ആവശ്യത്തിനായി സഞ്ചയിച്ചു വയ്ക്കുന്നില്ല.

കിട്ടുമ്പോൾ ആഹാരം കഴിക്കുക, അടുത്ത നേരത്തെ ആഹാരത്തിനായി സഞ്ചയിക്കാതിരിക്കുക എന്ന വ്രതത്തോടുകൂടി ജീവിക്കുന്ന ഒരുതരം സന്യാസവൃത്തി ഉണ്ട്. ഉള്ളപ്പോൾ ഓണം, ഇല്ലാത്തപ്പോൾ ഏകാദശി എന്നു ജീവിച്ചു ഭാവിയെപ്പററി വിചാരിക്കാതെ കഴിച്ചുകൂട്ടുന്ന "ദീപാളിക്കാരെ"യും ഈ വർഗ്ഗത്തിൽപ്പെടുത്താം.

## 106. കരബദരന്യായം.

"കരബദരസദൃശമഖിലം
ഭുവനതലംയത് പ്രസാദതഃകവയഃ
പശ്യന്തിസൂക്ഷ്മമതയഃ
സാജയതുസരസ്വതീദേവീ"

നിരീക്ഷണബുദ്ധിയുള്ള കവികൾ സരസ്വതീകടാക്ഷത്താൽ ലോകത്തെയാകമാനം, ഉള്ളംകൈയിലെ ലന്തക്കായെന്നപോലെ, സുസ്പഷ്ടമായിക്കാണുന്നു. കൈയിലിരിക്കുന്ന ലന്തക്കായെ തിരിച്ചും മറിച്ചും നോക്കിക്കാണാൻ തടസ്സമില്ലല്ലോ! പ്രകൃതി മുഴുവനും അവരുടെ മനോമുകുരത്തിൽ പ്രതിബിംബിക്കുന്നു എന്നർത്ഥം. കൈപ്പുണ്ണു കാണാൻ കണ്ണാടി വേണ്ടെന്നു പറയുമല്ലൊ! സുസ്പഷ്ടമായി കാണുക, സ്വായത്തമായിരിക്കുക എന്നീയർത്ഥങ്ങളിൽ ഈ ന്യായം വ്യവഹരിക്കാം. യോഗികൾക്കു കുശലവും, സവ്യസാചികൾക്കു വിജയവും, പണ്ഡിതന്മാർക്കു വാക്‌കൗശലവും കൈത്തലത്തിലെ ബദരംപോലെ സർവ്വദാ സ്വാധീനത്തിലിരിക്കുന്നു. കരതലാമലകന്യായമെന്നും പറയാം. (ഉള്ളംകൈനെല്ലിക്ക.)

## 107. കരികളഭന്യായം.

കളഭമെന്നാൽ ആനക്കുട്ടിയെന്നർത്ഥം തന്നെയെങ്കിലും കരികളഭം എന്നു പ്രയോഗിക്കുന്നു; അർത്ഥപ്രതീതിക്കുള്ള സുഗമതയെക്കരുതി ആ പൗനരുക്ത്യത്തെ ഗണ്യമാക്കുന്നില്ല. തൈലമെന്നാൽ തിലത്തിൻെറ എണ്ണ എന്നാണർത്ഥം; എങ്കിലും മററനേകമെണ്ണകളുടെ തോന്നലുണ്ടാകാതിരിക്കുവാൻ തിലതൈലം എന്ന് എള്ളിൻെറ എണ്ണയെ പറയേണ്ടിയിരിക്കുന്നു. "എണ്ണ" എന്ന ഭാഷാപദവും "കളഭം"പോലെ തന്നെ. എൾ + നെയ് = എണ്ണെയ് = എണ്ണ. എന്നാൽ മററു തൈലങ്ങളുടെ ആവിഷ്കരണവും പ്രചാരവും ഉണ്ടായതോടുകൂടി എണ്ണ എന്ന വാക്ക് എള്ളിൻെറ സംബന്ധം വിട്ടു തൈലത്തിൻെറ കഥപോലെ തൈലസാമാന്യവാചിയായിത്തീർന്നു; എള്ളെണ്ണ എന്നു പറഞ്ഞാലെ ഉദ്ദിഷ്ടാർത്ഥപ്രതീതിയുണ്ടാവൂ എന്നു വന്നിരിക്കുന്നു. ഇതരപദം മുന്നിൽത്തൊടുത്തു ചേർക്കാതെതന്നെ ഒരു പദത്തി

ൻെറ ധാതുപരിശോധനയിൽ ആയതഥം ഉണ്ടായിരിക്കാമെങ്കിലും അത്ഥത്തിൻെറ ശീഘ്രസ്പൂരണത്തിനു വേണ്ടി ഇതരപദം മുന്നിൽത്തൊട്ടുത്തു സമസ്തപദങ്ങരം ഇതുപോലെ പലതും ഉണ്ടായിരിക്കാം. അവയെല്ലാം പ്രസ്തുതന്യായം പോലെയാണ്. ഗോബലീവർദ്ദന്യായം നോക്കുക.

108. കരിണീപ്രസവന്യായം.

ആനയുടെ പ്രസവംപോലെ. വളരെക്കാലം കൂട്ടുമ്പോരം ആന പ്രസവിക്കുന്നു; അതും ഒരു കുട്ടിയെ മാത്രം. പൂച്ചയെയും പട്ടിയേയും പോലെ ആണ്ടിൽ ഒന്നോ രണ്ടോ പ്രാവശ്യം ഗർഭം ധരിക്കയും ഒരു തവണയ്ക്കു എട്ടോ പത്തോ അല്പായുസ്സുകളായ ശിശുക്കളെ പ്രസവിക്കയും ചെയ്യുന്നില്ല. ആനക്കുട്ടിയൊ ദീർഘായുസ്സ്, വിലയേറിയതു്, രാജാക്കരംപോലും മാനിക്കുന്ന ഒന്നാണ്. പ്രസവത്തിൽ എണ്ണം ഒന്നെങ്കിലും ഉള്ളതു സർവ്വജനസമ്മാന്യമാണ്. എലിയും പൂച്ചയും മററും ഒരു തവണയ്ക്കു അസംഖ്യം ശിശുക്കളെപ്പെറുമെങ്കിലും അവ ബഹുജനദൃഷ്ടികളെ ആവജ്ജിക്കുന്നൊന്നല്ല. പ്രവൃത്തിയുടെ എണ്ണക്കൂട്ടതലല്ല, എണ്ണം കുറവെങ്കിലും ഉള്ളതു സ്തുത്യർഹമായിരിക്കണം—അതാണു മേന്മ; എന്ന അത്ഥത്തിൽ ഈ ന്യായത്തെ പ്രയോഗിക്കാം. കവികരം കാവ്യമെഴുതുന്നു. ചിലർ ജീവിതത്തിൽ പത്തോ പന്ത്രണ്ടോ പൊട്ടക്കാവ്യങ്ങരം എഴുതിയെന്നു വരാം; ചിലർ ഒന്നോ എഴുതിക്കാണുകയുള്ളു. ഉള്ളതു രത്നമായിരിക്കയും ചെയ്യും; അതാണു മാന്യത. മററു സന്ദർഭങ്ങരം സ്പഷ്ടം.

109. കാശകുശാവലംബന്യായം.

കാശകുശം=ആററുദർഭ. ആററുവെള്ളത്തിൽ ഒഴുകിപ്പോകുന്ന ഒരു മനുഷ്യൻ പ്രാണഭയം കൊണ്ടു് എതിലെങ്കിലും പിടികൂടി രക്ഷപ്പെടാൻ നോക്കും. ആററുവക്കുകളിൽ കാശപ്പുല്ലുകരം വളന്നുനില്ക്കും; അവ ബലമില്ലാത്തതാണ്; എങ്കിലും കുടിച്ചു ചാവാൻ പോകുന്നവനു് ആ വീണ്ടുവിചാരമൊന്നും അപ്പോഴത്തെ പരിഭ്രമത്തിൽ കാണുകയില്ല; കാശപ്പുല്ലിൽ മുറുകെപ്പിടിക്കും; പുല്ലിൻെറ വേരററു പിന്നെയും അവൻ ഒഴുക്കിൻെറ പിടിയിൽത്തന്നെ ചെല്ലും. പ്രയത്നം നിഷ്ഫലം. വാദത്തിൽ പ്രതിയോഗിയോടു എതിർത്തുനില്ക്കാൻ കെല്പില്ലാതെ വരുമ്പോരം വല്ല ദുർബലയുക്തികളും നിരത്ഥകമായിട്ടു പ്രയോഗിച്ചു്, തോൽവി സമ്മതിക്കാതെ, പുലമ്പുന്നതു കിശകുശാവലംബം പോലെയത്രെ.

110. കീശകിശോരന്യായം.

"കീശ"നിഘണ്ടു, "പോക്കററു"നിഘണ്ടു എന്നിങ്ങനെ ചില പ്രയോഗങ്ങരം കാണാറുണ്ടല്ലൊ! ഇവിടെ കീശത്തിൻെറ കിശോരം എന്നു

വിഗ്രഹം; കുരങ്ങിൻകുട്ടി എന്നൎത്ഥവും. കുരങ്ങിന്റെ മുമ്പിൽ ചൂടുള്ള ചോറു വച്ചുകൊടുത്താൽ "വെപ്രാളം" നിമിത്തം അതു് ഉടനെ വാരിത്തിന്നാൻ നോക്കും; കൈ പൊള്ളും. ഉടനെ കുട്ടിക്കുരങ്ങിന്റെ കൈ പിടിച്ചു് അതിനകത്തിട്ടു് ഇളക്കും. കുട്ടിക്കുരങ്ങു കൈ വേകുന്നതുകൊണ്ടു കഠിനമായി നിലവിളിക്കും. നിലവിളിയാരു വകവയ്ക്കുന്നു? വേഗം ചൂടാറി തനിക്കു തിന്നാണം എന്നു മാത്രമേ തനിക്കുദ്ദേശമുള്ളു. സ്വാൎത്ഥലാഭത്തിനു വേണ്ടി തന്റെ ചൊല്പടിയിൽ ജീവിക്കുന്ന സാധുപ്പുരിഷയെ തന്ത്രംകൊണ്ടോ ബലാൽക്കാരമായോ അപായകരങ്ങളായ പ്രവൃത്തികളിലേക്കു നയിക്കുന്ന ദുഷ്ടന്മാരുടെ പ്രവൃത്തിക്കു പ്രസ്തുത ന്യായം പ്രാതിനിധ്യം വഹിക്കുന്നു. ഉദാഹരണങ്ങൾ സുലഭം.

## 111. കുങ്കുമഗൎദ്ദഭന്യായം.

"വിദ്യകൊണ്ടറിയേണ്ടതറിയാതെ
വിദ്വാനെന്നു നടിക്കുന്നിതു ചിലർ
കുങ്കുമത്തിന്റെ ഗന്ധമറിയാതെ
കുങ്കുമം ചുമക്കും പോലെ ഗൎദ്ദഭം"

എന്നു പൂന്താനം നമ്പൂരി പാടിയിരിക്കുന്നു. വിദ്യകൊണ്ടു് എന്താണറിയേണ്ടതു്? നന്മ ഇന്നതു് തിന്മ ഇന്നതു് എന്നു വ്യാവൎത്തിച്ചറിയണം; ശാസ്ത്രോക്തം ആചരിക്കയും വേണം. ലോകത്തിൽ മൂഢന്മാർ രണ്ടുതരമാണു്; പഠിക്കാത്ത മൂഢന്മാരും പഠിച്ച മൂഢന്മാരും. ഈ രണ്ടുകൂട്ടരിൽ പഠിച്ച മൂഢന്മാരാണു കുങ്കുമം ചുമക്കുന്ന കഴുതകൾ; പഠിക്കാത്ത മൂഢന്മാർ പഴന്തുണി പേറുന്ന കഴുതകളായിക്കോട്ടെ! "വിദ്യാദദാതിവിനയം" എന്നാണു ചൊല്ലുള്ളതു്. "വിദ്യാദദാത്യവിനയം" എന്നാണു് അനുഭവം. ഈ അനുഭവത്തിൽപ്പെടുന്നവരും, അറിവനുസരിച്ചു് ആചരണമില്ലാത്തവരും ആയ ഗ്രന്ഥകീടങ്ങൾ പ്രസ്തുത ന്യായത്തിൽപ്പെടുന്നു. അന്ധദീപന്യായത്തിനും ഈ ന്യായത്തിനും അല്പം വ്യത്യാസമുണ്ടു്. അന്ധൻ മനുഷ്യനാണു്; ഗൎദ്ദഭം നിന്ദ്യജന്തുവാണു്. മുൻന്യായത്തിലെ അപഹാസത്തിനു മൂൎച്ച കുറവു്, പ്രസ്തുതന്യായത്തിലെ അപഹാസത്തിനു മൂൎച്ച കൂടുതൽ.

## 112. കുലകുഠാരന്യായം.

വംശത്തിനു കോടാലിപോലെ. ന്യായം വിശദമാക്കാൻ ഒരു ചെറിയ കഥയുണ്ടു്. ഒരു സ്ഥലത്തു രണ്ടു മരങ്ങൾ അടുത്തടുത്തു നിന്നു. ഒരു കൊല്ലൻ കോടാലി തീൎത്തുകൊണ്ടു വില്ക്കാൻ വരുന്നു, കോടാലിക്കു പിടിയില്ല; പിടി മരത്തടികൊണ്ടു് ഉണ്ടാക്കേണ്ടതാണല്ലൊ! കൂട്ടത്തിൽ ഒരു മ

രം മറേറമരത്തോടു പറഞ്ഞു—"കൂട്ടുകാര! ഇതാ നോക്കു! നമ്മുടെ നാശകാലം അടുത്തെന്നു തോന്നുന്നു. കണ്ടില്ലേ കോടാലിയും കൊണ്ടു വരുന്നതു്!" മറേറമരം മറുപടി കഥിച്ചു—"പേടിക്കേണ്ട! നമ്മുടെ ജാതിക്കാരൻ ഇല്ല അതിൽ; നമ്മുടെ ജാതിക്കാരനുണ്ടെങ്കിൽ ഭയപ്പെടണം." ഇരുമ്പുകൊണ്ടു കോടാലി തീർത്താലും മരം വെട്ടണമെങ്കിൽ മരപ്പിടികൂടെ ഇട്ടാലേ പററൂ; എത്ര മരം വേണമെങ്കിലും മുറിച്ചുതള്ളാം. കോടാലിപ്പിടിപോലെ സ്വന്തം വംശത്തിൻെറ നാശത്തിനു കാപ്പുകെട്ടി ശത്രുപക്ഷം പിടിച്ചു നില്ക്കുന്നവരെല്ലാം ഈ ലിസ്റ്റിൽ കൊള്ളാൻ അർഹന്മാരാണു്.

## 113. ഖല്വാടബില്വീയന്യായം.

ഖല്വാടൻ=കഴണ്ടിത്തലയൻ. ബില്വീയം=വില്വപ്പഴം, കൂവളക്കായു്. ഒരു കഴണ്ടിത്തലയൻ "ഒരുപിടി നെല്ലാൽ മലരു പൊരിക്കാവുന്ന" കട്ടംവെയിലത്തു നടന്നു കഷണിച്ചു് ഒരു വില്വമരച്ചുവട്ടിൽ വന്നിരുപ്പായി. ഉടൻതന്നെ മരത്തിൽനിന്നും ഒരു കൂവളക്കായു തലയിൽ വീണു തലയോടു പൊട്ടി. നോക്കുക! തലയിലെഴുത്തിൻെറ വലിപ്പം. ആപത്തിനു പരിഹാരം നേടുവാൻ അഭയസ്ഥാനത്തു ചെന്നപ്പോൾ അവിടെ ഇരട്ടിയാപത്താണുണ്ടാവുന്നതെങ്കിൽ അവിടെ ഈ ന്യായത്തെ പ്രയോഗിക്കാം. കുരുനിൽ കുരുവെന്നപോലെ മേൽക്കുമേൽ ആപത്തുവരിക.

## 114. ഗജഘണ്ടാന്യായം.

ആനയും മണിയും. "മാതംഗം വരുംമുൻപേ മണിനാദം ശ്രവിക്കുന്നു." ആന വരുന്നതിനു മുൻപേതന്നെ ചെവിയിൽ ചങ്ങലകിലുക്കം കേട്ടുകഴിയും. പ്രകൃതിയിൽ ഏതു സംഭവവും തൻെറ വരവിൻെറ സൂചന മുൻകൂട്ടിക്കാണിച്ചുകൊണ്ടേ വരികയുള്ളു. Coming events cast their shadows before. "ആഗാമികളായ സംഭവങ്ങൾ അവയുടെ ഛായകളെ മുൻപിൽ പ്രക്ഷേപിക്കുന്നു" എന്നാണു വിദ്വന്മതം.

ഭാവിയുടെ സൂചനകൾ വല്ലതും അതിനു മുൻകൂട്ടി ഒളിഞ്ഞോ, തെളിഞ്ഞോ കാണുന്നുവെങ്കിൽ അതു് ഈ ന്യായം പോലെയാകുന്നു.

## 115. ഗോമയപായസീയന്യായം.

ഗോമയത്തേയും പയസ്സിനേയും സംബന്ധിച്ച ന്യായം എന്നർത്ഥം പശുവിൽ നിന്നുമാണു രണ്ടും ലഭിക്കുന്നതു്. പശുവിൽ നിന്നും ലഭിക്കയാൽ പാലും ചാണകവും ഒന്നുപോലെ എന്നു ചിലർ വാദിക്കുന്നു. അർത്ഥമില്ലാത്ത അസംബന്ധവാദം. പാലാഴിയിൽനിന്നും ജനിച്ചു എന്ന സാധാരണ ധർമ്മം ഹേതുവായി, അമൃതവും വിഷവും ഒന്നുതന്നെ എന്നു വല്ലവരും

തൎക്കിക്കുന്നുവെങ്കിൽ ഒന്നുകിൽ അതു നേരംപോക്ക്; അല്ലെങ്കിൽ പിരിലൂസ്. രണ്ടിലൊന്നു തീൎച്ച. യുക്തിശൂന്യമായ വാദം എന്ന അൎത്ഥത്തിൽ ഈ ന്യായം പ്രയോഗിക്കപ്പെടുന്നു.

## 115. ഘടദീപന്യായം.

കുടത്തിലെ വിളക്ക് എന്നു ചിലരെപ്പററി പറയാറുണ്ടല്ലൊ! അതുതന്നെ ഈ ന്യായം. വിളക്കു കത്തിച്ചു കുടത്തിനുള്ളിൽ വച്ചാൽ ആ വെളിച്ചത്തെ പുറമെ ആരും കാണുകയില്ല, കുടമെന്ന ആവരണമിരിക്കുന്നതുകൊണ്ട് ആ വെളിച്ചത്തിനു വെളിയിൽ വരാൻ ശേഷിയുമില്ല. ഈ ന്യായത്തിൽ ദീപം എന്ന പദം വിജ്ഞാനത്തിനു പകരമായി നില്ക്കുന്നു. വിജ്ഞാനം മനസ്സിലെ വെളിച്ചവും ദീപമെന്നതു ഭൗതികവെളിച്ചവുമാണല്ലൊ! പാണ്ഡിത്യദീപം എന്ന അൎത്ഥത്തിൽ പാണ്ഡിത്യപദത്തെ നിഗീരണം ചെയ്തുള്ള രൂപകാതിശയോക്തിയായിട്ടാണ് ഈ ന്യായസമാസത്തിൽ "ദീപ"പദം നില്ക്കുന്നതു്.

പണ്ഡിതന്മാരെ രണ്ടുവകയായി തിരിക്കാം. പാണ്ഡിത്യത്തിനു തക്ക പ്രസരിപ്പ് ഉള്ളവർ. പാണ്ഡിത്യമുണ്ടെങ്കിലും അതിനെ പ്രദൎശിപ്പിക്കാൻ വശമില്ലാത്തവരും പ്രസരിപ്പൊ, ഊൎജ്ജസ്വലതയൊ ഇല്ലാത്തവരും ആയ "ഗുഡ്ഫ്രൈഡേമുഖക്കാർ" അഥവാ "ദുഃഖവെള്ളിയാഴ്ചക്കാർ." ഇതിലെ രണ്ടാം ഇനക്കാരെയാണു ഘടദീപന്യായത്തിൽ ഉൾപ്പെടുത്തുന്നതു്.

പേരിലും പെരുമയിലും മോഹമില്ലാത്തവരും, നിറകുടങ്ങളും, വിദ്യാസമ്പന്നതയുടെ പാരമ്യത്തിന്റെ ഫലമായ വിനയദൈവതത്തിന്റെ പാവനക്ഷേത്രങ്ങളും ആയ യഥാൎത്ഥമഹാന്മാരെ ചില പണ്ഡിതമ്മന്യന്മാർ അവിവേകംകൊണ്ടു ഘടദീപങ്ങളെന്നു പറഞ്ഞേക്കാം. എന്നാൽ ആ മഹാന്മാർ വിദ്യയെ പ്രകാശിപ്പിക്കാൻ അറിഞ്ഞുകൂടാത്തവരല്ല. അവർ പാത്രമറിഞ്ഞു പാണ്ഡിത്യത്തെ പ്രയോഗിക്കും; കഴുത്തിൽ ചെണ്ടകെട്ടിയിട്ടുകൊണ്ടു "തമുക്കടിച്ചു" നടക്കുകയില്ല. അത്തരം മഹാത്മാക്കളെ "ഖനിവജ്റങ്ങൾ" എന്നു വേണം പറയേണ്ടതു്.

ഖനിവജ്റങ്ങൾക്കും, ഘടദീപങ്ങൾക്കും ഉള്ള ഭേദം സ്പഷ്ടം.

# ആത്മീയായോധനം.

(ടാഗോർ)

ആത്മീയതത്വത്തെ ഭൗമരാഷ്ട്രത്തിൻെറ പരിധിയിൽ നിന്നും സ്വർഗ്ഗീയരാഷ്ട്രത്തിലേക്കു നീക്കിയതു നിമിത്തം മനുഷ്യൻ ഇതേവരെ രാജ്യതന്ത്രത്തിലാകട്ടെ, മററു ലോകകാര്യങ്ങളിലാകട്ടെ ഉൽകൃഷ്ടാദർശങ്ങളെ അവയുടെ ഗൗരവത്തിനു തക്കവണ്ണം അംഗീകരിച്ചിട്ടില്ലെന്നു വിചാരിക്കാം. അതുകൊണ്ടാണു വ്യക്തികൾ തമ്മിൽ ഭിന്നാഭിപ്രായങ്ങൾ ഉണ്ടാകുമ്പോൾ അക്രമത്തെ പ്രോത്സാഹിപ്പിക്കാതെ അതിനെ ശിക്ഷാർഹമാക്കുന്നതു്. എന്നാൽ ഈ ഭിന്നിപ്പു ദേശങ്ങൾ തമ്മിലായിരിക്കുമ്പോൾ അനീതികളെ ശിക്ഷിക്കയില്ലെന്നു തന്നെയല്ല, അവയെ പ്രശംസിക്കയുംകൂടി ചെയ്യുന്നു. മനുഷ്യചരിത്രത്തിൻെറ പ്രഭാവം മുതൽക്കു ബുദ്ധൻ ക്രിസ്തു മുതലായ നരോത്തമന്മാർ അക്രമരാഹിത്യം എന്ന ആദർശത്തെ അവലംബിച്ചു. അവർ അവരുടെ ശത്രുക്കളെ സ്നേഹിക്കുകയും ശാന്തതകൊണ്ടു ദൗഷ്ട്യത്തെ നിരാകരിക്കയും ചെയ്തുവന്നു. എന്നാൽ നാമാകട്ടെ അവർ നിർദ്ദേശിച്ച ഉത്തരവാദിത്വത്തെ സ്വീകാര്യമായി ഇതുവരെയും ഗണിച്ചിട്ടില്ല.

ഈ ലോകത്തിൽ ആയോധനം അവശ്യമാണ്. നമ്മെ അഭിമുഖീകരിക്കുന്ന ദോഷങ്ങളോടു നിത്യം സമരം ചെയ്യുന്നതിനു നാം നിർബന്ധിതരായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ എപ്പോൾ നാം അസത്യത്തിനു പ്രവേശനം അനുവദിക്കുന്നുവൊ അപ്പോൾ അതിനു ജീവിക്കുവാനുള്ള അവകാശം ഉണ്ടെന്നു സമ്മതിക്കുന്നു. എന്നാൽ മനുഷ്യലോകത്തിലുള്ള യുദ്ധം ഭാരതീയരായ നാം പറയുന്ന ധർമ്മയുദ്ധം അല്ലെങ്കിൽ ആത്മീയസമരമായിരിക്കണം. അതിൽ നമ്മുടെ ആത്മീയബലങ്ങളെ ദോഷങ്ങളുടെ നിന്ദ്യമായ അക്രമത്തിനോടു് എതിരായി സജ്ജമാക്കണം. ഇതാണു മഹാത്മാഗാന്ധി അവലംബിച്ചിട്ടുള്ള അത്യുൽകൃഷ്ടമായ ആദർശം. മനുഷ്യൻെറ അതിമഹത്തായ ബലത്തെ വ്യക്തികൾ തമ്മിലുള്ള ഭിന്നിപ്പിൽ മാത്രമല്ല, ദേശങ്ങൾ തമ്മിലുള്ള സംഘട്ടനങ്ങളിൽ കൂടിയും നിർഭയം പ്രയോഗിക്കണമെന്നാണ് അദ്ദേഹം തൻെറ അനുയായികളോടു് ആജ്ഞാപിക്കുന്നതു്.

അപരിഷ്കൃതകാലത്തു മനുഷ്യൻെറ ക്ഷുത്തിനു, ഭക്ഷണാന്വേഷണപരിധിക്ക്, ഒരു സീമ കല്പിക്കപ്പെട്ടിട്ടില്ലായിരുന്നു. ആ പരിധിയിൽ മനുഷ്യമാംസംകൂടെ ഉൾപ്പെട്ടിരിക്കും. എന്നാൽ മനുഷ്യസമുദായത്തിൻെറ വളർച്ചയോടുകൂടി ഇതിനെ തീരെ സംഭാവ്യമല്ലാതെയാക്കിത്തീർത്തിട്ടുണ്ട്.

ഇതുപോലെതന്നെ എന്തെല്ലാം അശുഭഫലങ്ങളെ നമുക്ക് അഭിമുഖീകരിക്കേണ്ടിവന്നാലും ഭേദോപായത്തിന്റെ പ്രയോഗം ഒരിക്കലും നീതീകരിക്കാൻ പാടില്ലാത്ത ഒരു ഭാവികാലത്തെ നാം പ്രതീക്ഷിക്കുന്നു. എന്തുകൊണ്ടെന്നാൽ ഒരു പരസ്പരകലഹത്തിൽ ഉള്ള വിജയം സന്മാർഗ്ഗദൃഷ്ട്യാ ഒരു പൂർണ്ണപരാജയമായി ഗണിക്കപ്പെടാം. നാം അതിനു വ്യയം ചെയ്യുന്ന ആത്മീയധനത്തിനു നമുക്കു കിട്ടുന്ന ഭൗതികപ്രതിഫലം ഏററവും തുച്ഛമാണ്. ഒരു നികൃഷ്ടമായ വിജയലാഭത്തിനുവേണ്ടി നമ്മുടെ ആത്മാവിനെ വില്ക്കുന്നതിനേക്കാൾ നമുക്കുള്ള എല്ലാം തന്നെ നഷ്ടപ്പെടുന്നതാണ് ഉത്തമം. രാജ്യതന്ത്രപരിധിയിലേക്കും ഈ ആദർശത്തെ ആവാഹിച്ചതുകൊണ്ടാണു നാം മഹാത്മാഗാന്ധിയെ ബഹുമാനിക്കുന്നത്. മനുഷ്യവർഗ്ഗം അതിന്റെ പ്രബുദ്ധമായ ഗൗരവത്തോടുകൂടി പ്രതികാരേച്ഛകൂടാതെ അവമാനവും പീഡയും സഹിക്കുന്നതായാൽ ശത്രുശക്തി എത്ര ദയനീയമായ വിധത്തിലും പരാജയപ്പെടുന്നുവെന്ന് അദ്ദേഹത്തിനാൽ നീതമായ ഭാരതം പ്രതിദിനം തെളിയിക്കുന്നു. ഇന്നു ഭാരതം അതിന്റെ മഹാനായ നേതാവിനാൽ ഉന്മുഷിതമായി ഇതാ മനുഷ്യചരിത്രത്തിന്റെ ഇപ്പോൾ ആരംഭിച്ചിരിക്കുന്ന പുതിയ അദ്ധ്യായം തുറക്കുന്നു.

## പുതുവത്സരം.

(വെള്ളാശ്ശേരി ഗോവിന്ദമേനോൻ)

1. കാലാംബുരാശിത്തിരമാലയൊന്നിതാ
വേലാതലത്തിങ്കലലച്ചുടഞ്ഞുപോയ്;
കോലാഹലത്തോടണയുന്നു പിന്നെയും;
മാലാർന്നിടാതുണ്ടതിലേകനാവികൻ.

2. പ്രീതിക്കു വേണ്ടും വിഭവങ്ങൾനേടുവാൻ
ഭ്രാന്തിക്കുതപ്പിത്തദലബ്ധികാരണം
മാൽതിങ്ങിവാഴ്‌വൂ ചില,രന്യരോ സദാ
വ്യാതിക്കു ഹേതുക്ലേശമയത്തിടുന്നവർ.

3. ഭോഗങ്ങളിൽ തൃപ്തി വരാതനേകപേർ;
രാഗക്ഷയത്താലഴലേല്പു കാമുകർ;
ആഗസ്സുപോക്കാൻ തുനിവൂ വയോധികർ;
രോഗപ്രശാന്തിക്കഴലുന്നിതാതുരർ.

4. പാരിത്തരത്തിൽ പലമട്ടഴറെറാടെ
പാരിച്ച നൈരാശ്യമിയന്നുവാഴ്കവേ,
നേരിട്ടുനോക്കീടുകപോലുമെന്നിയേ
ഭൂരിക്ഷണം വഷമിതാ കടന്നുപോയ്.

5. ലോകാഭിതാപപ്രദനോ ശുഭാത്ഥിയോ
വൈകാതണഞ്ഞൂ പുതുതായ വത്സരം;
ശ്രീകാളമോണോത്സമാം മുഖത്തിനാ-
ലാകാംക്ഷിതാനുഗ്രഹനെന്നുരച്ചിടാം.

6. നിമ്മത്സരശ്രീകരശുദ്ധഹൃത്തൊടും
ധമ്മത്തിനുന്നായി വരുന്ന മാതിരി
കമ്മങ്ങൾ നാം ചെയ്യുക, ലോകമാകവേ
ശമ്മക്കുളിർപ്പൂന്തണലിൽ സുഖിക്കുവാൻ.

## ഭാരതം ഇന്നും സചേതനമായിരിക്കുന്നതു് എന്തുകൊണ്ടു്?

(നാഗേന്ദ്രനാഥഗുപ്ത)

വ്യക്തികളുടെ ആയുസ്സിനു നിശ്ചിതമായ അന്തമുണ്ടു്. അതു പോലെതന്നെ സാമ്രാജ്യങ്ങളുടെ സ്ഥിതിയും. മനുഷ്യായുസ്സിൻെറ ദൈഘ്യം ഭേദപ്പെട്ടിരിക്കുന്നതുപോലെതന്നെ ആണു സാമ്രാജ്യങ്ങളുടെ അവസ്ഥയും. ഇങ്ങനെയിരുന്നാലും സാമ്രാജ്യങ്ങൾ അവയ്ക്കു ബാഹ്യമായുള്ള ഒരു ചൈതന്യത്തിൻെറ ശക്തികൊണ്ടു് അസാധാരണമായ ആയുർദൈഘ്യം പ്രാപിച്ചിട്ടുള്ളതിനു ദൃഷ്ടാന്തം ഇല്ലാതില്ല. പുരാതനഗ്രീക്കുകാരും റോമൻകാരും പുരാതനഭാരതീയരെപ്പോലെതന്നെ ഒരേ മനുഷ്യവംശത്തിൽ ഉൾപ്പെട്ടവരാണെന്നുള്ളതിനു തക്കമില്ല. അവരുടെ ബന്ധുത്വം അപ്ര

തിഷേധ്യമാണ്. ഒരുകാലത്തു് അവർക്കെല്ലാവർക്കും ഒരു ഭാഷതന്നെ ഉണ്ടായിരുന്നിരിക്കാം. എന്നാൽ അവർ പിരിഞ്ഞു പലവഴിക്കു പോയതോടുകൂടി ഭാഷാപരമായ വ്യത്യാസങ്ങളും സംഭവിച്ചിരിക്കാം. ഈ ഉപഭാഷകൾ കാലക്രമംകൊണ്ടു പ്രത്യേകഭാഷകളായും തീർന്നിരിക്കാം. എന്നാൽ അവരുടെ മതപരമായ വിശ്വാസങ്ങളിൽ ഉണ്ടായിരുന്ന സാമ്യം ശേഷിച്ചിരുന്നു. ആര്യന്മാർ, ഗ്രീക്കുകാർ, റോമൻകാർ ഇവർക്കു് ഏകദേശം ഒരുപോലെയിരുന്ന ഈശ്വരന്മാരും, ഈശ്വരിമാരും ഉണ്ടായിരുന്നു. ഭാരതത്തിൽ ആര്യമതത്തോടും ആര്യസംസ്കാരത്തോടും മത്സരിക്കത്തക്ക മററു് ഒരു മതവും സംസ്കാരവും ഉണ്ടായിരുന്നില്ല.

എന്നാൽ ഇന്നത്തെ സ്ഥിതി വളരെ വ്യത്യാസപ്പെട്ടിരിക്കുന്നു. പുരാതനഗ്രീസും, റോമും അവരുടെ പൂർവ്വവിശ്വാസങ്ങളെ നിശ്ശേഷം ത്യജിച്ചിരിക്കുന്നു. ഇന്നത്തെ ഗ്രീക്കുകാരും ഇററാലിയന്മാരും പുരാതനഗ്രീക്കുകാരും റോമൻകാരിൽനിന്നും നിശ്ശേഷം വ്യത്യാസപ്പെട്ടിരിക്കുന്നുവെന്നു മാത്രമല്ല അവരുടെ പൂർവ്വവിശ്വാസങ്ങളോടു് അവർക്കു യാതൊരു ബന്ധവും ഇല്ലാതായും തീർന്നിരിക്കുന്നു. ഗ്രീക്കും, ലാററിനും ഭാഷകൾ ഇന്നും സാഹിത്യഭാഷകളായി പലയിടത്തും ആദരിച്ചുവരുന്നുണ്ടു്. ഇവയിലെ സാഹിത്യങ്ങൾക്കു് ഒരിക്കലും നാശം സംഭവിക്കാനിടയില്ല. എന്നാൽ അവരുടെ പുരാതനത്വത്തിനും ആധുനികത്വത്തിനും തമ്മിൽ ഈ ഒരു ഒററ സജീവബന്ധമല്ലാതെ മററു ബന്ധങ്ങളൊന്നും തന്നെയില്ല. ഗ്രീസിൻെറയും റോമിൻെറയും പുരാതനഭാഷകളേയും സാഹിത്യങ്ങളേയും ഇന്നും പ്രശംസിക്കുകയും പഠിക്കുകയും ചെയ്യുന്നുണ്ടെങ്കിലും ഇവരുടെ പുരാതനമതവിശ്വാസങ്ങൾ അന്ധവിശ്വാസങ്ങൾ എന്ന നിലയിൽ ആക്ഷേപാർഹങ്ങളായി ഭവിച്ചിരിക്കുന്നു.

എന്നാൽ ഭാരതത്തിൻെറ സ്ഥിതി നോക്കുക. ഇന്നത്തെ ഭാരതീയർ ഇന്നത്തെ ഗ്രീക്കുകാരും ഇററലിക്കാരും അവരുടെ പൂർവ്വന്മാരിൽനിന്നും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നുവോ അതുപോലെതന്നെ പുരാതനഭാരതീയരിൽനിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. എന്നാൽ ഭാരതീയർക്കുള്ള ഒരു പ്രധാനമായ വ്യത്യാസം ഇതാണ്. ഇന്നത്തെ ഭാരതീയർ പുരാതനഭാരതത്തോടു് അവർക്കുണ്ടായിരുന്ന ബന്ധത്തെ ഖണ്ഡിച്ചിട്ടില്ല. വിദൂരമായ പുരാതനകാലങ്ങളിൽ തുടങ്ങി അഭ്യാപി അവിച്ഛിന്നമായ ഒരു സംസ്കാരപരമ്പര നിലനിന്നുപോരുന്നു. ആ ശൃംഖലയുടെ ഓരോ കണ്ണിയും പരീക്ഷയിൽ അനവച്ഛേദ്യമാണെന്നു കാണപ്പെട്ടിരിക്കുന്നു. പല ദുർഘടഘട്ടങ്ങളിലും അതിൻെറ പഴയ സംസ്കാരത്തിൽനിന്നും പിടി വിടുന്നതിനു ഭാരതം വൈമനസ്യം പ്രകടിപ്പിച്ചിട്ടുണ്ടു്. പഴയ വിശ്വാസങ്ങളിൽ നിന്നു ഭാരതത്തെ പിന്മാററുന്നതിനു വലിയ ശ്രമങ്ങൾ ഉണ്ടായി എങ്കിലും അവ

വിഫലങ്ങളായി ഭവിച്ചേയുള്ളു. ഗ്രീസിലും റോമിലും യൂറോപ്പിലെ മററു ദേശങ്ങളിലും ക്രിസ്തുമതം പ്രചരിപ്പിച്ചതു സാമോപായം കൊണ്ടു മാത്രമാണ്. എന്നാൽ ഭാരതത്തെ നോക്കുക. അവിടെ വിദേശീയരുടെ നിരന്തരമായ ആക്രമണവും, വിജയവും, വിഗ്രഹഭഞ്ജനവും, മതപരിവത്തനശ്രമവും പ്രബലമായി നടന്നുവന്നിരുന്നു. ക്ഷേത്രങ്ങൾ സഹസ്രശഃ നശിപ്പിക്കപ്പെട്ടു. വിഗ്രഹങ്ങളും പ്രതിമകളും ലക്ഷക്കണക്കിനു ഭഞ്ജിക്കപ്പെട്ടു. അംഗഭംഗപ്പെട്ടവയ്ക്കു കൈയും കണക്കുമില്ല. ഇതുപോലെതന്നെ അനേകം അമൂല്യങ്ങളായ ഗ്രന്ഥങ്ങളെ അവയുടെ വിലയറിയാതെ ചുട്ടുകരിക്കയും ചെയ്തിട്ടുണ്ട്. അതിനും പുറമെ ബുദ്ധമതവും, വൈദികമതവും തമ്മിൽ ഭയങ്കരമായ ശണ്ഠയും ആദ്യകാലത്തുണ്ടായിട്ടുണ്ട്. എന്നിട്ടും ഭാരതീയരുടെ സംസ്കാരവും മതവും ഇന്നും അനശ്വരങ്ങളായി നില്ക്കുന്നു.

ഭാരതത്തിൽനിന്നും ആര്യമതത്തെ ഉന്മൂലനം ചെയ്യുന്നതിനു ലോകത്തിലെ മൂന്നു പ്രധാനമതങ്ങൾ ഒന്നിനു പുറകെ ഒന്നായി ശ്രമിച്ചിട്ടുണ്ട്. അവ മൂന്നും പരാജിതങ്ങളായി ഭവിച്ചു. അസംഖ്യം ജനങ്ങളെ മതപരിവത്തനം ചെയ്യുന്നതിന് അവയ്ക്കു സാധിച്ചുവെങ്കിലും അതിലും ശതഗുണം ജനങ്ങൾ ഇന്നു ആ മതത്തെത്തന്നെ അവലംബിച്ചുവത്തിക്കുന്നു. ആര്യമതം അനുയായികളുടെ അഭാവം നിമിത്തം നശിച്ചുപോകുമെന്നു ഭയപ്പെടാൻ വഴിയില്ല. ഭാരതത്തിലെ ജനങ്ങൾ പ്രദശിപ്പിച്ചുവരുന്ന ഈ സഹനശക്തിക്കു രണ്ടു കാരണങ്ങളുണ്ട്. അവ ആര്യമതസിദ്ധാന്തങ്ങളും സംസ്കാരങ്ങളുമാകുന്നു. ഗ്രീസിലേയും റോമിലേയും ശ്രേഷ്ഠങ്ങളായ സാഹിത്യങ്ങളേയും ശാസ്ത്രങ്ങളേയും ലോകം ഇന്നും ബഹുമാനിക്കുന്നു. പക്ഷെ ഈ ദേശക്കാരുടെ മതസാഹിത്യത്തെക്കുറിച്ചു ലോകം കേട്ടിട്ടുതന്നെയില്ല. എന്നാൽ ഭാരതത്തിൻെറ ആത്മാവു് അതിൻെറ മതോൽക്കഷ്ത്തിലാണു വത്തിക്കുന്നതെന്നു പറയുന്നതിൽ അബദ്ധമില്ല. ആ മതം ഇന്നും അവിനാശിയായിരിക്കുന്നതുകൊണ്ടു മററു സാമ്രാജ്യങ്ങളെപ്പോലെ ഭാരതം നശിക്കാതെ ഇന്നും വത്തിക്കുന്നു.

ഇക്കഴിഞ്ഞ ഇരുപതു നൂററാണ്ടിനിടയ്ക്കു മനുഷ്യവഗ്ഗത്തിൻെറ പരമോദ്ദേശ്യസിദ്ധിമാഗ്ഗത്തിൽ ലോകം വളരെ ദൂരം മുന്നോട്ടു പോയിട്ടുണ്ടെന്നു പരക്കെ ഒരു വിശ്വാസമുണ്ട്. ആവിയേയും വിദ്യുച്ഛക്തിയേയും മനുഷ്യൻ സ്വവശഗങ്ങളാക്കിത്തീത്തിട്ടുണ്ട്. പഞ്ചഭൂതങ്ങളെ കീഴടക്കി ജലമാഗ്ഗമായും വായുമാഗ്ഗമായും തുല്യസൗകയ്യത്തോടെ അവൻ സഞ്ചരിക്കുന്നു. എന്നാൽ ഈ അത്ഭുതകരമായ ഭൗതികസൗഭാഗ്യത്തിൻെറ പിന്നിൽ ഒരു ഭയങ്കരസ്വരൂപം നില്ക്കുന്നതായി കാണാം. ഇതു നാശത്തിൻേറയും ദുരിതത്തിൻേറയും നിഴൽതന്നെയാണ്. പള്ളികളിലും ആശ്രമങ്ങളിലും ക്രിസ്തു ഉണ്ടായിരിക്കാം. എന്നാൽ പാശ്ചാത്യലോകത്തിലെ സുധമ്മകളിലും ആ

ലോചനസഭകളിലും ഇല്ലെന്നുള്ളതു തീർച്ചയാണ്. അവിടെ ദുർദ്ദേവത അഭിഷിക്തയായി വർത്തിക്കുന്നു.

ഇന്നു ഭാരതത്തിനു ദുഷ്കാലമാണ്. അതിന്റെ പുരാതനമഹത്വം നഷ്ടപ്പെടുകയും അതു് അനേകം മേധാവികളുടെ ആജ്ഞാവശംവദയായി ഭവിക്കുകയും ചെയ്തിരിക്കുന്നു. അതിന്റെ ആദർശങ്ങളും സ്ഥാപനങ്ങളും നാശോന്മുഖങ്ങളായി തീർന്നിരിക്കുന്നു. അതിന്റെ പുരാതനമതത്തിന്റെ നൈർമ്മല്യത്തിനു പുറമെ അനേകശതവർഷങ്ങളിലെ മാലിന്യങ്ങൾ പററിപ്പിടിച്ചിരിക്കുന്നു. പഴയവൈദികവിജ്ഞാനത്തിന്റെ സ്ഥാനത്തിൽ അപരിഷ്കൃതങ്ങളായ അനേകം തന്ത്രങ്ങളും ആരാധനക്രമങ്ങളും അവരോധിക്കപ്പെട്ടിരിക്കുന്നു. ഉപനിഷത്തുകളുടെ ഉത്തുംഗശൃംഗങ്ങളിൽനിന്നും സാളഗ്രാമപൂജയെ ഉപദേശിക്കുന്ന ബ്രഹ്മവൈവർത്തപുരാണത്തിലേക്കുള്ള അധഃപതനം ശോചനീയം തന്നെ. ഇന്നു മതം മഹാനസത്തിലാണു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നതു്. മതോപദേഷ്ടാവിന്റെയും തത്വജ്ഞാനിയുടേയും സ്ഥാനത്തു് ഇന്നു പുരോഹിതൻ അധികാരം വഹിക്കുന്നു. ക്ഷേത്രങ്ങളിൽ ആരാധനയ്ക്കുള്ള അവകാശം അന്യമതക്കാർക്കു മാത്രമല്ല താഴ്ന്ന നിലയിലുള്ള ഹിന്ദുക്കൾക്കുകൂടിയും നിരോധിക്കപ്പെട്ടിരിക്കുന്നു. ഈ ദുഷ്ടവ്രണം ഭാരതത്തിന്റെ ശരീരത്തെ ദുഷിപ്പിക്കാൻ അനുവദിക്കുന്നിടത്തോളം കാലം രാജ്യത്തിന്റെ രാഷ്ട്രീയനിർവൃതിയും ജനങ്ങളുടെ അഭ്യുദയവും അസാദ്ധ്യമാണ്.

ഭാരതം അതിന്റെ അത്യുച്ചസ്ഥാനത്തിൽനിന്നും അധഃപതിച്ചുവെങ്കിലും ഇന്നും അതിന്റെ പൂർവ്വസ്ഥിതിയെ ഉപേക്ഷിക്കുകയൊ വിസ്മരിക്കുകയൊ ചെയ്തിട്ടില്ല. വേദത്തിന്ന് അനേകായിരം വർഷങ്ങൾക്കു മുമ്പുണ്ടായിരുന്ന പ്രാമാണ്യം അവിതർക്കിതമായി ഇന്നും ആദരിക്കപ്പെട്ടുവരുന്നു. ഋഗ്വേദത്തിലെ മന്ത്രങ്ങളും സാമവേദത്തിലെ ഗാനങ്ങളും പണ്ടു സരസ്വതീനദീതീരത്തിൽ ഉച്ചരിക്കപ്പെട്ടതുപോലെ ഇന്നു ഗംഗാതീരത്തിൽ വാരാണസിയിൽ ഉച്ചരിക്കപ്പെട്ടുവരുന്നു. ഉപനിഷത്തും, വേദാന്തവും, തത്വശാസ്ത്രങ്ങളും ഇന്നും പണ്ടത്തെപ്പോലെ ഭക്തിപൂർവ്വം അഭ്യസിക്കപ്പെട്ടുവരുന്നു. ഗ്രന്ഥങ്ങൾ മുഴുവനും മനഃപാഠമാക്കുന്ന രീതി ഇന്നും ഉപേക്ഷിക്കപ്പെട്ടിട്ടില്ല. അനേകം ഉപമതങ്ങളും ഭിന്നമതങ്ങളും അനേകം മതാചാര്യന്മാരും അവതാരപുരുഷന്മാരും പുതിയ മതങ്ങളും ഭാരതത്തിൽ ഉത്ഭവിച്ചിട്ടുണ്ടെങ്കിലും അവയെല്ലാക്കെയും ഉപരിയായി ആത്മജ്ഞാനത്തിന്റെ പ്രസ്രവണവും ആത്മീയശക്തിയുടെ ഉല്പത്തിസ്ഥാനവും ആയ പുരാതനസിദ്ധാന്തം സ്ഥിതിചെയ്യുന്നു. പുരാതന ആര്യന്മാരുടെ വിജ്ഞാനത്തേയും മാഹാത്മ്യത്തേയും മനസ്സിന്റെ ഐകാഗ്ര്യത്തേയും അതിശയിക്കുന്നതിനു മററു ഏതു മതക്കാരും ആഗ്രഹിക്കുന്നതു നിഷ്ഫലമാണ്.

ഈ സുസ്ഥിരമായ മതനിഷ്ഠയാണു ഭാരതത്തെ നാശഗൎത്തത്തിൽ നിന്നും രക്ഷിച്ചുപോരുന്നതു്. അതു് ഏതു കാററിലും കെട്ടിയ കടവിൽ നിന്നും മാറാതെ സ്ഥിതിചെയ്യുന്ന ഒരു തോണിപോലെയാണു്. അതു് അലയുടേയും കൊടുംകാററിന്റേയും ശക്തികൊണ്ടു പലപ്പോഴും ആന്ദോളിതമായി എങ്കിലും അതിന്റെ കയർ പൊട്ടുകയൊ നങ്കൂരം ഇളകുകയൊ ചെയ്തിട്ടില്ല. ഭാരതത്തിനു വീണ്ടും വീണ്ടും തരണം ചെയ്യേണ്ടിവന്ന പരീക്ഷണഘട്ടം മററു യാതൊരു പുരാതനദേശക്കാൎക്കും നേരിടേണ്ടി വന്നിട്ടില്ല. അതു ദാസ്യത്തേയും പരാജയത്തേയും സധൈൎയ്യം ഏറ്റു. അതിന്റെ പുരാതനമതത്തെ പരിത്യജിച്ചു മറെറാന്നിനെ സ്വീകരിക്കുന്നതിനു സാമം കൊണ്ടും ഭേദംകൊണ്ടും പ്രലോഭനം കൊണ്ടും പ്രേരിപ്പിക്കപ്പെട്ടുവെങ്കിലും അതിന്റെ അന്തരാത്മാവായ വിശ്വാസത്തെ വിട്ടുപിരിയുന്നതിനു് അതു സമ്മതിച്ചില്ല. ആ വിശ്വാസം നിലനില്ക്കുന്നിടത്തോളംകാലം ഭാരതം നിലനില്ക്കുകയും പശ്ചിമ ലോകത്തിലെ സാമ്രാജ്യങ്ങളുടെ ഇടയിൽ അതിനുണ്ടായിരുന്ന പൂൎവ്വസ്ഥാനത്തേയും ആത്മാഭിമാനത്തേയും വീണ്ടെടുക്കുകയും ചെയ്യും. ഇപ്പോൾ ഭാരതത്തെ ആപാദചൂഡം ഇളക്കിക്കൊണ്ടിരിക്കുന്ന ആ മഹത്തായ ചലനശക്തി പുനൎജ്ജീവനത്തിന്റെ ഒരു ലക്ഷണമാണു്. ഭാരതം ഭൂതകാലത്തിൽ ജീവിച്ചിരുന്നു എന്നുള്ളതുകൊണ്ടാണു് അതു വൎത്തമാനകാലത്തിൽ ജീവിച്ചിരിക്കുന്നതും ഭാവികാലത്തിൽ നിശ്ചയമായും ജീവിക്കുമെന്നുള്ളതും. എന്നാൽ ഭാരതം അതിന്റെ പൂൎവ്വസ്ഥിതിയെ പ്രാപിക്കുന്നതിനുമുമ്പു് അനേകം സ്വയംകൃതാനൎത്ഥങ്ങളെ പരിഹരിക്കേണ്ടതായിവരും.

പുരാതന ഈജിപ്റ്റ് ഇന്നു നാമാവശേഷമായിരിക്കുന്നു. ഫിനീഷ്യ, ബാബിലോണിയ, അസീറിയ മുതലായ രാഷ്ട്രങ്ങൾ ഒരിക്കൽ പ്രാബല്യത്തെ പ്രാപിച്ചിരുന്നു. എന്നാൽ ഇന്നു് അവ മനുഷ്യലോകത്തിനു് അവകാശംവഴി അനുഭവിക്കുവാൻ യാതൊരു സ്വത്തും ലോകജ്ഞാനം വൎദ്ധിപ്പിക്കുന്നതിനു യാതൊരു വിജ്ഞാനസമ്പത്തും നൽകാതെ നിശ്ശേഷം നശിച്ചുപോയിരിക്കുന്നു. എന്നിട്ടും മനുഷ്യൻ കാലത്തിന്റെ സംഹാരശക്തിയെ ജയിച്ചു നിലനിൽക്കത്തക്കതായ സാമ്രാജ്യങ്ങളെ സ്ഥാപിക്കാമെന്നു ഇന്നും സ്വപ്നം കാണുന്നു. എന്നാൽ അവർ ഭൂതകാലത്തിലെ ചൂണ്ടിപ്പലകകളിൽ നിന്നും ഒന്നുംതന്നെ ഗ്രഹിക്കുന്നില്ല. ലോകത്തിൽ സൎവ്വത്ര ചിതറിക്കിടക്കുന്ന സാമ്രാജ്യങ്ങളുടേയും രാഷ്ട്രങ്ങളുടേയും നഷ്ടശിഷ്ടങ്ങൾ കണ്ടിട്ടും അവർ ഭഗ്നോത്സാഹരാകുന്നില്ല. മനുഷ്യചിന്ത മനുഷ്യചേഷ്ടയെക്കാൾ അധികകാലം നിലനിൽക്കുമെന്നു ലോകചരിത്രത്തിന്റെ പുറത്തു വിശദമായിഎഴുതിയിരിക്കുന്നതിനെ അല്പംപോലും അവർ ശ്രദ്ധിക്കുന്നില്ല.

എന്നാൽ മനുഷ്യന്റെ ഏററവും ചിരസ്ഥായിയായിട്ടുള്ള പിതൃധനം ബുദ്ധിശക്തിയിൽനിന്നും ആത്മാവിൽനിന്നും ലഭിക്കുന്നതാണ്. ധനംകൊണ്ടു മാത്രം രൂപീകരിക്കുന്ന വസ്തുക്കൾ എത്രയും ക്ഷണഭംഗുരങ്ങളാണ്. എന്നാൽ മനുഷ്യർ ദീപത്തിനു ചുററും ശലഭങ്ങൾ എന്നപോലെ ഇവയ്ക്കു ചുററും വന്നുകൂടി നശിക്കുന്നു. മനസ്സിന്റേയും ആത്മാവിന്റേയും സൂക്ഷ്മശക്തികൾ ദൃഷ്ടിഗോചരങ്ങളായി ഭവിക്കുന്നതിനു ദീർഘകാലം ആവശ്യമാണ്. മഹത്തത്വങ്ങൾ മനുഷ്യരുടെ മനസ്സിൽ വേരൂന്നുന്നതിനു കാലദൈർഘ്യം വേണ്ടിയിരിക്കുന്നു. എന്നാൽ കാലമാകുന്ന ശൂർപ്പം പതിരിൽനിന്നു നെന്മണിയെ വേർതിരിക്കുന്നതിൽ സദാ വ്യാപരിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ടു സാരങ്ങളായ തത്വങ്ങൾ മാത്രമെ ദീർഘകാലം നിലനില്ക്കുകയുള്ളു.

ഉപനിഷത്തുകളിൽ പ്രതിപാദിക്കുന്ന വിശിഷ്ടവും പുരാതനവും ആയ അദ്വൈതസിദ്ധാന്തത്തിൽനിന്നും ഇക്കാലത്തെ വിഗ്രഹാരാധനയിലേക്കും അന്ധവിശ്വാസങ്ങളിലേക്കുമുള്ള ഭാരതീയരുടെ അധഃപതനം ആത്മീയചിന്തയുടെ അവസാദനത്തെ കുറിക്കുന്നു. ഇന്നു ഹിന്ദുമതം ജ്ഞാനാർത്ഥികളുടേയും അന്യമതക്കാരുടേയും മുഖത്തു കതകടച്ചിരിക്കുന്നു. ക്ഷേത്രങ്ങളിൽ താണ നിലയിലുള്ള ഹിന്ദുവിനും പ്രവേശനമില്ല. വൈദികന്മാർ ഒരു അന്യമതക്കാരനു മതത്തിലേക്കു പ്രവേശനം നിഷേധിക്കുന്നു. പുരാതനകാലത്തു് ഇങ്ങനെ അല്ലായിരുന്നു. ആര്യന്മാർ അന്യന്മാരെ ലക്ഷക്കണക്കിന് അവരുടെ മതത്തിലേക്കു പരിവർത്തനം ചെയ്തിരിക്കണം. ഭാരതത്തിലെ ആദിമജനങ്ങളിൽ അധികം ഭാഗത്തേയും ആര്യൻജേതാക്കളും കുടിപാർപ്പുകാരും സ്വവർഗ്ഗത്തിലേക്കു ചേർത്തു. അവരുടെ വൈദികസിദ്ധാന്തങ്ങളിൽ അന്യന്മാരെ ദൂരീകരിക്കുന്നതായി യാതൊന്നുമില്ല. ഈ ഇടക്കാലത്തും ബുദ്ധമതക്കാരെ വൈദികമതത്തിലേക്കു ചേർത്തതായിട്ടും ദൃഷ്ടാന്തങ്ങളുണ്ടു്. അതുകൊണ്ടു് ആര്യമതത്തിൽ നിന്നും അന്യമതക്കാരെ ഒഴിച്ചു നിറുത്തിയിരുന്നു എന്നു വിചാരിക്കാൻ വഴിയില്ല.

ലോകത്തിലുള്ള ആറു പ്രധാനമതങ്ങളിൽ ഹിന്ദുമതം, സൊറോസ്റ്റ്രിയൻമതം, ജൂതമതം ഇവ മൂന്നും അന്യമതക്കാർക്കു പ്രവേശനം നൽകുന്നില്ല. ഈ മതങ്ങളിലേക്കുള്ള ഏക പ്രവേശനദ്വാരം ജനനം മാത്രമാണ്. മററുള്ള വിഷയങ്ങളെ സംബന്ധിച്ച് ഈ മതങ്ങൾ അതിലംഘിക്കുകയോ ഭേദിക്കുകയൊ ചെയ്യാൻ പാടില്ലാത്ത പ്രാകാരങ്ങൾകൊണ്ടു സുരക്ഷിതങ്ങളായിരിക്കുന്നു. എന്നാൽ ബുദ്ധമതം, ഇസ്ലാംമതം, ക്രിസ്തുമതം ഇവ മൂന്നും അന്യമതക്കാർക്കു പ്രവേശനദ്വാരം തുറന്നിരിക്കുന്നു. ഓരോ മതക്കാരും അവരുടെ മതമാണു സത്യമതമെന്നു വിശ്വസിക്കുന്നു. ചുരുക്കത്തിൽ എല്ലാ മതക്കാരും അവരുടെ മതമാണ് ഉൽകൃഷ്ടമെന്നു വാദിക്കുന്നു. മററു

മതങ്ങളിലെ വേദസിദ്ധാന്തങ്ങളെ നിഷേധിക്കുന്നു. ഓരോ മതത്തിനും ഉള്ളിൽ മോക്ഷം, പുറത്ത് അധോഗതി. എല്ലാ മതക്കാരുടേയും ദൃഷ്ടിയിൽ അവരുടെ അവതാരപുരുഷന്മാരാണു ലോകത്തിലേക്കും മഹാന്മാർ. എന്നാൽ മതം എന്നുള്ളതു പരമതത്വമാണെങ്കിൽ അതു പല വഴികളിൽക്കൂടിയും വെളിപ്പെടാവുന്നതാണ്. സത്യം ഒരുത്തൻെറ മാത്രമല്ല എല്ലാവരുടേയും സ്വത്താണ്. അതുകൊണ്ട് ഒരു മതത്തേയും നിന്ദിക്കുന്നതു യുക്തമല്ല.

എന്നാൽ ഭാരതം ഭൂതകാലത്തിൽ അതിൻെറ സമകാലീനങ്ങളായിരുന്ന സാമ്രാജ്യങ്ങൾ വിസ്മൃതിയിൽ മുങ്ങിപ്പോയിട്ടും ഇന്നും നിലനില്ക്കുന്നത് എന്തുകൊണ്ടാണ്? ഈ ചോദ്യത്തിന് ഒരുത്തരമേ പറവാനുള്ളു. അതു പുരാതനഭാരതത്തിൻെറ അനന്യസാധാരണമായ ആത്മീയോല്കർഷം ഒന്നുമാത്രമാണ്. അതു ധനസമ്പാദനം, കലാകുശലത മുതലായ ഭൗതികസൗഭാഗ്യം കൊണ്ടു തൃപ്തിപ്പെട്ടിരുന്നില്ല. അതു മററുള്ള ദേശക്കാരുടെ സൈന്യങ്ങൾ യുദ്ധയാത്ര ചെയ്യുമ്പോൾ ഗാഢചിന്തയിൽ നിമഗ്നമായിരുന്നു. മററു സാമ്രാജ്യങ്ങൾ ജീവിതത്തിലെ വിലയേറിയ സുഖാനുഭൂതികൾക്കായി മത്സരിച്ചുകൊണ്ടിരുന്നപ്പോൾ പുരാതനഭാരതത്തിലെ മഹർഷികളും ചിന്തകന്മാരും അവരുടെ ദൃഷ്ടിയെ ജീവിതത്തെ അതിലംഘിച്ചുനില്ക്കുന്ന ഒരു വസ്തുവിലേക്കു തിരിച്ച് അനിത്യവസ്തുവിൽനിന്നും നിത്യവസ്തുവിനെ വേർതിരിച്ചറിയുന്നതിനു ശ്രമിക്കുകയായിരുന്നു. ബുദ്ധിശക്തി തനിച്ച് ഒരു രാജ്യത്തിനും ദീർഘജീവിതം നൽകാൻ കഴികയില്ല എന്നു ഗ്രീസ്‌രാജ്യം തന്നെ തെളിയിക്കുന്നു. എന്നാൽ ഭാരതം അതിൻെറ ജീവനായ ഗൃഹം ആത്മീയമായ ശിലയിൽ പണിചെയ്തിരിക്കുകയാണ്. മാരിചൊരിഞ്ഞിട്ടും, പ്രളയം വന്നിട്ടും, ചണ്ഡവാതം അടിച്ചിട്ടും ആ ഗൃഹം അധഃപതിച്ചില്ല. എന്തുകൊണ്ടെന്നാൽ അതു പാറയുടെ മേലാണ് അടിസ്ഥാനം ഉറപ്പിച്ചിരിക്കുന്നത്.

മതങ്ങളുടെ അന്യോന്യസംഘട്ടനങ്ങളിലും സത്യത്തിൻെറ പൂർണ്ണാവകാശത്തെക്കുറിച്ചുള്ള വാദങ്ങളിലും ഒരു ദേശക്കാർക്കും അവരാണ് അനുഗൃഹീതരെന്നും അവരുടെ വേദമാണു സത്യമെന്നും മോക്ഷത്തിനു ഏകമാർഗ്ഗമേ ഉള്ളു എന്നും ഉള്ള വാദത്തിനു സ്ഥാനമില്ല. വിശ്വാസസങ്കേതങ്ങൾ പലതും ഉണ്ട്; അവയിലേക്കു വഴികളും പലതാണ്. ഒരു മതക്കാർക്കും പ്രത്യേക അവകാശമോ പ്രത്യേക അവശതയൊ ഇല്ല. സത്യം എല്ലാവർക്കും ഒരുപോലെ അവകാശമുള്ളതാണ്. അതു ഓരോരുത്തർക്കും പല വഴികളിൽക്കൂടി ഗ്രാഹ്യവുമാണ്. പ്രകൃതിയുടെ നിയമത്തിൽ വേർതിരിപ്പോ വ്യത്യാസമോ ഒന്നുമില്ല. അതുപോലെതന്നെ പക്ഷപാതമോ ദ്വേഷമോ ലോകഭരണത്തിൽ കാണുകയില്ല.

# അദ്ധ്യാപകന്മാരും രക്ഷാകത്താക്കന്മാരും.

(വിദ്വാൻ വൈ. നാരായണയ്യർ)

അദ്ധ്യാപകൻ, വിദ്യാത്ഥി, രക്ഷാകത്താവ് ഇവ മൂന്നാണു വിദ്യാഭ്യാസവിജയത്തിൻെറ മൂലഘടകങ്ങളായി പ്രശോഭിക്കുന്നതു്. ഈ മൂന്നും "മോരും മുതിരയുമെന്ന കണക്കെ" ഇണങ്ങാതെ നിൽക്കുമ്പോഴത്രെ ഒരു വിദ്യാശാലയുടേയോ അദ്ധ്യാപകൻേറയോ യശസ്തംഭത്തിൻെറ അസ്ഥിവാരം ഇളകുന്നതു്. വിഭിന്നവ്യക്തികളായ പ്രസ്തുതഘടകങ്ങൾ മൂന്നും നീരക്ഷീരന്യായേന സമ്മേളിക്കുമ്പോൾ മൂന്നു വ്യക്തിക്കും ജന്മസാഫല്യം സിദ്ധിക്കുന്നു. വിദ്യാത്ഥിലോകം വിധേയരാജ്യവും, അദ്ധ്യാപകനും രക്ഷാകത്താവും അതിനെ ഏകലക്ഷ്യത്തിലേക്കു നിയന്ത്രിക്കുന്ന തുല്യബലങ്ങളായ രണ്ടു് അധീശഗവമ്മേൻറുകളും ആണെന്നു വിചാരിക്കാം. അദ്ധ്യാപകനും രക്ഷാകത്താവും എന്ന രണ്ടു ചക്രങ്ങളിൽ സംഘടിതമായി, വിദ്യാത്ഥിശകടം പുരോഗമനം ചെയ്യുന്നുവെന്നും പറയാം. ഈ രണ്ടു് ഉപമാലങ്കാരപ്രയോഗത്തിൽനിന്നും വിദ്യാത്ഥിക്കു ഭരണീയത്വവും, അദ്ധ്യാപകൻ രക്ഷകൻ ഈ രണ്ടു വ്യക്തിക്കും നേതൃത്വവും ആണു നിലയെന്നു തെളിഞ്ഞു. വിദ്യാഭ്യാസത്തിൻെറ നേതൃശക്തികളായ അദ്ധ്യാപകന്മാരേയും രക്ഷാകത്താക്കളേയും സംബന്ധിച്ചത്രെ പ്രസ്തുത ഉപന്യാസത്തിൽ പ്രസ്താവിക്കേണ്ടിയിരിക്കുന്നതു്.

ഈ അവസരത്തിൽ "കാളയും പോത്തും" എന്ന പ്രാചീനബാലപാഠകഥ ഓമ്മവരുന്നു. ഒരു വണ്ടിയിൽ കാളയെ ഒരു വശത്തും പോത്തിനെ മറേറ വശത്തും നിറുത്തി നുകംവച്ചു കെട്ടികൊണ്ടുപോയി. കാള നേർവഴിക്കു കൊണ്ടുപോകാൻ ശ്രമിച്ചു; പോത്തു വഴിവിട്ടു മറെറാരു ഭാഗത്തേക്കു വലിച്ചു. പോത്തിനും കാളയ്ക്കും മുറിവു പററി; വണ്ടിയുടെ ഗ്രഹപ്പിഴ പറകയും വേണ്ട. ഈ കഥയിലെ വണ്ടിയുടെ നില നമ്മുടെ വിദ്യാത്ഥികൾക്കു പററാതിരിക്കുന്നതിനു പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ടു്.

വിദ്യാത്ഥികളിൽ കാണുന്ന ന്യൂനതയ്ക്കു് അദ്ധ്യാപകന്മാർ രക്ഷാകത്താക്കളേയും, രക്ഷാകത്താക്കൾ അദ്ധ്യാപകന്മാരേയും പരസ്പരം കുററപ്പെടുത്തി ജല്പിച്ചുപോരുന്ന പതിവാണു സാധാരണ കണ്ടുവരുന്നതു്. രണ്ടുകൂട്ടക്കും കുററമുണ്ടെന്നു് അവർ വിചാരിക്കുന്നില്ല. ആണ്ടിൽ 180 ദിവ

സങ്ങളിലായി 900 മണിക്കൂർ അഥവാ 37 ദിവസം അധ്യാപകന്മാരോടും 328 ദിവസം സ്വന്തരക്ഷാകത്താക്കളോടും പെരുമാറുന്ന ഒരു കുട്ടിയുടെ വിദ്യാൎത്ഥിജീവിതത്തിൽ ഗൃഹജീവിതം ഒൻപതുപങ്കം, വിദ്യാലയജീവിതം ഒരു പങ്കം മാത്രമാകയാൽ വിദ്യാൎത്ഥികളിൽ കാണുന്ന ദോഷഭാഗത്തിൽ പത്തിനൊന്നിനു മാത്രമെ അധ്യാപകൻ ബാധ്യസ്ഥനാകുന്നുള്ളു എന്ന്, കണക്കു കാണിക്കുമ്പോൾ രക്ഷാകത്താവിന് അദ്ധ്യാപകനെ വീഴ്ത്തപ്പെടുത്താനുള്ള വാദമുഖം അടഞ്ഞുപോകും. ഈ വിധം കണക്കു പറഞ്ഞു രക്ഷാകത്താക്കളിൽ കുററം മുഴക്കെച്ചുമത്തിക്കഴിഞ്ഞാൽ അദ്ധ്യാപകൻെറ ചുമതല അവസാനിച്ചുവൊ? ഇങ്ങനെയായാൽ വിദ്യാൎത്ഥിലോകത്തിൻെറ ഗതിയെന്തു്? വിദ്യാഭ്യാസത്തിൻെറ നിക്ഷേപവും ഭാവിസൗഭാഗ്യത്തിൻെറ താക്കോലും തങ്ങളുടെ കൈയിലാണെന്നു പ്രസംഗകോലാഹലം മുഴക്കുന്ന അദ്ധ്യാപകവൎഗ്ഗം ഇതുകൊണ്ടു ചാരിതാൎത്ഥ്യം നേടിയാൽ മതിയോ? അങ്ങനെയായാൽ അദ്ധ്യാപകൻെറ സ്ഥാനമെവിടെ? മഹത്വമെവിടെ? വിദ്യാൎത്ഥികളുടെ വിജയത്തിലും സ്വഭാവസംസ്കരണത്തിലും അദ്ധ്യാപകന്മാൎക്കു ശരിയായ ചുമതല വഹിക്കാൻ സാധ്യമല്ലേ? തീൎച്ചയായും സാധിക്കും. അദ്ധ്യാപകൻ രക്ഷാകത്താവും കൂടിയാകണം. ഇതു്, പൂരിപ്പിക്കാൻ വഹിയാത്ത വിഷമസമസ്യയല്ല. എന്തുകൊണ്ടു്? അദ്ധ്യാപകൻേറയും രക്ഷകൻേറയും ലക്ഷ്യം ഒന്നായതുകൊണ്ടു്. ലക്ഷ്യം ഒന്നും മാൎഗ്ഗം വിഭിന്നവും ആയ ചില സംഗതികൾ ഉണ്ടു്; ഈ വിഷയത്തിൽ ആ വാദത്തിനു സ്ഥാനമില്ല. അദ്ധ്യാപകനും രക്ഷാകത്താവും സഹകരിക്കയും, രക്ഷാകത്താവിനെപ്പോലെതന്നെ വിദ്യാൎത്ഥിയുടെ ഉൽഗതിയിൽ യഥാൎത്ഥമായ ശ്രദ്ധ തനിക്കുണ്ടെന്നു രക്ഷകനു വിശ്വാസം വരുത്തുകയും ചെയ്താൽ വിദ്യാൎത്ഥികളിൽ അദ്ധ്യാപകൻെറ ആജ്ഞ അവ്യാഹതമായി ഫലിക്കുകയും കലാശം വിജയമാകുകയും ചെയ്യും.

കുട്ടികൾ നന്നാകണം എന്നു വിചാരിച്ചാണല്ലൊ രക്ഷകന്മാർ വിദ്യാലയത്തിലയയ്ക്കുന്നതു്. അദ്ധ്യാപകൻെറയും ഉദ്ദേശ്യം അതുതന്നെ. അദ്ധ്യാപകൻെറ ആജ്ഞയെ നിരസിക്കണമെന്ന് ഒരു രക്ഷാകാത്താവും ഉപദേശിക്കയില്ല. എന്നിട്ടു് അദ്ധ്യാപകൻെറ ശ്രമത്തിനു ശരിയായ വിജയം കാണുന്നില്ലെങ്കിൽ അതെന്തുകൊണ്ടായിരിക്കാം? അധ്യാപകൻെറ മേൽനോട്ടം വിദ്യാലയത്തിനുള്ളിൽ മാത്രം നിബദ്ധമായിക്കിടക്കുന്നതുകൊണ്ടുതന്നെ. പത്തുമണിക്കുമുൻപും നാലുമണിക്കുമേലും കുട്ടികൾ ഉണ്ടാക്കുന്ന കേസുകൾക്കു തങ്ങൾ ഉത്തരവാദികളല്ലെന്നു പറയുന്ന ചില ചുമതലാബോധമില്ലാത്ത അധ്യാപകമ്മന്യന്മാർ ഉണ്ടു്. അവരുടെ അവിവേകത്തെപ്പററി അനുതപിക്കതന്നൊവേണം.

ശമ്പളത്തിനു വേണ്ടി ജീവിക്കുന്ന അദ്ധ്യാപകനു രക്ഷകന്മാരുമായി പരിചയപ്പെടാൻ ആശയുമില്ല, ഇടയുമില്ല. അവരെപ്പററിയല്ല നമ്മുടെ പ്രസ്താവം; യഥാത്ഥ അദ്ധ്യാപകനെക്കുറിച്ചാണ്. ഒരു യഥാർത്ഥ അദ്ധ്യാപകൻ ഒഴിവു ദിവസങ്ങളിൽ രണ്ടോ നാലോ വിദ്യാത്ഥികളുടെ ഗൃഹങ്ങളിൽച്ചെന്നു്, സ്വാത്ഥലേശം കൂടാതെ, രക്ഷാകത്താക്കളുടെ ഗാർഹികജീവിതത്തെപ്പററി അന്വേഷിച്ചറിഞ്ഞു വേണ്ട നിദ്ദേശങ്ങൾ നൽകുന്നു. അനദ്ധ്യായദിനങ്ങൾ ധാരാളമുള്ള സ്ഥിതിക്കു് ഒരു ക്ലാസിലെ സകല കുട്ടികളുടേയും രക്ഷകന്മാരുമായി ഒരു മാസത്തിനകം പരിചയപ്പെടാൻ കഴിയും. യാതൊരു വിധമായ പ്രലോഭനങ്ങൾക്കും വശമാകാതെ ത്യാഗപരമായ ആദശത്തിന്റെ പ്രതിച്ഛായ അദ്ധ്യാപകന്റെ സകല ചയ്യകളിലും പ്രത്യക്ഷപ്പെടണം. അദ്ധ്യാപകൻ ഗൃഹജീവിതത്തെപ്പററി ശ്രദ്ധിക്കുന്നുണ്ടെന്നും രക്ഷകനുമായി പരിചയമുണ്ടെന്നും ഗ്രഹിക്കുന്ന മാത്രയിൽ വിദ്യാത്ഥി അദ്ധ്യാപകന്റെ വിനീതസോദരനായിത്തീരുന്നു. ഈവിധമുള്ള ഒരദ്ധ്യാപകന്റെ കണ്ണിൽ മണ്ണിടുവാൻ വിദ്യാർത്ഥികൾക്കു സാധിക്കയില്ല.

ആണ്ടിൽ മൂന്നോ നാലോ പ്രാവശ്യം രക്ഷാകത്താക്കളുടെ ഒരു പൊതുയോഗം സ്കൂളിൽ കൂടുക; ആഴ്ചതോറും രക്ഷാകത്താക്കളും അദ്ധ്യാപകന്മാരും കുട്ടികളുടെ ഗാർഹികവും വിദ്യാലയസംബന്ധവും ആയ ചയ്യകളുടെ ലഘുക്കുറിപ്പുകൾ കൈമാററം ചെയ്യുക; വിദ്യാത്ഥികളിൽത്തന്നെ ചില സി. ഐ. ഡി-ക്കാരെ ഏർപ്പാടുചെയ്തു വിദ്യാത്ഥിരഹസ്യങ്ങൾ ഗ്രഹിക്കുക; വിദ്യാത്ഥിസംഘം രൂപീകരിച്ചു് അതിൽ രക്ഷാകത്താക്കളുടെ സഹകരണത്തെ ക്ഷണിക്കുക; എന്നീ പ്രസ്ഥാനങ്ങളാൽ അദ്ധ്യാപകന്റെ മേൽനോട്ടം വിദ്യാലയവേലിക്കെട്ടിന്റെ സങ്കുചിതസീമയെ അതിലംഘിച്ചു വിശാലതയെ പ്രാപിക്കയും, വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും വിദ്യാലയത്തെക്കുറിച്ചുള്ള മതിപ്പു വദ്ധിക്കയും, സ്കൂൾഡിസിപ്ലിനും ബോധനവും വിജയപതാക പറപ്പിക്കയും ചെയ്യും. അതുകൊണ്ടുള്ള മനശ്ശാന്തിയും ചാരിതാത്ഥ്യവും അനുഭവൈകവേദ്യമാകുന്നു.

കുട്ടികളുടെ രക്ഷാകത്താക്കൾ, കുട്ടിയെ സ്കൂളിൽ ചേക്കുവാൻ മാത്രം ഒരു പ്രാവശ്യം വിദ്യാലയത്തെ എത്തിനോക്കുന്നുവെന്നല്ലാതെ, പിന്നീടൊരിക്കലും വിദ്യാലയവളപ്പിനെ തിരിഞ്ഞു നോക്കുന്നില്ല എന്നൊരു പരാതിയുണ്ടു്. ഇതു വാസ്തവം തന്നെ. ഒരുപക്ഷേ, ഒന്നോ രണ്ടോ രക്ഷകന്മാർ സ്കൂളിൽവന്നാൽ അവരോടു സംസാരിക്കാനാരു്? സ്കൂൾസമയത്തേ, അദ്ധ്യാപകനെക്കാണാൻ വഴിയുള്ളു. ബോധനസമയത്തു് അദ്ധ്യാപകൻ, ക്ലാസിന്റെ മദ്ധ്യത്തിൽ, സ്ക്രൂ വച്ചുറപ്പിച്ചതുപോലെ നിൽക്കയും വേണം. വരാന്തയിൽച്ചെന്നു സംസാരിച്ചുപോയാൽ പ്രഥമാദ്ധ്യാപകൻ നോട്ടീസു

ബുക്കു കൈയിലെടുക്കും; ഇൻസ്പെക്ററിങ്ങ് ഉദ്യോഗസ്ഥൻ കണ്ടാൽ തന്മാസത്തെ ശമ്പളത്തിൽ ഏഴ്ചക്രം പഴുക്കും. അതിനാൽ മേലുദ്യോഗസ്ഥന്മാരും അദ്ധ്യാപകനുമായി സോദരനിർവിശേഷമായ ബന്ധം കൂടി അപേക്ഷിതമാകുന്നു. കൂടെക്കൂടെയുള്ള സ്ഥലംമാററം—അദ്ധ്യാപകനെ നിരാശപ്പെടുത്തുന്ന ദിക്കിലേക്കുള്ള സ്ഥലംമാററം—എന്നിവയും രക്ഷാകർത്താക്കളുമായി സഹകരിക്കുന്നതിനു പ്രതിബന്ധങ്ങളത്രേ!

ശരിയായ അദ്ധ്യാപകസംഘടനയുള്ള ഒരു വിദ്യാലയത്തിൽ ഈ സാഹചര്യം പ്രായോഗികമാക്കാവുന്നതും മിക്കവാറും ഫലിക്കുന്നതും ആണ്. വിജ്ഞാനസമ്പത്തുകൊണ്ടും സ്വഭാവവൈശിഷ്ട്യംകൊണ്ടും അദ്ധ്യാപകൻ വിദ്യാർത്ഥിജനത്തിൻെറ ആരാദ്ധ്യനും അനുകരണീയനും ആയ മാതൃകാപുരുഷനായിരിക്കേണ്ടതുപോലെ, രക്ഷാകർത്താക്കളും സൽഗുണസമ്പന്നന്മാരായിരുന്നാൽ മാത്രമെ അദ്ധ്യാപകൻെറ ശ്രമം പൂർണ്ണവിജയത്തിലെത്തുകയുള്ളൂ. പൂർണ്ണതയിലെത്തുവാൻ ഒരുവനും സാദ്ധ്യമല്ലതന്നെ. എങ്കിലും പൂർണ്ണതയെ ലാക്കാക്കിയുള്ള പുരോഗമനം പാടില്ലെന്നാരും വിധിക്കുന്നില്ല. അതിനാൽ, പുറകോട്ടുപോകാതെ, കഴിയുന്നതും മുന്നോട്ടുപോകുക എന്ന തത്വമാണ് അംഗീകാര്യം. വിദ്യാഭ്യാസരഥത്തിൻെറ വശങ്ങൾ ചരിയാതെ, അദ്ധ്യാപകന്മാരും രക്ഷാകർത്താക്കളുമാകുന്ന തുല്യപരിധിയുള്ള രണ്ടു നേമികളിന്മേൽ ശരിക്കു മുന്നോട്ടു നീങ്ങി, വിദ്യാർത്ഥികളാകുന്ന യാത്രക്കാർ വിജയലക്ഷ്യത്തിൽ എത്തിച്ചേരട്ടെ!

## നവവത്സര ചിന്തകൾ.

(ഒരഭ്യുദയകാംക്ഷി)

നവവത്സരത്തിൻെറ ആഗമനം സാധാരണയായി ജനങ്ങളിൽ നവോന്മേഷത്തേയും ആനന്ദസന്ദായകങ്ങളായ ചിന്തകളേയും ജനിപ്പിക്കുന്ന പതിവുണ്ട്. എന്നാൽ ഇപ്പോൾ ആരംഭിച്ച പുതുവത്സരം പരിതസ്ഥിതി നോക്കുമ്പോൾ ഇതിനു വ്യത്യാസമാണെന്നു പറയേണ്ടിയിരിക്കുന്നു. ജനങ്ങളാകട്ടെ ക്ഷാമപീഡിതരായും ഇതികർത്തവ്യതാമൂഢരായും വലയുകയാണ്. ഉല്പന്നങ്ങളുടെ വിലക്കുറവ് ഇനിയും പരിഹരിക്കപ്പെട്ടിട്ടില്ലെന്നു മാത്രമല്ല അതു് ഒന്നുകൂടി അധഃപതിക്കുകയാണു ചെയ്തിട്ടുള്ളതു്. വർഷക്കു

റവുകൊണ്ടു വിളവുകളും കുറയാനിടയുണ്ട്. ആകപ്പാടെ ജനസാമാന്യത്തിന്റെ കഷ്ടതയ്ക്കു വലിയ കുറവൊന്നും വന്നിട്ടില്ല; വരാനുള്ള ലക്ഷണവും ഇല്ല. ഇതാണ് പുതുവത്സരാരംഭത്തിലെ സാമ്പത്തികസ്ഥിതി. നിയമസമിതികളിലെ നിർബന്ധപൂർവ്വമായ നിശ്ചയങ്ങളനുസരിച്ചു കരത്തിലും ഫീസിലും സ്വല്പമായ കുറവു വരുത്തിയതായി അറിയുന്നുണ്ട്. ഇതു നടപ്പിൽ വന്നാൽ ജനങ്ങൾക്ക് അല്പം ആശ്വാസമുണ്ടാകുമെന്നു പക്ഷേ പറയാം. വാസ്തവത്തിൽ അങ്ങനെയാണൊ എന്നു സംശയമാണ്.

വിദ്യാഭ്യാസവിഷയത്തിൽ വല്ല പരിഷ്കാരവും ചെയ്തിട്ടുണ്ടോ എന്നു നോക്കാം. വിദ്യാഭ്യാസപരിഷ്കരണക്കമ്മിററിക്കാർ അവരുടെ റിപ്പോർട്ട് സമർപ്പിച്ചുകഴിഞ്ഞിട്ട് ഒരു കൊല്ലത്തിലധികവും, അതിനെ പ്രയോഗത്തിൽ വരുത്തുന്നതിനു പുതിയ ഡയറക്ടരെ നിയമിച്ചിട്ട് ഒരു കൊല്ലവും കഴിഞ്ഞിരിക്കുന്നു. എന്നാൽ ഇതേവരെ സാരമായി ഈ വിഷയത്തിൽ യാതൊന്നും തന്നെ പ്രവൎത്തിക്കുവാൻ സാധിച്ചിട്ടില്ലെന്നു വന്നതു ഭാവിയെ സംബന്ധിച്ച് ആശാജനകമല്ലെന്നു പറയേണ്ടിയിരിക്കുന്നു. എങ്കിലും അപസമം ബന്ധപ്പെട്ടെന്നു തോന്നുമാറ്; കമ്മിററിയുടെ ശുപാൎശകൾക്കനുരൂപമല്ലാത്ത ചില ഭേദഗതികൾ ഇൻസ്പെക്ടറേററിൽ മാത്രം വരുത്തിക്കൂട്ടിയതായി കാണുന്നു. പെൺപള്ളിക്കൂടങ്ങളും ആൺപള്ളിക്കൂടങ്ങളും എന്നുള്ള വ്യത്യാസത്തെ ഇല്ലാതാക്കി അവയെ ഏകീകരിക്കണമെന്നും പരിശോധനാവിഷയത്തിലും ഈ നയം സ്വീകരിക്കണമെന്നും കമ്മിററി ശുപാൎശ ചെയ്തിട്ടുള്ളതിനു വിപരീതമായി ആൺപള്ളിക്കൂടങ്ങൾക്ക് ഇതാ നാലു് ഇൻസ്പെക്ടർമാരും പെൺപള്ളിക്കൂടങ്ങൾക്ക മാത്രം രണ്ടു് ഇൻസ്പെക്ടർസ്സുകളേയും നിയമിച്ചിരിക്കുന്നു. ഇത്രയും കൊണ്ടു പരിഷ്കാരം കഴിഞ്ഞു. പ്രൈമറിസ്കൂളുകളിൽ അഞ്ചാംക്ലാസ്സ് ഏൎപ്പെടുത്തുകയൊ ഇംഗ്ലീഷും മലയാളവും വിദ്യാലയങ്ങളെ ഒന്നിച്ചു ചേൎക്കയൊ ആക്ഷിപ്തങ്ങളായ പാഠപദ്ധതിയേയൊ അദ്ധ്യയനരീതിയേയൊ മാററുകയൊ തൊഴിൽവിദ്യാലയങ്ങൾ സ്ഥാപിക്കയൊ അതിനുപയുക്തമായ വിധത്തിൽ അദ്ധ്യയനരീതി പരിഷ്കരിക്കയൊ ചെയ്തിട്ടുള്ളതായി കാണുന്നില്ല. ഒഴിവുദിവസങ്ങൾ ഏതാനുമൊക്കെ കുറച്ചിട്ടുണ്ട്. തെററന്നു വിധിക്കപ്പെട്ട അദ്ധ്യയനരീതിയെ പരിശോധിക്കാൻ ഇത്ര വളരെ പരിശോധകന്മാർ ആവശ്യമുണ്ടോ എന്നു സംശയമാണ്. നാലു് ഇൻസ്പെക്ടറന്മാരിൽ ആൎക്കെല്ലാം മലയാളഭാഷാജ്ഞാനം ഉണ്ടെന്നു നിശ്ചയമില്ല.

ദ്രുതഗതിയിൽ നിൎവ്വഹിച്ച ഈ പരിഷ്കാരം ഉടനേ തന്നെ മാറേറണ്ടിവരുമെന്നാണ് പലരുടേയും അഭിപ്രായം. അസിസ്റ്റൻറു് ഇൻസ്പെക്ടർമാരുടെ വിഷയത്തിലും ചില പുതിയ കുഴപ്പങ്ങൾ ഉണ്ടാക്കിയിട്ടുള്ളതായ

കാണാം. ഒരസിസ്റ്റൻറ് ഇൻസ്പെക്ടർസിന്റെ അതിർത്തിക്കുള്ളിലുള്ള ചില സ്കൂളുകൾ അടുത്ത ഡിസ്ട്രിക്റ്റിലുള്ള അസിസ്റ്റൻറ് ഇൻസ്പെക്ടർ പരിശോധിക്കണമത്രെ. ഈ വക കുഴപ്പങ്ങൾ അനാവശ്യമാണെന്നു മാത്രമെ പറവാനുള്ളു.

ഇതേവരെ ഇൻസ്പെക്ടർസുകൾ പരിശോധിച്ചുവന്ന വി. എം. ഗറത്സ് സ്കൂളുകൾ അവരുടെ അധീനത്തിൽനിന്നും എടുത്തു പുതുതായി വിശേഷയോഗ്യത ഒന്നുമില്ലാത്ത ഒരു ഇൻസ്പെക്ടർസിനെ നിയമിച്ച് അവയുടെ പരിശോധനാധികാരം നൽകിയതും അനാവശ്യവും മററുള്ളവൎക്ക് ഇച്ഛാഭംഗത്തിനു കാരണവുമായിട്ടാണ് ഇരിക്കുന്നതു്.

ഡിവിഷനൽ ഇൻസ്പെക്ടറമാരുടെ അധികാരാതൃത്തിനിൎണ്ണയവും സൗകൎയ്യപ്രദമായ വിധത്തിലല്ല. വിദ്യാഭ്യാസപരസ്പരസഹായനിധിയുടെ അല്പകാലത്തെ പ്രവൎത്തനത്തിനു ശേഷമുള്ള നിവൎത്തനവും ഒട്ടും ശുഭോദൎക്കമായ ഒരു സംഗതി അല്ല. ഇതു നമ്മുടെ ഭരണനൈപുണ്യത്തിന്റെ ഒരു നല്ല വ്യാഖ്യാനമാണെന്നു മാത്രം പറഞ്ഞാൽ കഴിഞ്ഞു. ഭരണകൎത്താക്കന്മാരുടെ പ്രവൃത്തിയെ നിയമദൃഷ്ടിയിൽ നീതീകരിക്കുവാൻ മുപ്പത്തിനാലാം വകുപ്പും ഉണ്ടല്ലൊ. ഏതായാലും അടച്ച തുക അംഗങ്ങൾക്കു മടക്കിക്കൊടുക്കുമെന്നുള്ളതു് ആശ്വാസജനകം തന്നെ.

“ആഗ്നിയൻ വാജിശാല” എന്നു പ്രസിദ്ധമായിരുന്ന ടെക്സ്ററുബുക്കു കമ്മിററിയെ ഗതവത്സരത്തിൽ ഒന്നു പുതുക്കിപ്പരിഷ്കരിച്ചുവല്ലൊ. ഇതിന്റെ പ്രവൎത്തനഫലത്തെപ്പററി വിമൎശനം ചെയ്യുന്നതിനുള്ള കാലം ആയിട്ടില്ല. ഒരു കൊല്ലം മാത്രമെ കമ്മിററിക്കാർ ജോലി നിൎവഹിച്ചിട്ടുള്ളു. അതുകൊണ്ടു് ഏതു വിമൎശനവും ഇപ്പോൾ അനവസരോചിതമായിരിക്കാനെ തരമുള്ളു. എങ്കിലും ആശയ്ക്കു വഴിയുണ്ടു്.

ശിക്ഷാക്രമപാഠശാലയിൽ പ്രൈവററ് വിദ്യാൎത്ഥികളെ ചേൎത്തു പഠിപ്പിക്കാൻ ഏൎപ്പാടു ചെയ്തതു് ഒരു പ്രശംസനീയമായ കാൎയ്യമാണ്. തൊഴിലില്ലാതെ അലയുന്ന വെറും ബി. ഏ. ക്കാൎക്ക് ഇതൊരനുഗ്രഹമായിട്ടു വേണം വിചാരിക്കാൻ. വല്ല പ്രൈവററ് സ്കൂളുകളിലെങ്കിലും ചിലൎക്കു ജോലി കിട്ടിയേക്കാം. അദ്ധ്യയനരീതിയും സുശിക്ഷിതമാകാൻ വഴിയുണ്ടു്.

ഗുരുനാഥനെ സംബന്ധിച്ചും നവവത്സരാരംഭം ശുഭോദൎക്കമാണെന്നു പറവാൻ നിവൃത്തിയില്ല. വരിക്കാർ ലേഖകന്മാർ പ്രവൎത്തകന്മാർ ഇങ്ങനെ മൂന്നു കൂട്ടരാണ് ഇതിനെ പോററുന്നതു്. ധനംകൊണ്ടും ലേഖനങ്ങൾകൊണ്ടും ശ്രമംകൊണ്ടും ആണ് അവർ അതിനെ സഹായിക്കുന്നതു്. സാമ്പത്തികബാധ ധനത്തെയാണല്ലൊ കഠിനമായി പിടികൂടിയിരിക്കുന്ന

ത്തു്. അതുകൊണ്ടു വരിക്കാരിൽനിന്നും ലഭിച്ചുവന്നിരുന്ന സഹായം ഗണത്തിലും ഗുണത്തിലും കുറഞ്ഞുവരാനെ തരമുള്ളു. ലേഖകന്മാരെല്ലാവരും ധനവാന്മാരല്ലല്ലൊ. അവരുടെ സമയവും ഏറെക്കുറെ ജീവിതോപായാന്വേഷണത്തിൽ വ്യയം ചെയ്യേണ്ടിവന്നേക്കാം. ജീവിതക്ലേശം ലേഖനനിർമ്മാണത്തിന് ഒരു പ്രതിബന്ധവും ആണല്ലോ. വരിക്കാരും ലേഖകന്മാരും ഈ വിധമാണെങ്കിൽ പ്രവർത്തകന്മാർ ബദ്ധഹസ്തന്മാരായി വൃഥാ ഇരിക്കയേ നിവൃത്തിയുള്ളു. എന്നാൽ മൂന്നുകൂട്ടരും അല്പം ത്യാഗം അനുഷ്ഠിച്ചാൽ സ്വല്പം വല്ലതും സാധിച്ചേക്കാം. ഏതായാലും ആശയ്ക്കുള്ള വഴി തീരെ അടഞ്ഞിട്ടില്ലെന്നു സമാധാനപ്പെടാം.

നവവത്സരത്തിൻെറ ആരംഭം ഇങ്ങനെയാണെങ്കിലും അതിൻെറ ഗതിയും അവസാനവും എങ്ങനെയായിരിക്കുമെന്ന് ഇപ്പോഴും നിശ്ചയിക്കുവാൻ നിവൃത്തിയില്ല. ഏതായാലും പരികരം ബന്ധിച്ചു സന്നദ്ധരായി വർത്തിക്കുകയല്ലാതെ ഗത്യന്തരമില്ലല്ലൊ. ഇനിയും അപ്രാപ്തയൗവനനായിരിക്കുന്ന ഗുരുനാഥനെ പോഷിപ്പിച്ചു വളർത്താതെ കഴികയില്ലല്ലൊ.

"താൻപാതി ദൈവം പാതി" എന്ന തത്വമനുസരിച്ചു നമുക്കു നമ്മുടെ കൃത്യം ചെയ്യാം.

"ഭാഗ്യായത്തമതഃപരം"

# ആകെ ഒരു ഒററപ്പാറ.

(സി. ആർ. കൃഷ്ണപിള്ള ബി. ഏ., എൽ. ടി.)

നാം അധിവസിക്കുന്ന ഭൂമിയിൽ എവിടെ കുഴിച്ചാലും അതു് ഒടുവിൽ പാറയിലവസാനിക്കുന്നതായി കാണാം. നമ്മുടെ തിരുവിതാംകൂറിലൊ ബ്രിട്ടീഷ്ദ്വീപിലൊ, ആഫ്രിക്കയിലൊ, അമേരിക്കയിലൊ, ആസ്ത്രേലിയായിലൊ എവിടെയായാലും ശരി, കുഴിച്ചു കുഴിച്ചുപോയാൽ ഒടുക്കം അതു ചെന്നുമുട്ടുന്നതു പാറയിൽ തന്നെ. ഇതു കരയെ മാത്രമല്ലാ സംബന്ധിക്കുന്നതു്; കുളമൊ, തോടൊ, ആറൊ, സമുദ്രമൊ മുതലായ വെള്ളക്കെട്ടുകളുടെ തടം കുഴിച്ചാലും കുഴി അവസാനിക്കുന്നതു തിട്ടമായും പാറയിൽ തന്നെയാണു്. നമ്മുടെ ചുററും കാണുന്ന കരയിലെ മണ്ണു മുഴുവൻ മാന്തിമാററി, ജലാശയങ്ങളിലെ വെള്ളം വററിച്ചു, ചുവട്ടിൽ അടിഞ്ഞുകിടക്കുന്ന

ചെളിയെ വാരിക്കളഞ്ഞാൽ ശേഷിക്കുന്നതു് ആകെ ഒരു ഒററപ്പാറയായിരിക്കും. മണ്ണു, കല്ലു, മണൽ, ചെളി, വെള്ളം മുതലായവ ഈ വലിയപാറയെ പൊതിഞ്ഞിരിക്കുന്നുവെന്നേയുള്ളൂ. ഈ പാറയുടെ ഉല്പത്തിയെപ്പററി ക്ലിപ്തമായി ഒന്നും പറവാൻവയ്യാ എങ്കിലും, പല വലിയ ശാസ്ത്രീയപരീക്ഷണങ്ങളുടെ ഫലമായി ചില തത്വങ്ങൾ വെളിപ്പെട്ടുവന്നിട്ടുണ്ടു്.

ഒരു ശുഭാവസരത്തിൽ ഈശ്വരൻ തന്റെ ദിവ്യശക്തികൊണ്ടു് ആദിയിൽ ഭൂമിയെ സൃഷ്ടിച്ചുവെന്നും, പിന്നീടു സസ്യാദികളേയും, പക്ഷിമൃഗാദികളേയും, മനുഷ്യരേയും സൃഷ്ടിച്ചു് അതിൽ അധിവസിപ്പിച്ചു പ്രപഞ്ചമാക്കിയെന്നും പറഞ്ഞുകേൾക്കാറുണ്ടല്ലോ. എന്നാൽ നവീനശാസ്ത്രജ്ഞന്മാരുടെ മതം ഇങ്ങനെയല്ലാ. ഭൂമിയുടെ മാതാവു് ഒരു അഗ്നിഗോളമായിരുന്നിരിക്കണമെന്നും ഇപ്പോൾ നാം കാണുന്ന ചന്ദ്രൻ, നക്ഷത്രങ്ങൾ മുതലായവ ആ ഗോളത്തിന്റെ മററു സന്താനങ്ങളായി പിരിഞ്ഞവയായിരിക്കണമെന്നുമാണു്. ഇപ്രകാരം സന്താനങ്ങളെ ജനിപ്പിച്ചു്, അകലെയകലെയായി അവക്കു് ഓരോ പ്രത്യേകസ്ഥാനവും നൽകിക്കഴിഞ്ഞു്, അവരുടെ ക്ഷേമകാര്യങ്ങൾ അന്വേഷിക്കുന്ന മട്ടിൽ അവക്കു വേണ്ട വെളിച്ചവും ചൂടും പ്രദാനം ചെയ്യുന്നതിനായി തേജോമയമായി ശോഭിച്ചുകൊണ്ടിരിക്കുന്ന മാതൃഗോളമാണു് സൂര്യൻ.

ഭൂമിയുടെ ഉപരിഭാഗത്തിനു വലിയ ചൂടില്ലെങ്കിലും ഉള്ളിലോട്ടു കടന്നു പരിശോധിക്കുന്നതായാൽ ചൂടു കൂടിക്കൂടി വരുന്നുവെന്നു നമുക്കു ഊഹിക്കാൻ വഴിയുണ്ടു്. പൊക്കമുള്ള കുന്നിൻപുറങ്ങളിലും മനുഷ്യർ താമസിക്കുന്നുണ്ടല്ലോ. അവിടെ അവക്കു് ഉപയോഗത്തിനു കിണറു കുഴിക്കാറുമുണ്ടല്ലോ. നൂറടിയിലധികം താഴ്ചയുള്ള ഒരു കിണററിൽ അരഞ്ഞാൺ വഴി ക്രമേണ കീഴ്പ്പോട്ടിറങ്ങിയാൽ ചൂടു കൂടിക്കൂടി വരുന്നതായി അനുഭവപ്പെടും. രാത്രിയിൽ ഉറങ്ങാൻ പോകുന്നതിനു മുമ്പു കിണററിൽനിന്നു ഒരു പാത്രത്തിൽ കുറെ വെള്ളം കോരി വയ്ക്കുക. ഉറക്കം കഴിഞ്ഞുണന്നാലുടനെ അതിരാവിലെ ഒരു പാളയിൽ കിണററിൽനിന്നു വെള്ളം കോരി എടുക്കുക. രാത്രി കോരി വച്ചിരുന്ന വെള്ളവും കിണററിൽനിന്നു് അപ്പോൾ കോരിയ വെള്ളവും ഇടത്തേയും വലത്തേയും കൈകൾകൊണ്ടു തൊട്ടു നോക്കുക. രാവിലെ കോരി എടുത്ത വെള്ളം രാത്രിയിൽ കോരി വച്ചു സൂക്ഷിച്ചിരുന്നതിനേക്കാൾ ചൂടുള്ളതായി അനുഭവപ്പെടും. ചില സ്ഥലങ്ങളിൽ ഭൂമിക്കുള്ളിൽ ആഴത്തിൽ കിടക്കുന്ന വെള്ളം ഊക്കോടുകൂടി ഉപരിഭാഗത്തു് ഉറവായി പൊട്ടിവരാറുണ്ടു്. ഇതിനു സാമാന്യത്തിലധികം ചൂടുണ്ടായിരിക്കും.

ഭൂമി ഒരു വലിയ പാറയാണെങ്കിലും അതിന്റെ മേൽഭാഗം സമതലമായിട്ടല്ലാ കാണപ്പെടുന്നതു്. കുന്നും, കുഴിയും, ചരിവും മററുംകൊണ്ടു് അ

വിടം നിറഞ്ഞിരിക്കുന്നു. ചിലേടത്തു് അത്യുന്നതമായ പർവതങ്ങളും മററു ചിലേടത്തു് അത്യഗാധമായ കയങ്ങളും കാണ്മാനുണ്ടല്ലൊ. ഈ വിവിധ സ്വഭാവം ഭൂമിക്കു് എങ്ങനെയുണ്ടായിയെന്നു് അന്വേഷണം നടത്തിയതിൻെറ ഫലമായി ചില സംഗതികൾ വെളിവായിട്ടുണ്ടു്. കുന്നും കുഴിയുമായുള്ള നിമ്നോന്നതാവസ്ഥ ഒരു യാദൃച്ഛികാസംഭവമല്ല, ചില ഗംഭീരശക്തികളുടെ നിരന്തരപ്രവൎത്തനംകൊണ്ടാണു ഭൂപ്രകൃതിക്കു മാററം ഉണ്ടായിക്കൊണ്ടിരിക്കുന്നതു്. ഇതിൻെറ സൂക്ഷ്മസ്ഥിതി ഗ്രഹിക്കുന്നതിനു വൈഷമ്യം കൂടുതലുണ്ടു്. മാററം ഇന്നോ ഇന്നലയോ പെട്ടെന്നുണ്ടായതല്ലാ. ലക്ഷോപലക്ഷം സംവത്സരത്തെ ജീവിതദശയാണു് ഭൂമിക്കുള്ളതു്. ഒരു ചെറുചെടിയുടെ അല്പായുസ്സിനിടയ്ക്കുണ്ടാകാവുന്ന ജനനം, വളൎച്ച, മരണം മുതലായ മാററങ്ങൾപോലും എപ്പോൾ എങ്ങനെയുണ്ടായി എന്നു നമുക്കു ഗ്രഹിപ്പാൻ എളുപ്പമാണൊ? പിന്നെ ഭൂമിയുടെ കഥ പറവാനുണ്ടൊ? ലക്ഷം വയസ്സ് എന്നു നാം ഗണിക്കാറുള്ള കാലം ഭൂമിയെപ്പററി ഗാഢമായി ചിന്തിക്കുന്ന പക്ഷം അതിൻെറ ഒരു വയസ്സെന്നേ കണക്കുകൂട്ടാനുള്ളു. അപ്പോൾ ലക്ഷോപലക്ഷം നീണ്ടുനീണ്ട ആയുസ്സിനിടയിൽ എന്തെല്ലാം മാററങ്ങൾ ഭൂമിക്കുണ്ടായി എന്നു ഗ്രഹിക്കുന്നതു ലഘുസാദ്ധ്യമല്ലല്ലൊ. പക്ഷെ ഭൂഖണ്ഡങ്ങൾക്കുപോലും മാററം വന്നിരുന്നേക്കാം. ഒരു കാലത്തു കടൽ കിടന്നിടത്തു് ഇപ്പോൾ കരയും മുൻപു നാടായിക്കിടന്നിടത്തു് ഇപ്പോൾ കടലും മാറി വന്നിരിക്കാം. അത്യുന്നതങ്ങളായിരിക്കുന്ന ഹിമാലയനിരകൾ സ്ഥിതി ചെയ്യുന്നിടത്തു് ഒരു കാലത്തു് അത്യഗാധമായ ഒരു കടൽ കിടന്നിരുന്നതായി ഊഹിക്കപ്പെട്ടിരിക്കുന്നു. നമ്മുടെ തിരുവിതാംകൂർ ഉൾപ്പെട്ട ഇൻഡ്യാസാമ്രാജ്യവും, സിലോണും ആഫ്രിക്കയും ആകെക്കൂടിച്ചേൎന്നു് ഒരു വൻകരയായിരുന്നിരിക്കാമെന്നും ഇടയ്ക്കു് എന്തോ കാരണവശാൽ ഭൂമി താണു സമുദ്രം കയറി ഇവ വേർപെടുത്തപ്പെട്ടുപോയതാണെന്നുള്ള അഭിപ്രായവും പുറപ്പെട്ടുവിച്ചിട്ടുണ്ടു്.

ഇന്നപ്പോൾ ഇന്ന മാററം ഭൂമിക്കുണ്ടായി എന്നു പറയുന്നതു സാദ്ധ്യമല്ലാത്തതാണെങ്കിലും ഭൂമിയിൽ സദാ മാററങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്നൂഹിക്കുന്നതിനു പല ന്യായങ്ങൾ സ്വീകാൎയ്യങ്ങളായി ഭവിക്കുന്നു.

ഭൂമിയുടെ ഉപരിഭാഗം സാമാന്യമായി തണുത്തും ഉള്ളിലോട്ടു പോകുംതോറും ചൂടു കൂടിക്കൂടി വരുന്നുവെന്നും പറഞ്ഞല്ലൊ. നെടുമങ്ങാട്ടു താലൂക്കിൽ വെള്ളനാടെന്ന സ്ഥലത്തു കുറച്ചുമുൻപ് ഒരു ഈയ്യമണ്ണുഖനി ഉണ്ടായിരുന്നു. ആ ഖനിയിൽ വേലചെയ്തിരുന്നവൎക്കും അതു സന്ദൎശിക്കാൻ പോയവൎക്കും ഇതിൻെറ സൂക്ഷ്മസ്ഥിതി അനുഭവപ്പെട്ടിട്ടുണ്ടു്. ചൂടിൻെറ നിലയെ അളന്നുനോക്കിയതിൽ അൻപതടി താഴ്ചയ്ക്കു് ഒരു ഡിഗ്രി വീതം ഉഷ്ണമാനയന്ത്രത്തിൽ കൂടുന്നുവെന്നു പ്രത്യക്ഷപ്പെട്ടിരിക്കുന്നു. ഉദ്ദേ

ശം രണ്ടുമൈൽ കീഴ്പ്പോട്ടു പോയാൽ നാം ഇവിടെ വിറകെരിച്ചും മററുമുണ്ടാകുന്ന ചൂടിനേക്കാൾ കൂടുതൽ ചൂട് അവിടെ ഉണ്ടായിരിക്കുന്നതാണു്. മുപ്പതു മൈൽ കീഴ്പ്പോട്ടു ചെന്നാൽ ചൂടിൻെറ ആധിക്യംകൊണ്ടു പാറ ഉരുകി ദ്രവസാധനമായിത്തീരുന്നു. ഈ ഉരുകിയ പാറയും ലോഹങ്ങളും ചിലേടത്തു ചിലപ്പോൾ അഗ്നിപർവ്വതങ്ങളായി പൊട്ടി മേല്പോട്ടു പൊങ്ങി ഭൂതലത്തിൽ പൊക്കത്തിൽ തെറിച്ചുവീഴാറുണ്ടു്. ഉപരിതലത്തിലെ ശീതോഷ്ണസ്ഥിതിതന്നെ വളരെ മാറിയിരിക്കുന്നു. പണ്ടുപണ്ട് അതായതു ലക്ഷോപിലക്ഷം സംവത്സരങ്ങൾക്കു മുൻപു ഭൂമി ആകപ്പാടെ ഒരു അഗ്നിഗോളമായിരുന്നിരിക്കാം. ഉപരിതലത്തിൽ തന്നെയും ജലാശയങ്ങളൊ വൃക്ഷങ്ങളൊ മൃഗങ്ങളൊ മനുഷ്യരൊ ഇല്ലാതെ ചുട്ടുപഴുത്ത വെറും ശൂന്യപ്രദേശമായിരുന്നിരിക്കാം. വളരെക്കാലം കൊണ്ടു് ഉപരിതലം ക്രമേണ ചൂടു കുറഞ്ഞുകുറഞ്ഞു മിക്കവാറും തണുത്ത പാറയായി ഇപ്പോഴത്തെ നിലയിൽ എത്തിയതായിരിക്കാം.

ഉപരിതലത്തിലുള്ള വെള്ളവും മണ്ണും നീക്കിക്കളഞ്ഞാൽ ആകെ ശേഷിക്കുന്ന ഭൂഭാഗം ഒരു വലിയ പാറയാണെന്നു പറഞ്ഞുവല്ലൊ. ഇതു നിരപ്പില്ലാതെ പൊന്തിയും താണും വളഞ്ഞും പിരിഞ്ഞും ഭിന്നരൂപങ്ങളിലാണു കിടക്കുന്നതു്. ഈ നിമ്നോന്നതാവസ്ഥ വന്നുകൂടുന്നതിനു പല കാരണങ്ങൾ ഉണ്ടു്. ചില ഗംഭീരശക്തികൾ ഭൂമിയെ സദാ ചലിപ്പിച്ചുകൊണ്ടിരിക്കുന്നു. ഈ ശക്തികളെ രണ്ടായി ഗണിക്കാം. ഒന്നു ഭൂമിയുടെ അന്തർഭാഗത്തു ചലനം ഉണ്ടാക്കുന്നവ; മററതു് ഉപരിതലത്തിൽ മാററം വരുത്തിക്കൊണ്ടിരിക്കുന്നവ.

ഭൂമിയുടെ അന്തർഭാഗം സദാ വൻചൂടോടുകൂടിയിരിക്കുന്നു. ഈ ചൂടാണു ഭൂചലനത്തിനു നിദാനമാകുന്നതു്. ഭൂമിയുടെ ബഹിർഭാഗത്തു് അതിനെ ആവരണം ചെയ്തിരിക്കുന്ന ആകാശവായു സദാ ചലിച്ചുകൊണ്ടിരിക്കുന്നുവെന്നുള്ളതു നമുക്കു അനുഭവമാണല്ലൊ. വായുവിൻെറ ചലനത്തിനാണു കാററു് എന്നു പറയപ്പെടുന്നതു്. കാററുണ്ടാകുന്നതു വായുവിലുള്ള ചൂടിൻെറ കൂടുതൽകുറവുകൊണ്ടാണെന്നും നമുക്കൂഹിക്കാം. ഒരു സ്ഥലത്തുള്ള വായുവിനു ചൂടു് അധികമാകുമ്പോൾ അതിനു ഘനം കുറയുകയും തന്നിമിത്തം മേല്പോട്ടു പൊങ്ങുകയും ചെയ്യുന്നു. അപ്പോൾ ഈ ഒഴിഞ്ഞ സ്ഥലം പ്രാപിക്കാനായി അടുത്തുള്ള ചൂടുകുറഞ്ഞവായു അവിടേക്കു് ഒഴുകുന്നു. ഈ ഒഴുക്കു വായുവിൽ സദാപി ഉണ്ടായിക്കൊണ്ടിരിക്കുന്നുവെങ്കിലും അതിനു ശക്തികൂടുമ്പൊഴെ നമുക്കു് അനുഭവമാകയുള്ളു. നമ്മുടെ സംസ്ഥാനത്തു ഏകദേശം രാവിലെ 11 മണിവരെ സാധാരണയായി കാററു വീശുന്നുണ്ടെന്നു പ്രത്യക്ഷപ്പെടുന്നില്ല. വളരെ സൂക്ഷ്മതയോടുകൂടി ശ്രദ്ധി

ച്ചാൽ മന്ദഗതിയായിട്ടാണെങ്കിലും കാററു സദാ വീശിക്കൊണ്ടിരിക്കുന്നവെന്നറിയാം. എന്നാൽ 11 മണിയാകുമ്പോൾ തെക്കുപടിഞ്ഞാറുനിന്നു പുറപ്പെടുന്ന കാററു ശക്തിയോടുകൂടി നമ്മെ സ്പർശിച്ചു് ആരും ശ്രദ്ധിച്ചില്ലെങ്കിലും അതുണ്ടെന്നു നമ്മെ അനുഭവപ്പെടുത്തിത്തരുന്നു. ഇതേകാരണം കൊണ്ടുതന്നെ—അതായതു ചൂടിൻെറ കൂടുതൽ കുറവുകൊണ്ടു—സമുദ്രത്തിലും ഒഴുക്കുണ്ടാകുന്നു. വായുവിലും ജലത്തിലും ചൂടുനിമിത്തം പ്രവാഹം ഉണ്ടാകുന്നതുപോലെ തന്നെയാണു ഭൂമിക്കുള്ളിലും ചൂടുകൊണ്ടു ചലനം ഉണ്ടാകുന്നതു്. ഭൂമിയുടെ അന്തർഭാഗം ചുട്ടുപഴുത്തു കിടക്കയാണല്ലോ. അവിടെയുള്ള സാധനങ്ങൾ അതുനിമിത്തം ദ്രവരൂപത്തിലൊ (ജലം) ബാഷ്പരൂപത്തിലൊ (ആവി) ആയിരിക്കും സ്ഥിതിചെയ്യുന്നതു്. എന്നാൽ ചൂട് എല്ലായ്പ്പോഴും എല്ലായിടത്തും ഒരേ നിലയിൽ ഇരിക്കുന്നില്ല. അല്പമായ കൂടുതൽകുറവ് ഇതിന് എപ്പോഴും ഉള്ളതാണ്. ഉഷ്ണാധിക്യത്തിലും അല്പാല്പവ്യത്യാസം ഉള്ളതുകൊണ്ടു ദ്രവങ്ങളും ബാഷ്പങ്ങളും ചലിച്ചുകൊണ്ടുതന്നെയിരിക്കുന്നു. പക്ഷെ നിസ്സാരമായുള്ള അന്തർഭാഗചലനങ്ങൾ നമുക്ക് അനുഭവമാകുന്നില്ലെന്നേയുള്ളു. ചിലപ്പോൾ കാററ് അതിൻെറ സാധാരണമന്ദഗതി വിട്ടു കൊടുങ്കാററായി പരിണമിക്കാറുള്ളതുപോലെ ഭൂഗർഭത്തിലെ ചലനവും മന്ദഗതിയിൽനിന്ന് അതിശക്തിയായ ഗതിയായി പരിണമിക്കാറുണ്ടു്. ഇങ്ങനെ സംഭവിക്കുന്ന കാലത്തു ഭൂമിയുടെ ചലനം നമുക്ക് അനുഭവിക്കാൻ ഇടവരുന്നു. ഇതാണു ഭൂകമ്പം. കൊടുങ്കാററുകൊണ്ടു പല നാശങ്ങൾ ഉണ്ടാകാറുള്ളതുപോലെ ഭൂകമ്പവും നാശകരമായി ഭവിക്കുന്നുണ്ടു്. കഴിഞ്ഞ ഏതാനും മാസങ്ങൾക്കുള്ളിൽ ഭൂമിയിൽ പല ഭാഗങ്ങളിലും ഭൂകമ്പം ഉണ്ടാകയും അതു വലിയ നാശങ്ങൾക്കു കാരണമാകയും ചെയ്തിട്ടുണ്ടെന്നു മിക്കപേരും അറിഞ്ഞിരിക്കുമല്ലൊ. നമുക്ക് അനുഭവസിദ്ധമായി ഭവിക്കുന്നില്ലെങ്കിലും ഭൂകമ്പം ഭൂമിയുടെ ചില ഭാഗത്തു് ആണ്ടുതോറും ഉണ്ടാകാറുണ്ടു്. ഇതു കടലോടു തൊട്ടുകിടക്കുന്ന പൊക്കം കൂടിയ മലകളിലാണ് അധികമായി കാണപ്പെടുന്നതു്. അപൂർവ്വമായി ഭൂകമ്പം അതിശക്തിയോടുകൂടി പ്രത്യക്ഷപ്പെട്ടു ഭൂമിയെ ആകെ കുലുക്കി വിറപ്പിച്ചു വലിയ മാററങ്ങൾ ഭൂപ്രകൃതിയിൽ വരുത്തുന്നതായും അറിയാം. ചിലപ്പോൾ പർവ്വതങ്ങൾ ഇടിഞ്ഞു താണു സമുദ്രത്തിനടിയിൽ ആണ്ടുപോകുന്നതിനും കടലുണ്ടായിരുന്നിടത്തു വൻകരകൾ പൊങ്ങിവരുന്നതിനും ഭൂകമ്പം കാരണമാകാറുണ്ടു്. അതിനാൽ ഭൂമിയുടെ ഉപരിഭാഗം സമതലമല്ലാതെ നിമ്നോന്നതാവസ്ഥയിൽ കാണുന്നതു ഭൂഗർഭത്തിലെ ഗൂഢശക്തിയുടെ പ്രയോഗം കൊണ്ടാണെന്നൂഹിക്കാവുന്നതാണല്ലോ. ഇപ്പോൾ കാണുന്ന അവസ്ഥാഭേദങ്ങൾ നൂറൊ, ആയിരമൊ, പതിനായിരമൊ കൊല്ലങ്ങൾ കൊണ്ടുണ്ടായിട്ടുള്ളതല്ലാ. ഭൂമിയുടെ ആദിമദശ തുടങ്ങി ലക്ഷോപിലക്ഷം വ

ത്സരങ്ങൾ കഴിഞ്ഞതിനിടയ്ക്കു് ഇടവിട്ടിടവിട്ട പല സന്ദർഭങ്ങളിലായി ഇവ വന്നുകൂടിയിട്ടുള്ളതാകുന്നു.

ഇതിനുപുറമെ ഭൂപ്രകൃതിയെ മാററി മറിച്ചുകൊണ്ടിരിക്കുന്നതിന് ഉപരിഭാഗത്തും ചില ശക്തികൾ സഹായമായി ഭവിക്കുന്നു. ഭൂമി ആകെ ഒരു വൻപാറയാണെന്നു പറഞ്ഞുവല്ലൊ. എന്നാൽ ഈ വൻപാറ ഭൂമിയുടെ ഉള്ളിലാണു കിടക്കുന്നതു്. അതിനെ പൊതിഞ്ഞു മണ്ണും, ചെളിയും മണലും നമുക്കു ഗോചരമാകുന്നുണ്ടു്. വലിയ സമുദ്രങ്ങളുടെ അടിത്തട്ടിൽപോലും ഈ വക അട്ടിയട്ടിയായി കിടക്കുന്നു. സൂക്ഷ്മം ആലോചിച്ചാൽ ഈ മണ്ണും, ചെളിയും, മണലുമെല്ലാം ആദിമഭൂമിയുടെ ഉപരിതലത്തിലുണ്ടായിരുന്ന പാറപ്പുറങ്ങളിൽനിന്നുതടവിച്ചുവ തന്നെ. പാറപ്പുറത്തെ മററു രൂപാന്തരങ്ങളിലാക്കി ചമയ്ക്കുന്നതിനു ചില ശക്തികൾ പ്രായോഗികമാകുന്നു.

ഈ ശക്തികൾ സൂൎയ്യന്റെ ചൂട്ടും ആകാശവായുവിന്റെ സമ്മൎദ്ദവും അപ്പഴപ്പോൾ ഉണ്ടാകുന്ന മഴയുമാകുന്നു. കുന്നുംപുറങ്ങളിൽ താമസിക്കുന്നവൎക്കു് ഇതു ഗ്രഹിപ്പാൻ പ്രയാസമില്ല. ഒരു കൊല്ലം അല്പം ശ്രദ്ധിച്ചാൽ മതി. ഓരോ മാസത്തിലും ഒന്നാം തിയ്യതി മുററത്തിറങ്ങി മണ്ണിൽ ചവുട്ടുമ്പോളുള്ള സ്പൎശനഫലം രേഖപ്പെടുത്തുക. കൎക്കടകമാസത്തിലെ മഴ കഴിഞ്ഞു ചിങ്ങം ഒന്നാം തിയ്യതി മുററത്തു ചവുട്ടുമ്പോൾ കാലിൽ എന്തോ ചെറുമുള്ളുകൾ തറയ്ക്കുന്നതുപോലെ തോന്നും. ചിങ്ങത്തിലെ പ്രകാശം കഴിഞ്ഞു കന്നി ഒന്നാം തിയ്യതി ശ്രദ്ധിച്ചാൽ ഒരു മാസത്തിനു മുമ്പുണ്ടായിരുന്ന ചില്ലറ അസുഖം കാലിനുണ്ടായിരിക്കയില്ല. തുലാവൎഷം കഴിഞ്ഞു വൃശ്ചികം ഒന്നാം തിയ്യതിയാകുമ്പോൾ വീണ്ടും ചെറുമുള്ളുകളുടെ ഓൎമ്മ വരും. ഈ വ്യത്യാസത്തിനു കാരണം മുററത്തെ മണ്ണിനുണ്ടായ മാററങ്ങളല്ലാതെ മററൊന്നുമായിരിക്കാൻ ഇടയില്ലല്ലൊ. മണ്ണിൽ ഒരുഭാഗം ചെറുപൊടികളാണു്. ഇവ കാലവൎഷംകൊണ്ടു കൎക്കടകത്തിലും തുലാവൎഷംകൊണ്ടു തുലാത്തിലും മഴവെള്ളത്തോടുകൂടി ഒലിച്ചുപോകയും മണ്ണിന്റെ മറെറാരംശമായ മണൽത്തരികൾ കൂൎത്തുനില്ക്കയും ചെയ്യുതുകൊണ്ടാണു കാലിൽ ചെറുമുള്ളു തറച്ചതുപോലെ തോന്നുന്നതു്. വേനൽക്കാലത്തു് ഈ മണൽത്തരികൾക്കും വലിയ മാററം വരുന്നു. ഇവയുടെ കൂൎത്ത അററം സൂൎയ്യന്റെ ചൂടും വായുസ്പൎശവും കൊണ്ടു് ഇരുമ്പിലെ തുരുമ്പുപോലെ പൊടിഞ്ഞുപോകുന്നു. വൎഷകാലത്തു വീണ്ടും ഈ പൊടി, മഴവെള്ളത്തോടുകൂടി ഒലിച്ചുപോകയും ശേഷിച്ച മണൽത്തരികളുടെ അററം കൂൎത്തുവരികയും ചെയ്യുന്നു. കുന്നിൻപുറത്തുള്ള ചരിവിൽകൂടി വെള്ളം ഒലിച്ചുപോകുന്ന ചാലുകളെ സൂക്ഷിച്ചുനോക്കിയാൽ ഒരു കൊല്ലത്തിനിടയ്ക്കു് അവയിൽ വലിയ മാററം വന്നിട്ടുള്ളതായി കാണാം. ചാലിന്റെ ത

ടത്തിലുള്ള മണൽത്തരികൾ വേനലിൽ വെയിലും കാററും കൊണ്ടു പൊടിഞ്ഞുപോകയും വൎഷകാലത്തു മഴവെള്ളത്തോടുകൂടി പൊടി ഒലിച്ചുപോകയും ചെയ്യുന്നതിനാൽ ചാലുകളുടെ തടങ്ങളും കരയും നിരപ്പില്ലാതെ കൂൎത്ത കല്ലുകളോടും കുഴികളോടും ഇടകലൎന്നു കിടക്കുന്നു. വൎഷകാലത്തു പെയ്യാറുള്ള മഴവെള്ളത്തോടുകൂടി ഒലിച്ചുപോകുന്ന പൊടിയുടെ ഗതിയെ സൂക്ഷിച്ചുനോക്കിയാൽ അതു ചരിവുകഴിഞ്ഞു നിരപ്പുഭൂമിയിൽ എത്തുന്നിടത്തു വന്നടിഞ്ഞു കിടക്കുന്നതായി കാണാം. പൊക്കമുള്ള പൎവ്വതശിഖരങ്ങളിൽ കാണുന്ന പാറക്കെട്ടുകൾ ഭൂമിയുടെ അന്തർഭാഗത്തുള്ള ആദിമപാറയുടെ ചിനപ്പുകളാണ്. ഈ പാറക്കെട്ടുകളുടെ ഉപരിഭാഗം ഉഷ്ണകാലത്തു വെയിലും കാററുംകൊണ്ടു പൊടിഞ്ഞിളകി അവയെ പററിപ്പിടിച്ചുകിടക്കുന്നു. അടുത്ത വൎഷകാലത്തു് ഈ പൊടി, മഴവെള്ളത്തിൽ കലങ്ങി ചാലുകൾ വഴി കീഴ്പോട്ടൊഴുകി സമതലത്തിൽ എത്തി അവിടെ അടിയുന്നതിനിടവരുന്നു. മലകളിൽനിന്നും പുറപ്പെട്ടുവരുന്ന ഈ ചാലുകൾ തമ്മിൽ ചേൎന്നു ചേൎന്നു വലുതായി വലുതായി ഒടുവിൽ നദികളായിത്തീരുന്നു. നമ്മുടെ കിഴക്കൻ സഹ്യപൎവ്വതകൊടുമുടികളിലെ പാറപൊടിഞ്ഞു, ചാലുകളും ആറുകളും വഴി പടിഞ്ഞാറോട്ടൊഴുകി സമുദ്രക്കരയ്ക്കടുത്തുള്ള സമതലത്തിൽ ചെന്നടിഞ്ഞാണു കുട്ടനാടു മുതലായ ഭാഗങ്ങൾ ചെളിപ്രദേശങ്ങളായി പരിണമിച്ചിട്ടുള്ളതു്. ഇതേമാതിരിയിൽത്തന്നെ സദാ ലോകത്തു് എവിടേയും മലകളിലും സമതലങ്ങളിലും മാററം സംഭവിച്ചുകൊണ്ടിരിക്കുന്നു. ഹിമാലയാ മുതലായ അത്യുന്നതപൎവ്വതങ്ങളിൽ കിടക്കുന്ന പാറ വേനലിൽ സൂൎയ്യരശ്മി ഏററും വായുസ്പൎശം കൊണ്ടും പൊടിഞ്ഞിളകി വൎഷത്തിൽ മഴവെള്ളത്തിൽ കലൎന്നു ഗംഗാനദി മുതലായ ആറുകളിൽകൂടി, ബഹുദൂരം സഞ്ചരിച്ചു നദീമുഖങ്ങളിൽ എത്തി അവിടെ കൂടിക്കൂടി ചെളിയായി കെട്ടിനില്ക്കുന്നു. ഈ ചെളി ക്രമേണ പൊങ്ങിപ്പൊങ്ങിവന്ന് ആറുകളുടെ ഗതിയെ തടയുകനിമിത്തമാണ് അവ കൈവഴികളായി പിരിഞ്ഞു, വന്നവഴി വിട്ടു സൗകൎയ്യമുള്ള മററു മാൎഗ്ഗങ്ങളിൽ കൂടി സമുദ്രത്തിൽ പതിക്കുന്നതു്. ഇങ്ങനെയുണ്ടാകുന്ന കൈവഴികളുടെ ഇടയ്ക്കുള്ള നദീമുഖങ്ങളിലെ ചെളിപ്രദേശമാണു ഡൽട്ടാ എന്നു വിളിക്കുന്ന ത്രികോണസ്ഥലം.

ഇവിടത്തെ ചെളി വളരെ ദൂരത്തിലുള്ള പൎവ്വതങ്ങളിലെ പാറയിൽനിന്നുണ്ടായതാണ്. വർഷകാലത്തു മലകളിൽനിന്നും പൊടി കലക്കി ഒഴുക്കിക്കൊണ്ടുവരുന്നതിനിടയ്ക്കു ചിലപ്പോൾ ആറിന്റെ ഒഴുക്കു, മാൎഗ്ഗമദ്ധ്യേയുള്ള ചെറുപാറക്കൂട്ടങ്ങളുടെ അടിവാരത്തുകൂടിയായിരിക്കും. ഇങ്ങനെ സംഭവിക്കുമ്പോൾ ഒഴുക്കിനെ തടഞ്ഞ പാറക്കൂട്ടങ്ങളുടെ ചുവട്ടിൽ മണ്ണുണ്ടെങ്കിൽ അവയെ ആറു കലക്കിക്കളയുമെന്നുള്ളതിനാൽ അടിയുറപ്പില്ലാത്ത പാറ മറിഞ്ഞുവീഴുകയും ഒഴുക്കിന്റെ ശക്തികൊണ്ടു നദീതടത്തിൽ കൂടി ഉരുണ്ടുരു

ണ്ടു ചെന്നു് അല്പം അകലെയായി സൗകൎയ്യമുള്ള മറെറാരിടത്തു സ്ഥാനമുറപ്പിക്കയും ചെയ്യും. ഇപ്രകാരം പൊടിഞ്ഞും പൊടിയാതേയും പൎവ്വതമുകളിലുള്ള പാറകൾക്കു സ്ഥാനഭ്രംശം ഉണ്ടാകുന്നു.

അത്യുഷ്ണമായ സൂൎയ്യരശ്മിമൂലം സംഭവിക്കുന്ന മേൽ വിവരിച്ച മാററങ്ങൾക്കു പുറമെ മഞ്ഞുകാലത്തെ അതിശീതവും പൎവ്വതങ്ങളുടെ സ്ഥാനഭ്രംശത്തിനു കാരണമാകുന്നു. പാറയിൽ അടങ്ങിയിരിക്കുന്ന ചുണ്ണാമ്പു കലൎന്നുള്ള ഒരു വക ഉപ്പു് അമ്ലരസമുള്ള വെള്ളത്തിൽ ലയിക്കുന്നു. വൎഷകാലത്തു വിശേഷിച്ചും പുതുമഴയോടുകൂടി ഭൂമിയിൽ പതിക്കുന്ന മഴവെള്ളത്തിൽ അല്പം അമ്ലരസം ഉണ്ടു്. ഇതു പാറയെ സ്പൎശിക്കുമ്പോൾ അതിലെ മെല്ലറഞ്ഞ ഭാഗം മഴവെള്ളത്തിൽ അലിയുകയും തന്നിമിത്തം ചില ചെറിയ സുഷിരങ്ങൾ പാറയിൽ ഉണ്ടാകയും ചെയ്യുന്നു. ചില അവസരങ്ങളിൽ ഈ വക സുഷിരം പാറയ്ക്കുള്ളിൽ വളരെ ദൂരം ചെല്ലുന്ന ഒരുവക കുഴലായിത്തീരുന്നു. ഈ കുഴലുകൾ വഴി മഴവെള്ളം പാറയ്ക്കുള്ളിൽ കടന്നു സൗകൎയ്യം കിട്ടുന്നിടത്തു കെട്ടിനില്ക്കുന്നു. ശൈത്യകാലത്തു് ഉള്ളിൽ കെട്ടിനില്ക്കുന്ന വെള്ളം രൂപം മാറി മഞ്ഞുകട്ടിയായി ഭവിക്കുന്നു. മഞ്ഞുകട്ടിക്കു വെള്ളത്തിനേക്കാൾ വ്യാസം കൂടുന്നതിനാലും അതിന്നു് അപ്പോൾ സ്ഥിതിചെയ്യുന്നതിനു വേണ്ട സ്ഥലം അവിടെ ഇല്ലാത്തതിനാലും മഞ്ഞുകട്ടിയുടെ വീൎപ്പിനുള്ള ശക്തിനിമിത്തം പാറ പൊട്ടിത്തെറിച്ചുപോകുന്നു. ഭൂമിയിൽ പലയിടത്തും ഇപ്പോൾ കാണുന്ന വലിയ പാറകൾ ആദിമപാറയിൽനിന്നും ഇങ്ങനെ പൊട്ടിത്തെറിച്ചു മാറിയിട്ടുള്ളതാണു്.

ആകെ ചുരുക്കിപ്പറയുന്നപക്ഷം ഭൂമി ഒരു വലിയ പാറയാണെന്നും അതിന്റെ ഉപരിഭാഗത്തിനു സദാ മാററം ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്നും നമുക്കു് ഊഹിക്കാം. മാററത്തിനു കാരണങ്ങൾ അന്തൎഭാഗത്തിലെ ചൂടിന്റെ കൂടുതൽകുറവുകൊണ്ടുണ്ടാകാവുന്ന ഭൂകമ്പം മുതലായ ആഭ്യന്തരശക്തികളുടെയും ഉപരിതലത്തിൽ സൂൎയ്യരശ്മി, വായു, മഴ, മഞ്ഞു മുതലായ ബാഹ്യശക്തികളുടേയും നിരന്തരമായ പ്രവൃത്തികളാണെന്നും അനുമാനിക്കാവുന്നതാണു്.